# ബ്രിട്ടനിലെ കറുത്ത ചേരികൾ

4566

GRANTHA SALA
REG. No: 3273
VENGANOOR P.O.
KIDARAKUZHY

എഡ്ജർ ചെപ്പൊറോവ്

# ബ്രിട്ടനിലെ
# കറുത്ത ചേരികൾ

4566

എഡ്ജർ ചെപ്പൊറോവ്

JAWAHAR SMARAKA GRANDHA SALA
REG. NO: 3273
VENGANOOR P.O.
KIDARAKUZHY

ഉമ പബ്ലിക്കേഷൻസ്
മദിരാശി-600018

ഒന്നാംപതിപ്പ്: ഡിസംബർ, 1987
പകർപ്പവകാശം

വില: രൂ. 8–00

അച്ചടി:
ജനതാ പ്രസ്സ്, മദിരാശി–600014

## ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| | മുഖവുര | ... | 5 |
| I. | ''വെള്ളക്കാർ മാത്രം'' | ... | 10 |
| II. | യാഥാസ്ഥിതികരുടെ വംശീയ ''തുരുപ്പുകൾ'' | ... | 21 |
| III. | പുത്തൻ–നാസി ഭീകരത | ... | 38 |
| IV. | പോലീസ് | ... | 49 |
| V. | വംശമേൻമാവാദത്തിന്ന് പരസ്യം | ... | 60 |

# മുഖവുര

ബ്രിട്ടനിൽ പല കൊല്ലം ഒരു പത്രലേഖകനായി ഞാൻ ജോലിചെയ്തിട്ടുണ്ട്. ഇന്നത്തെ ബ്രിട്ടീഷ് ജീവിതരീതിയുടെ ഏററവും സവിശേഷമായ ലക്ഷണങ്ങളിലൊന്നായിരിക്കുന്ന വംശീയ പ്രതിസന്ധി എന്ന് എനിക്ക് ഉറപ്പിച്ച് പറയാൻ കഴിയും. വംശീയ പീഢനത്തിന്നെതിരായ പല പ്രകടനങ്ങൾ ഞാൻ നേരിട്ട് കണ്ടിട്ടുണ്ട്. നാഷനൽ ഫ്രണ്ട് എന്ന് പറയുന്ന സംഘടനയിലെ അംഗങ്ങൾ കുടിയേററക്കാർ താമസിക്കുന്ന പ്രദേശങ്ങൾ കൊള്ളയടിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിന്നുമുമ്പിൽ വെള്ളക്കാരെക്കാൾ എത്രയോ കൂടുതൽ വെള്ളക്കാരല്ലാത്തവർ ക്യൂ നിൽക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്.

ബ്രിട്ടനിലേക്ക് കുടിയേററം ആരംഭിച്ചത് 1950-കളിലാണ്. ബ്രിട്ടനിൽ സാമ്പത്തികരംഗത്ത് പെട്ടെന്നൊരു കുതിച്ചുചാട്ടം ഉണ്ടായകാലത്ത്. ഇത് അധികം നീണ്ടുനിന്നില്ല. പക്ഷേ അക്കാലത്ത് തൊഴിലാളികളുടെ ദൗർല്ലഭ്യം അനുഭവപ്പെട്ടിരുന്നു. രണ്ടാം ലോകയുദ്ധത്തിന്നുശേഷം, ബ്രിട്ടനിലെ മിക്ക ഫാക്ടറികളും മില്ലുകളും പഴയ യന്ത്രസാമഗ്രികൾ ഉപയോഗിച്ചാണ് പ്രവർത്തിച്ചിരുന്നതെങ്കിലും അവയിൽ പുതിയ യന്ത്രങ്ങൾ ഘടിപ്പിക്കേണ്ടെന്നാണ് ഉടമസ്ഥർ തീരുമാനിച്ചത്. തൊഴിലാളികളെ പുനപ്പരിശീലിപ്പിക്കേണ്ടെന്നും അവർ നിശ്ചയിച്ചു. പുനപ്പരിശീലിപ്പിച്ചാൽ തൊഴിലാളികൾക്ക് കൂടുതൽ വേതനം കൊടുക്കേണ്ടിവരുമല്ലൊ. തുടർന്ന് കുറഞ്ഞകൂലിക്ക് പണിയെടുക്കാനാളെ പുറമെനിന്ന് കൊണ്ടുവരാൻ തുടങ്ങി. പഴയ ബ്രിട്ടീഷ് കോളന

കളിൽനിന്നാണ് പണിക്കാരെ കൊണ്ടുവന്നത്. ഇന്ത്യക്കാരും പാക്കിസ്ഥാൻകാരും ഇങ്ങിനെ വന്നെത്തി. എന്നാൽ പെട്ടെന്നുള്ള സാമ്പത്തികാഭിവൃദ്ധിയുടെ കാലം കഴിഞ്ഞപ്പോൾ ബ്രിട്ടൻ സാമ്പത്തികനിശ്ചലതയുടെ ഒരവസ്ഥയിലും പിന്നെ ഒരു പ്രതിസന്ധിയിലും ചെന്നുപെട്ടു. തുടർന്ന് കുടിയേററക്കാരുടെ വരവ് കർശനമായി പരിമിതപ്പെടുത്തുന്ന ഒട്ടേറെ നിയമങ്ങൾ വന്നു. മാർഗരററ് താച്ചർ ബ്രിട്ടീഷ് പ്രധാനമന്ത്രിയായശേഷം വംശമേൻമാവാദം ബ്രിട്ടനിൽ ഒരു സ്റ്റേററ് നയമായിത്തീർന്നു.

കുടിയേററത്തിൻെറ ആദ്യത്തെ അല അവസാനിച്ചശേഷം, ബ്രിട്ടനിൽ ഇന്നുള്ള വെള്ളക്കാരല്ലാത്ത ജനങ്ങളിൽ പകുതിയോളം അവിടെതന്നെ ജനിച്ചവരാണ്. പക്ഷേ വെള്ളക്കാരല്ലാത്ത നാനാവർണ്ണജനസമൂഹം വെള്ളക്കാരുമായി ഉൽഗ്രഥിച്ചിട്ടില്ല. ഔദ്യോഗിക ബ്രിട്ടൻ വെള്ളക്കാരല്ലാത്തവർക്ക് അധമ ജോലികളൊഴിച്ച് വേറൊന്നും നൽകാൻ ഉദ്ദേശിക്കുന്നില്ല. അവരെ ''രണ്ടാംകിട പൗരൻമാർ'' ആയാണ് അത് കണക്കാക്കുന്നത്.

വംശീയവിവേചനം നിർമ്മാർജ്ജനം ചെയ്യുന്നതു സംബന്ധിച്ച യു. എൻ. കമ്മിററി ബ്രിട്ടനിലെ വംശീയന്യൂനപക്ഷങ്ങളുടെ പദവി സംബന്ധിച്ച സ്ഥിതിവിവരകണക്കുകൾ നൽകിക്കൊണ്ടുള്ള ബ്രിട്ടീഷ് പ്രതിനിധിസംഘത്തിൻെറ റിപ്പോർട്ട് ഈയിടെ ചർച്ച ചെയ്തു. ബ്രിട്ടനിലെ വംശീയബന്ധങ്ങൾ സമീപകാലത്തായി മോശമായിട്ടുണ്ടെന്ന് കമ്മിററിയിലെ പല അംഗങ്ങൾ ചൂണ്ടിക്കാട്ടി.

പശ്ചിമയൂറോപ്പിൽ ഫാസിസത്തിൻെറ പ്രകടരൂപങ്ങളേയും വംശീയവികാരങ്ങളുടെ വളർച്ചയേയും കുറിച്ച് അന്വേഷിച്ച യൂറോപ്യൻ പാർല്ലിമെണ്ട് കമ്മീഷൻ ബ്രസ്സൽസിൽ സമ്മേളിച്ചപ്പോൾ വംശീയവികാരങ്ങളും പുത്തൻ ഫാസിസത്തിൻെറ പ്രത്യയശാ

സ്ത്രവും വർഗ്ഗങ്ങളും ബ്രിട്ടനിൽ ആഴത്തിൽ വേരുറച്ചിരിക്കുന്നുവെന്ന നിഗമനത്തിലെത്തി. പാശ്ചാത്യ പ്രത്യയശാസ്ത്രകാരൻമാർ ''ക്ലാസ്സിക്കൽ'' ബൂർഷ്വാജനാധിപത്യരാജ്യമെന്ന് വിശേഷിപ്പിക്കുന്ന ബ്രിട്ടൻ അല്ലാതെയുള്ള മററു രാജ്യങ്ങളുടെയും സവിശേഷതയാണ് ഈ പ്രവണതയെന്ന് എടുത്തുപറയേണ്ടതില്ലല്ലൊ. ജർമ്മൻ ഫെഡറൽ റിപ്പബ്ലിക്ക്, ഫ്രാൻസ്, ബൽജിയം, നെതർലാണ്ട്സ് എന്നീ രാജ്യങ്ങളിലും വംശീയവിവേചനവും പുത്തൻ-ഫാസിസ്റ്റ് വികാരങ്ങളും വളരുകതന്നെയാണ്.

സോവിയററ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ (സി. പി. എസ്. യു.) 27-ാം കോൺഗ്രസ്സിൽ മിഖയിൽ ഗോർബച്ചേവ് ഇങ്ങിനെ ചൂണ്ടിക്കാട്ടി: ''മുതലാളിത്തലോകത്തിന്ന് അനുഭവപ്പെടുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും അതിൻെറ ഗർഭപാത്രത്തിൽനിന്ന് പിറവിയെടുക്കുന്നവയാണ് പഴയ സമൂഹത്തിൻെറ ശത്രുതാപരമായ ആഭ്യന്തരവൈരുദ്ധ്യങ്ങളുടെ സ്വാഭാവിക ഫലമാണവ. ഈ അർത്ഥത്തിൽ മുതലാളിത്തം അത് വികസിക്കുന്നതനുസരിച്ച് സ്വയം ഖണ്ഡിക്കുന്നു. മുതലാളിത്തവികസനത്തിൻെറ ക്ഷയോൻമുഖ ദശയുടെ രൂക്ഷമായ പ്രശ്നങ്ങൾ നേരിടാനാവാതെ സാമ്രാജ്യത്വരാജ്യങ്ങളുടെ ഭരണവർഗ്ഗം ചരിത്രം നശിക്കാൻ വിധിച്ചുകഴിഞ്ഞ സമൂഹത്തെ രക്ഷിക്കാൻ സ്പഷ്ടമായും അപ്രാപ്തമായ മാർഗ്ഗോപാധികൾ അവലംബിക്കുന്നു''. മുതലാളിത്തം കടന്നുപോകുന്ന സാമൂഹ്യ-രാഷ്ട്രീയ പ്രളയങ്ങളുടെ ഒരു ഫലമാണ് വംശീയ പ്രതിസന്ധി. മാറിക്കൊണ്ടിരിക്കുകയും പുതിയ സാഹചര്യങ്ങളോട് പൊരുത്തപ്പെടുകയും ചെയ്യുന്ന ഒരു രാഷ്ട്രീയ-പ്രത്യയ ശാസ്ത്ര വ്യവസ്ഥയെന്ന നിലയിൽ വംശമേൻമാവാദം പീഡനത്തിലധിഷ്ഠിതമായ സമൂഹത്തിൻെറ ഒരു സ്ഥിരാംശമാണ്.

വലിയ കോർപ്പറേഷനുകൾ വെള്ളക്കാരല്ലാത്തവരെ നിഷ്ഠൂരമായി ചൂഷണംചെയ്യുന്നു. ഏററവും വൃത്തികെട്ട ജോലികൾ ചെയ്യാനും ജോലിക്ക് ഏററവും കുറഞ്ഞ വേതനം സ്വീകരിക്കാനം അവർ നിർബ്ബന്ധിതരാകുന്നു. പല പശ്ചിമയൂറോപ്യൻ രാജ്യങ്ങളിലും ഇന്ന് പൊതുഗതാഗതരംഗത്തും ആസ്പത്രികളിലും മററു വൈദ്യ സേവനതുറകളിലും കഠിനമായ കായികാദ്ധ്വാനം ആവശ്യമായ ചില വ്യവസായങ്ങളിലും പണിയെടുക്കുന്നവരിൽ ഭൂരിഭാഗം വെള്ളക്കാരല്ലാത്തവരാണെന്ന വസ്തുത കണക്കിലെടുക്കുമ്പോൾ വംശീയവിവേചനത്തിൽനിന്ന് ഗണ്യമായ പ്രയോജനം ബൂർഷ്വാസിക്ക് ലഭിക്കുന്നതായികാണാം. ആ രാജ്യങ്ങളിൽ ഏററവും നിരാശ്രിതരും വിവേചനവിധേയരുമാകുന്ന ജനവിഭാഗം അവരാണ്.

വംശമേൻമാവാദം ഇങ്ങിനെ തലയെടുക്കുന്നതിന്ന് കാരണമെന്ത്? സർവ്വോപരി അതിന്ന് കാരണം ആഗോളസാമ്രാജ്യത്വ പ്രത്യയശാസ്ത്രത്തിൽ പിന്തിരിപ്പൻ പ്രവണതകൾ പൊതുവിൽ ഊർജ്ജിതപ്പെട്ടതും പാശ്ചാത്യലോകത്തിലെ രാഷ്ട്രീയാന്തരീക്ഷത്തിൽ പുത്തൻ-നാസി ഗ്രൂപ്പുകളും അവരുടെ ആശയങ്ങളും അധികതരമായ സ്വാധീനംചെലുത്തിയതുമാണ്. ജനാധിപത്യ സ്വാതന്ത്ര്യത്തെ അമർച്ചചെയ്യാനും കമ്മ്യൂണിസ്റ്റ്-തൊഴിലാളിവർഗ്ഗപ്രസ്ഥാനങ്ങൾക്കും വംശീയ ന്യൂനപക്ഷങ്ങൾക്കും എതിരെ ക്രൂരമായ മർദ്ദനം ഉപയോഗിക്കാനും വെമ്പുന്ന പുത്തൻ-ഫാസിസത്തിൻെറ മുഖ്യ പ്രചോദകശക്തികൾ വംശമേൻമാവാദവും കമ്മ്യൂണിസ വിരോധവുമത്രെ. വർഗ്ഗാധിഷ്ഠിതമായ നിലപാടുകൾ ഉപേക്ഷിച്ച് സങ്കുചിത ദേശീയവാദപരമായ നിലപാടുകൾ സ്വീകരിക്കുന്നതിന് അദ്ധ്വാനിക്കുന്ന ജനങ്ങളെ നിർബ്ബന്ധിതരാക്കുക, അവരിൽ ദേശീയാഹന്ത കുത്തിചെലുത്തുക, ദേശീയവും വംശീയവുമായ അവിശ്വാസവും ശത്രുതയും വിതക്കുക — ഇതൊക്കെയാണ് കമ്മ്യൂണി

സ വിരോധികളുടെ വംശീയ-മൂഢദേശാഭിമാനപ്രചരണത്തിന്റെ ലക്ഷ്യങ്ങളാം.

വംശമേൻമാവാദത്തിന്റെ വൈതാളികർ വംശീയ അസമത്വത്തിന്റെ ആശയങ്ങളെ നീതീകരിക്കാനുള്ള ശ്രമത്തിൽ ജനിതകം, മനശ്ശാസ്ത്രം തുടങ്ങിയ ആധുനിക ശാസ്ത്രരംഗങ്ങളിൽനിന്നുള്ള വിവരങ്ങളെ ദുർവ്യാഖ്യാനിച്ചവതരിപ്പിക്കുന്നു. മനുഷ്യന്റെ ''പ്രകൃതം'' വംശങ്ങളുടെ അസമത്വത്തെ ആരംഭത്തിലേ ''പൂർവ്വനിർണ്ണയം'' ചെയ്തതായി വംശീയ സിദ്ധാന്തങ്ങളാം വാദിക്കുന്നു. ദേശീയ ജനവിഭാഗങ്ങളുടെ വികസനത്തിൽ നിർണ്ണായകമായ ഒരു പങ്ക് ഇന്നത്തെ ലോകക്രമത്തിന്റെ മൂലശിലയായി വ്യാഖ്യാനിക്കപ്പെടുന്ന വംശീയ-നരവംശഘടകത്തിന്ന് കൽപിക്കുന്നു.

വംശീയ മുൻവിധികരംക്ക് ദീർഘകാലത്തെ പാരമ്പര്യങ്ങളുണ്ട്. ലോകജനസംഖ്യയിൽ ഭൂരിപക്ഷത്തിന്റെമേൽ കൊളോണിയലാധിപത്യം സ്ഥാപിച്ച ശേഷം യൂറോപ്പിലെ ബൂർഷ്വാസി, ലെനിൻ എഴുതിയപോലെ, ''പ്രപഞ്ചത്തിന്റെ കേന്ദ്രമായി സ്വയം നോക്കികണ്ട് പരിചയിച്ചിരുന്നു'' (വാള്യം 45, പേജ് 350). വെള്ളക്കാരനാവുക എന്നാൽ ഇതര വംശീയ വിഭാഗങ്ങളിൽപെട്ടവരുടെമേൽ വാഴ്ചനടത്താൻ തിരഞ്ഞെടുക്കപ്പെട്ടവർക്കുള്ള ''അവകാശം'' ഉണ്ടായിരിക്കുക എന്നർത്ഥം. കൊളോണിയലിസ കാലഘട്ടത്തിൽ രൂപംപൂണ്ട വംശീയ വീക്ഷണങ്ങളും സങ്കൽപങ്ങളും സിദ്ധാന്തങ്ങളും ബൂർഷ്വാ സമൂഹത്തിന്റെ മനസ്ഥിതിയേയും പ്രവർത്തനങ്ങളേയും തുടർന്ന് സ്വാധീനിക്കുന്നു. വെള്ളക്കാരല്ലാത്ത കുടിയേററക്കാരുടെ കാര്യത്തിൽ പശ്ചിമയൂറോപ്യൻ രാജ്യങ്ങളിൽ ഇപ്പോരം പ്രകടരൂപംപൂണ്ടിരിക്കുന്ന വംശമേൻമാവാദം നൂററാണ്ടുകളായി കൊളോണിയലിസം വളമിട്ടുകൊടുത്ത മണ്ണിൽ തഴച്ചുവളരുകയാണ്.

# I. "വെള്ളക്കാർ മാത്രം"

ബ്രിട്ടനിൽ ഒരിടത്തും ''വെള്ളക്കാർ മാത്രം'' എന്ന അടയാളം ഞാൻ കണ്ടിട്ടില്ല. പക്ഷേ വംശമേൻമാവാദത്തിൻെറ പ്രകടരൂപങ്ങൾ ഞാൻ സദാ കാണുകയുണ്ടായി.

ലണ്ടനിലെ ഒരു രക്തപ്പകർച്ചാകേന്ദ്രത്തിൽ ധാരാളം രക്തം സംഭരിച്ചുവെച്ചിരിക്കുന്നു. ''അത് ഏഷ്യക്കാരിൽനിന്നും കറുത്തവരിൽനിന്നും ഉള്ളതാണ്'' എന്നാണ് ഡോ. ടോം ക്ലെഗോർൺ വിശദീകരിച്ചത്. അവരുടെ രക്തം വേണ്ടെന്ന് പറയാൻ അദ്ദേഹത്തിന്ന് കഴിയുമായിരുന്നില്ല. എന്നാൽ രക്തപ്പകർച്ചക്കായി അത് ഉപയോഗിക്കാൻ അദ്ദേഹം തയ്യാറല്ല.

വംശീയ വിദ്വേഷം കുത്തിയിളക്കുന്നതവസാനിപ്പിക്കാൻ ബ്രിട്ടീഷ് ന്യായാസനങ്ങൾ ഒന്നും ചെയ്യുന്നില്ല. വംശമേൻമാവാദികൾ ഒരു ഇന്ത്യൻ വിദ്യാർത്ഥിയെ കൊന്നശേഷം പുത്തൻ-നാസി നാഷനൽ പാർട്ടിയുടെ ഒരു നേതാവായ ജോൺ കിംഗ്സ്ലീറീസ് പറഞ്ഞതിതാണ്: ''ഒന്നു തീർന്നു. ഇനി പത്തു ലക്ഷംകൂടി തീരാനുണ്ട്''.

റീസിൻെറ കേസ് വിചാരണചെയ്ത ജഡ്ജി മെക്കിനൺ പറഞ്ഞു: ''അയാളുടെ വാക്കുകളിൽ നിയമവിരുദ്ധമായി ഒന്നുമില്ല''. റീസിനെ വെറുതെ വിടുകയും ചെയ്തു.

ജീവിക്കാനുള്ള ഒരു രാജ്യമെന്നനിലയിൽ ഇംഗ്ലണ്ടിനെപ്പററിയുള്ള അഭിപ്രായമെന്തെന്ന് മനശ്ശാസ്ത്രജ്ഞരായ മേരി സ്റ്റോപ്സ്-റോയും റേ മോണ്ട്

കോച്ച്റേനും ചോദിച്ചപ്പോൾ വെള്ളക്കാരല്ലാത്ത യുവാക്കളിൽ നാലിൽ മൂന്ന് ഭാഗവും മാതാപിതാക്കളിൽ പകുതിയിലധികവും തങ്ങൾ ജനിച്ചുവളർന്നതവിടെയാകയാൽ ഇംഗ്ലണ്ടിനെ സ്വന്തം നാടായി കരുതുവാനാഗ്രഹിക്കുന്നു എന്നും എന്നാൽ തങ്ങൾക്കത് സ്വന്തം നാടായി അനുഭവപ്പെടുന്നില്ലെന്നുമാണ് പ്രതിവചിച്ചത്.

''ഇത് എൻെറ നാടായി കരുതുവാൻ ഞാനാഗ്രഹിക്കുന്നു; എന്നാൽ ജനങ്ങൾ ഞങ്ങളെ സ്വന്തമാളായി സ്വീകരിക്കുന്നില്ല'', എന്ന് ഒരു ഹിന്ദു യുവതി പറഞ്ഞു. ''വളരെയേറെ മുൻവിധിയുണ്ട്. മുൻവിധിയുള്ളപ്പോൾ അവഹേളിക്കപ്പെടുന്നതായി തോന്നുമല്ലൊ''.

കുട്ടികൾ ഇവിടെയായതിനാൽ താൻ ഇവിടെതന്നെ നിൽക്കുമെന്നും എന്നാൽ പാക്കിസ്ഥാനിൽ താമസമുറപ്പിക്കാനാണ് താൻ ആഗ്രഹിക്കുന്നതെന്നും ഒരു മുസ്ലീം മാതാവ് പറഞ്ഞു.

മാതാപിതാക്കളിൽ നാലിലൊരുഭാഗം മാത്രമേ തങ്ങളുടെ കുട്ടികളുടെ ഭാവിയെപ്പററി പ്രതീക്ഷ പ്രകടിപ്പിച്ചുള്ളൂ. ഒരു ഹിന്ദു പിതാവ് പറഞ്ഞു: ''സാമ്പത്തിക സാഹചര്യങ്ങൾ മോശമാകുമ്പോൾ വിവേചനം തലപൊക്കുന്നു''.

വിവേചനം വർദ്ധിക്കുമെന്ന് ഒരു ഹിന്ദു യുവാവ് അഭിപ്രായപ്പെട്ടു''. ജോലികൾ വിരളമാകുമ്പോൾ അവർക്കാരെയെങ്കിലും കുററപ്പെടുത്തണം. ഞങ്ങളാണ് മുഖ്യ ശരവ്യം''.

സ്കൂളുകൾ, തൊഴിൽ ലഭ്യത, പാർപ്പിടവിതരണം, സോഷ്യൽ സെക്യൂരിട്ടി എന്നിവയിൽ വിവേചനം ബ്രിട്ടനിൽ 20-ലധികം കൊല്ലംമുമ്പ് നിയമപരമായി നിരോധിച്ചതാണ്. പൊതുസ്ഥലങ്ങളിലും പ്രവൃത്തിസാഹചര്യങ്ങളും വേതനങ്ങളും തീരുമാനി

ക്കുന്നതിലും വിവേചനം നിരോധിക്കുന്ന പല നിയമങ്ങരം പിന്നീട് അംഗീകരിക്കപ്പെട്ടു. എന്നാൽ ''ഏററവും പുരോഗമനപര''മെന്ന നിലയിൽ അവതരിപ്പിക്കപ്പെട്ട ആ നിയമങ്ങരം പാസ്സാക്കപ്പെടുകയായിരുന്ന കാലത്തുപോലും അവയുടെ ആവിഷ്കർത്താക്കരം വിവേചനത്തെ നിരോധിക്കുകയല്ലാതെ അതിനെ ഒരു കുററമായി വിശേഷിപ്പിച്ചില്ല. നിയമങ്ങരം പാലിക്കപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ ഫലപ്രദമായ ഒരു സംവിധാനവും യാഥാസ്ഥിതികകക്ഷിയുടെ ഗവർമ്മെണ്ടോ ലേബർ പാർട്ടിയുടെ ഗവർമ്മെണ്ടോ സൃഷ്ടിച്ചതുമില്ല.

ലണ്ടനിലെ ഹീത്റോ വിമാനത്താവളത്തിൽ തൂപ്പുകാരെല്ലാവരും വെള്ളക്കാരല്ലാത്തവരാണ്. ഭൂഗർഭ റെയിൽവേയിൽ യാത്ര ചെയ്യുമ്പോരം ടിക്കററിൻെറ ആരംക്കാരിൽ മിക്കവരും വെള്ളക്കാരല്ലാത്തവരാണെന്ന് കാണാം. തെരുവുകളിൽ ചപ്പുചവറു പെറുക്കുന്നവരും ആസ്പത്രികളിലെ ജൂനിയർ നെഴ്സുമാരും റെയിൽവെ സ്റ്റേഷനുകളിലെ പോട്ടർമാരുമൊക്കെ വെള്ളക്കാരല്ലാത്തവരാണ്. ഒരു ദിവസം വെള്ളക്കാരല്ലാത്തവരെല്ലാം നാടുവിട്ടാൽ പൊതുഗതാഗതം, ആസ്പത്രികരം, തപ്പാൽ തുടങ്ങി പല സേവനങ്ങളും സ്തംഭിക്കുമെന്ന് ബ്രിട്ടനിൽ ആളുകരം തമാശ പറയുന്നത് ഞാൻ പലപ്പോഴും കേട്ടിട്ടുണ്ട്. കുടിയേററക്കാരിൽ എട്ടു ശതമാനം മാത്രമേ വെള്ളക്കോളർ ഉദ്യോഗസ്ഥൻമാരായുള്ളു. വെള്ളക്കാരിലാകട്ടെ ഇത് 40 ശതമാനമാണ്. വെള്ളക്കാരല്ലാത്ത തൊഴിലാളികളും വെള്ളക്കാരായ തൊഴിലാളികളും തമ്മിലുള്ള അനുപാതം പത്തിനൊന്ന് എന്ന കണക്കിനായിരിക്കുന്ന വ്യവസായസ്ഥാപനങ്ങളിൽപോലും മാനേജർമാരുടെയും ഫോർമേൻമാരുടെയും കൂട്ടത്തിൽ വെള്ളക്കാരല്ലാത്തവരെ കാണില്ല.

ന്യൂനപക്ഷങ്ങളുടെ ഇടയിൽ തൊഴിലില്ലായ്മ വെള്ളക്കാരുടെ ഇടയിലേതിനേക്കാരം ഇരട്ടിയാണെന്ന

ത് സുവിദിതമാണ്. ചില ഡിസ്ട്രിക്ടുകളിൽ അത് മൂന്നിരട്ടിവരെയുണ്ട്. വെള്ളക്കാരല്ലാത്തവർക്ക് വേതനവും കമ്മിയാണ്. ഇതിന്നവരുടെ വൈദഗ്ദ്ധ്യവുമായോ വിദ്യാഭ്യാസയോഗ്യതയുമായോ ബന്ധമൊന്നുമില്ല. കൂടുതൽ നല്ല ജോലിയാകുമ്പോഠം വെള്ളക്കാരുടെയും വെള്ളക്കാരല്ലാത്തവരുടെയും വേതനത്തിലെ അന്തരവും അതനുസരിച്ച് വലുതാകും.

തൊഴിൽലഭ്യതയിലെ വിവേചനമാണ് വെള്ളക്കാരല്ലാത്ത യുവാക്കളെ ഏററവും കഠിനമായി ബാധിക്കുന്നത്. ''വെള്ളക്കാരനായ യുവാവിന്നുതന്നെ ജോലി കണ്ടുപിടിക്കാൻ ഒട്ടേറെ പ്രയാസങ്ങഠം നേരിടേണ്ടിവരവെ കറുത്തവനായ ഉദ്യോഗാർത്ഥിക്ക് പരിപൂർണ്ണമായ തിരസ്ക്കരണം അഭിമുഖീകരിക്കേണ്ടിവരുന്നു'' എന്ന് ഗവർമ്മെണ്ട് ആഭിമുഖ്യത്തിലുള്ള വംശബന്ധങ്ങഠംക്കുള്ള സമിതി സമ്മതിച്ചു.

''ഒരു പരസ്യം കണ്ട് ഞാൻ ചെന്നപ്പോഠം ഒഴിവിൽ ആളെ നിയമിച്ചതായി എന്നോടു പറഞ്ഞു,'' ലങ്കാസ്റ്ററിലെ എ. ലിസനർ ഒരു പത്രത്തിന്നെഴുതിയ കത്തിൽ പരാതിപ്പെട്ടു. ''ഞാൻ വീട്ടിലേക്ക് മടങ്ങി അതേ ഓഫീസിലേക്ക് ഫോൺ ചെയ്തു വേറൊരു പേരു പറഞ്ഞു, അപ്പോഴവർ ഒഴിവ് നികത്തിയിട്ടില്ലെന്ന് എന്നെ അറിയിച്ചു. ബ്രിട്ടനിൽ ജനിച്ച് പഠിച്ച ആളാണ് ഞാൻ. എന്നോടുണ്ടായ പെരുമാററം തൊലിയുടെ നിറം കാരണം ആളുകഠം എങ്ങിനെ കഷ്ടപ്പെടുന്നു എന്നതിന് മറെറാരു തെളിവാണ്.''

1985-ൽ ബ്രമിംഗമിൽ സ്കൂഠം പഠനം പൂർത്തിയാക്കിയ ആറിൽ ഒരാഠംക്കു മാത്രമേ പഠനം പൂർത്തിയാക്കി ആറു മാസത്തിന്നുള്ളിൽ ജോലി ലഭിച്ചുള്ളു. ന്യൂനപക്ഷങ്ങളുടെ കാര്യത്തിൽ ഇത് 20-ൽ ഒന്നായിരുന്നു. ഗവർമ്മെണ്ട് തൊഴിൽദാനപരിപാടികളിൽ രജിസ്റ്റർ ചെയ്തവരുടെ കൂട്ടത്തിൽ പൊതുവായ തൊഴിലില്ലായ്മ 40 ശതമാനമാണ്. വെള്ളക്കാരല്ലാത്ത

യുവാക്കളുടെ കൂട്ടത്തിൽ അത് ഏതാണ്ട് ഇരട്ടിയാണ്. വെള്ളക്കാരല്ലാത്ത യുവാക്കൾക്ക് വേറേയും ഒരു വിഷമമുണ്ട്. തൊഴിൽ പരിശീലനപരിപാടികളുടെ കാര്യം വരുമ്പോൾ അവരിൽ ഏഴിലൊരാൾക്കേ തൊഴിൽപരിശീലനത്തിന്ന് സൗകര്യം ലഭിക്കുന്നുള്ളു.

''ഞങ്ങൾക്ക് കറുത്തവരെയൊന്നും വേണ്ട'' എന്നാണ് മുതലാളിമാർ എംപ്ലോയിമെൻറ് ഓഫീസർമാരോട് പറയുന്നതെന്ന് പശ്ചിമഇംഗ്ലണ്ടിൽ വംശീയസമത്വത്തിന്നുള്ള കമ്മീഷനിലെ ഒരു എംപ്ലോയിമെൻറ് ഓഫീസറായ എ. ലീ അറിയിക്കുന്നു. രാജ്യത്തിൻെറ ഇതര മേഖലകളിലും സ്ഥിതിയിൽ വലിയ വ്യത്യാസമില്ല. ഉദാഹരണത്തിന്ന് നോട്ടിങ്ങമിൽ ഒരേ യോഗ്യതകളുള്ള ഒരു സംഘം വെള്ളക്കാരും ഏഷ്യക്കാരും വെസ്റ്റ്ഇൻഡീസുകാരും 100-ലധികം കമ്പനികളിലേക്ക് ജോലി അപേക്ഷകൾ അയച്ചു. പകുതി കമ്പനികൾ വെള്ളക്കാരായ അപേക്ഷകരെ മാത്രമേ ഇൻറർവ്യുവിന്ന് വിളിച്ചുള്ളു. കറുത്ത നിറക്കാരന്ന് മാന്യമായ ഒരു ജോലി ലഭിക്കുമെന്ന് പ്രതീക്ഷിക്കാനാവില്ലെന്നായിരുന്നു കമ്മീഷൻെറ നിഗമനം.

അന്തസ്സ് കുറഞ്ഞ വിദഗ്ദ്ധ തുറകളിലാണ് കറുത്തവരായ ഡോക്ടർമാർ അധികവും ഉള്ളതെന്നും ആസ്പത്രി സഹായികളിൽ സീനിയർ പദവികൾ വഹിക്കുന്ന കറുത്തവർ ചുരുക്കമാണെന്നും അടിയന്തിര സഹായം കറുത്തവർക്കു പ്രാപ്യമല്ലെന്നും സാമൂഹ്യശാസ്ത്രജ്ഞർ പറയുന്നു.

രാഷ്ട്രീയ-സാമ്പത്തിക ആസൂത്രണം എന്ന പേരിലൂടെ ഒരു ഗവർമ്മേണ്ടിതര സാമൂഹ്യശാസ്ത്ര സംഘടന രണ്ടുകൂട്ടം നടൻമാരെ ഉപയോഗപ്പെടുത്തി ഒരു പരീക്ഷണ പരമ്പര നിർവ്വഹിച്ചു. ഓരോ സെററിലും വെള്ളക്കാരനായ ഒരു ബ്രിട്ടീഷ് നടൻ, ഒരു വെസ്റ്റ്ഇൻഡീസുകാരൻ, ഒരു ഇന്ത്യക്കാരൻ, ഒരു പാക്കിസ്ഥാൻകാരൻ എന്നിവർ ഉണ്ടായിരുന്നു. ജോലിക്കു

അപേക്ഷകരം അയക്കവൈ മുൻകൂട്ടി ശ്രദ്ധാപൂർവ്വം നിർവ്വചിച്ച റോളുകരം ഇവർ സ്വീകരിച്ചു. രണ്ടു ഉദാഹരണങ്ങരം താഴെ കൊടുക്കുന്നു.

വെസ്റ്റ്ഇൻഡീസ്കാരൻ: വയസ്സ് 29. ജമൈക്കയിൽ പ്രൈമറി-സെക്കണ്ടറി വിദ്യാഭ്യാസം പൂർത്തിയാക്കി. 16-ാം വയസ്സിൽ മാതാപിതാക്കളോടൊപ്പം ബ്രിട്ടനിലേക്കു വന്നു ഒരു ബസ് കണ്ടക്ടറുടെ ജോലി സ്വീകരിക്കുകയും അഞ്ചു കൊല്ലം ആ ജോലി ചെയ്യുകയും ചെയ്തു. പിന്നീട് ഒരു കാനിങ്ങ് ഫാക്ടറിയിൽ ഉൽപാദന ലൈനിൽ പ്രവർത്തിച്ചു. സ്ഥിരമായി രാത്രി ഷിഫ്ടിൽ ജോലിചെയ്യാൻ വയ്യാത്തതിനാൽ ഇപ്പോഴത്തെ ജോലി വിടണമെന്ന് ആഗ്രഹിക്കുന്നു. വിവാഹിതൻ, രണ്ടു കുട്ടികരം.

വെള്ളക്കാരനായ ബ്രിട്ടീഷ് പൗരൻ: വയസ്സ് 31. ഗ്ലാസ്ഗോവിൽ ജനിച്ചുവളർന്നു കഴിഞ്ഞ 14 കൊല്ലത്തിൽ മൂന്നു ജോലി ചെയ്തു. ഒരു ഡിസ്റ്റിലറിയിൽ പണ്ടകശാലാസൂക്ഷിപ്പുകാരനായി, ഒരു ക്ഷീരോല്പന്നകമ്പനിയിൽ പാക്കറായി, ഒരു ധാന്യഫാക്ടറിയിൽ ഉല്പാദന ലൈനിൽ. വിവാഹിതൽ, രണ്ടു കുട്ടികരം.

രണ്ടു പശ്ചാത്തലങ്ങളും സംശയം ഒഴിവാക്കാൻ വേണ്ടത്ര വ്യത്യസ്തമായിരുന്നു. ഏഷ്യൻ നടൻമാർക്ക് ഇംഗ്ലീഷ് വലിയ വിദേശ ചുവ കൂടാതെ സുഗമമായി സംസാരിക്കാൻ കഴിഞ്ഞിരുന്നു. വെസ്റ്റ്ഇൻഡീസ്കാരനും നേരിയ ചുവയോടെ സംസാരിച്ചിരുന്നു. വലിയ വൈദഗ്ദ്ധ്യം ആവശ്യമായ ജോലികരം ഒഴിവാക്കി. ഫിററർ, ഇഷ്ടിക പാകലുകാരൻ, ആശാരി എന്നിങ്ങനെയുള്ള ജോലികളാണ് തിരഞ്ഞെടുത്തത്. ഓരോ ന്യൂനപക്ഷപരീക്ഷകൻെറയും തൊഴിലനുഭവവും യോഗ്യതകളും പറയവെ അയാരം പഠിച്ചത് സ്വന്തം നാട്ടിലും തൊഴിൽ പാടവം ആർജ്ജിച്ചത് ബ്രിട്ടനിലും ആണെന്ന് വ്യക്തമാക്കിയിരുന്നു.

അവിദഗ്ദ്ധ ജോലികൾക്കായി മൊത്തം 102 പരീക്ഷണങ്ങളും വിദഗ്ദ്ധ ജോലികൾക്കായി 72 പരീക്ഷണങ്ങളും നടത്തി. വീട് വാങ്ങൽ, വീട് വാടകക്കെടുക്കൽ എന്നിവയുമായി ബന്ധപ്പെട്ട പരീക്ഷണങ്ങളും അതേ നടൻമാർ നടത്തി.

വെള്ളക്കാരനായ അപേക്ഷകന്ന് വെസ്റ്റ്ഇൻഡീസ്കാരനെക്കാൾ പത്തുമടങ്ങു കൂടുതൽ മുൻഗണന നൽകപ്പെടുന്നതായി പരീക്ഷണഫലങ്ങൾ കാട്ടി. വിപുലമായ തോതിൽ വിവേചനമുണ്ടെന്നാണ് ഇത് തെളിയിക്കുന്നത്.

രാഷ്ട്രീയ-സാമ്പത്തിക ആസൂത്രണ സംഘടന ഒരു വലിയ ലണ്ടൻ ഫാക്ടറിയിൽ വെള്ളക്കാരല്ലാത്തവരെ ''കാഷ്വൽ'' ജോലിക്കാരായി ഉപയോഗപ്പെടുത്തുന്നതിൻെറ പ്രശ്നവും പഠിച്ചു. ഈ ''കാഷ്വൽ'' ജോലി യഥാർത്ഥത്തിൽ സ്ഥിരമായതാണെന്ന് തെളിഞ്ഞു. ദിവസക്കൂലിക്കാർ പല വർഷമായി ഒരേ ജോലി ചെയ്യുന്നവരായിരുന്നു. ഈ സമ്പ്രദായത്തിൻെറ നേട്ടങ്ങൾ മാനേജിങ്ങ് ഡയരക്ടർ ഇങ്ങിനെ വിവരിച്ചു: ''ഒരു മണിക്കൂർ നോട്ടീസ് കൊടുത്ത് അവരെ പിരിച്ചുവിടാം. ജോലിക്കാരുടെ ആധിക്യമോ വ്യവസായക്കുഴപ്പമോ ഉണ്ടാവാൻ ചാൻസില്ല. ഞാൻ ഇന്ത്യൻ ജോലിക്കാരെപ്പററിയാണ് മുഖ്യമായും പറയുന്നത്. ഏതാനും വെള്ളക്കാർക്ക് ഒരു മാസത്തെ പ്രോബേഷനോടുകൂടിയ ജോലി ഉണ്ട്. എന്നാൽ വെള്ളക്കാരായ കാഷ്വൽ ജോലിക്കാരില്ല.

അങ്ങിനെ ഒരാൾക്ക് 'സ്ഥിരം' ജോലിയോ 'കാഷ്വൽ' ജോലിയോ നൽകേണ്ടതെന്ന് തീരുമാനിക്കുന്നതിലെ മുഖ്യ ഘടകം വംശമാണെന്ന് പഠനത്തിൻെറ കർത്താക്കൾ ഉപസംഹരിക്കുന്നു.

ഈ സമ്പ്രദായം തൊഴിൽനിയമത്തിലെ വ്യവസ്ഥയുടെ ലംഘനമാണ്. ഒരേ സ്ഥാപനത്തിൽ നീണ്ടകാലം ജോലിചെയ്യുന്ന 'കാഷ്വൽ' ജോലിക്കാരെ

സ്ഥിരം ജോലിക്കാരായാണ് നിയമം കാണുന്നത്. അതിനാൽ ഒരു മണിക്കൂർ നോട്ടീസോടെ പിരിച്ചുവിടുമെന്ന വ്യവസ്ഥയിൽ ''കാഷ്വൽ'' ജോലിക്കാരെ നിയമിക്കുന്നതും ജോലി ഇല്ലാത്തപ്പോൾ കമ്പനി അവർക്ക് കൊടുക്കാൻ ബാദ്ധ്യസ്ഥമായ തുകക്ക് അവരെ അനർഹരായി കണക്കാക്കുന്നതുമൊക്കെ നിയമവിരുദ്ധമാണ്.

മാനേജ്മെൻറിൻെറ വീക്ഷണത്തിൽ ഈ സമ്പ്രദായത്തിൻെറ ഒരു മേൻമ ''കാഷ്വൽ'' ജോലിക്കാരെ ചുരുങ്ങിയ ചിലവിൽ എളുപ്പം ലേഓഫ് ചെയ്യാമെന്നതാണ്. സർവ്വേ ചെയ്ത ഫാക്ടറിയിൽ ചില പ്ലാൻറുകൾ ആധുനികീകരിക്കാൻ പോകയായിരുന്നതിനാൽ തൊഴിലാളികളുടെ എണ്ണം വെട്ടിക്കുറക്കേണ്ടിവരുമെന്ന് പ്രതീക്ഷിച്ചിരുന്നു. മൂന്നു മാസത്തിന്നുശേഷം ആധുനികീകരണം നടന്നതായും ''കാഷ്വൽ'' ജോലിക്കാരിൽ പകുതി പേർ—മുഴുവനും ഇന്ത്യക്കാർ—പിരിച്ചുവിടപ്പെട്ടതായും ട്രേഡ്യൂണിയൻ പ്രതിനിധികൾ പറഞ്ഞു.

ബ്രിട്ടീഷ് നഗരങ്ങളിലെ ഏററവും ദരിദ്രമായ ഡിസ്ട്രിക്ടുകളിലാണ് കുടിയേററക്കാരെ താമസിപ്പിച്ചതും താമസിപ്പിക്കുന്നതും. ശത്രുതാപരമായ പുതിയ ലോകത്ത് സ്വന്തം വംശജരായ ആളുകളുടെ അടുത്ത് താമസിക്കണമെന്ന അവരുടെ ആഗ്രഹം കൊണ്ടല്ല ഇത്. നഗരകൗൺസിലിൻെറ ഫിനാൻസ് ഓഫീസർമാർ വീടുകൾ വാങ്ങാനുള്ള പണം അവർക്ക് കടംകൊടുക്കാൻ വിസമ്മതിച്ചതിനെ തുടർന്നാണ് എല്ലാം തുടങ്ങിയത്. മുൻസിപ്പൽ വീടുകൾ ഏററവും അവസാനമായി കിട്ടുന്നവരാണ് കുടിയേററക്കാരിപ്പോഴും. വെള്ളക്കാരല്ലാത്തവരിൽ മൂന്നിലൊരു ഭാഗം മാത്രമേ മുൻസിപ്പൽ ഫ്ളാററുകളിൽ താമസിക്കുന്നുള്ളൂ.

ഒരു ബിർമിങ്ങാം ഉദ്യോഗസ്ഥൻ 'തെററ്'ചെയ്തതിനെകുറിച്ചുളള താഴെപറയുന്ന സംഭവം ഒരാളെന്നോട് പറഞ്ഞു. മുൻസിപ്പൽ ഫ്ളാററുകളുടെ ഒരു ബ്ലോക്കിൽ താമസസൗകര്യം ഒഴിവുവന്നപ്പോഠം അയാഠം ഒരു നോട്ടീസ് അയക്കുകയും അറിയാതെ ഒരു കറുത്ത കുടുംബത്തിന്ന് വെളളക്കാരുടെ ഡിസ്ട്രിക്ടിൽ ഫ്ളാററ് നൽകുകയും ചെയ്തു. ലണ്ടനിലേക്ക് ഈ സ്ഥിതി വിശദീകരിച്ചുകൊടുത്ത സിററി കൗൺസിൽ ''വംശീയ രഞ്ജിപ്പിൻെറ താൽപര്യം മുൻനിർത്തി'' കുടിയേററക്കാരെ വിവധ ഡിസ്ട്രിക്ടുകളിൽ ഒരുപോലെ താമസിപ്പിക്കാൻ അതാഗ്രഹിക്കുന്നതായി പറഞ്ഞു. പക്ഷേ വംശബന്ധവകുപ്പിന്ന് ഈ വിശദീകരണം തൃപ്തിയായില്ല. ''തെററു''ചെയ്ത ഉദ്യോഗസ്ഥനെ അത് ശാസിച്ചു.

നഗരാധികൃതർ വെളളക്കാരല്ലാത്ത എല്ലാവരേയും ചേരികളിൽ കൂട്ടംകൂട്ടാനും വെളളക്കാരിൽനിന്നവരെ വേർതിരിക്കാനും കഴിയുന്നതെല്ലാം ചെയ്യുന്നുവെന്നതാണ് വാസ്തവം. ഏതു ബ്രിട്ടീഷ് നഗരത്തിലും വെളളക്കാരല്ലാത്തവർ തങ്ങളുടെ കൂട്ടക്കാർ താമസിക്കുന്ന സ്ഥലങ്ങളിൽ, മുഖ്യമായും ചേരികളിൽ, പാർപ്പുറപ്പിക്കുന്നതായി കാണാൻ കഴിയും. *ടൈംസ്* പത്രം ഒരു കഥ പ്രസിദ്ധീകരിക്കുകയുണ്ടായി. ഒരു പുരോഹിതൻ അപൂർവ്വമായ ഒരു ഗോത്രത്തെ അന്വേഷിച്ച് ആഫ്രിക്കയിലേക്ക് പോയത്രെ. എന്നാൽ ആഫ്രിക്കയിൽ അവരെ കാണാൻ കഴിയാതെ അദ്ദേഹം ബ്രിട്ടനിൽ മടങ്ങിയെത്തി. ഒരാഴ്ച കഴിഞ്ഞ് അദ്ദേഹം ആ ഗോത്രക്കാരെ അവിടെ, ബിർമിങ്ങമിൻെറ, പ്രാന്തപ്രദേശങ്ങളിൽ, കണ്ടെത്തിയത്രെ.

ലണ്ടനിലെ ഒരു നഗരപ്രാന്തമായ സൗത്താഠം ഞാൻ പല തവണ സന്ദർശിച്ചു. അവിടുത്തെ 70,000 നിവാസികളിൽ മൂന്നിലൊരുഭാഗം ഇന്ത്യക്കാരാണ്. അവിടുത്തെ മിക്ക സിനിമാശാലകളും ഇന്ത്യൻ ചിത്രങ്ങഠം പ്രദർശിപ്പിക്കുന്നു. കടകളിലെ പ്രദർശന പ്ര

തിമകരം സാരിധരിച്ചവയാണ്. സുഗന്ധവ്യഞ്ജനങ്ങളുടെ കടുത്ത മണം ഈ ഡിസ്ട്രിക്ടിന്റെ പ്രത്യേകതയാണ്. ഒററ വെള്ളക്കാരനെപ്പോലും കാണാതെ ഒട്ടുദൂരം അവിടെ നടക്കാൻ കഴിയും. ആദ്യത്തെ കുടിയേററക്കാർ അവിടുത്തെ റബ്ബർ ഫാക്ടറിയിൽ ജോലിചെയ്യാൻ പോയി. ബോയ്ലറുകളുടെ അടുത്ത് അത്യുഷ്ണമായിരുന്നു. ഇന്ത്യക്കാർക്ക് മാത്രമേ അത് താങ്ങാൻ പററിയിരുന്നുള്ളുവത്രെ. ഇത് ഒരു ''പാരമ്പര്യ''മായിത്തീർന്നു. ഇന്ത്യക്കാരുടെ പുതിയ തലമുറകരം അങ്ങിനെ റബ്ബർ നിർമ്മിക്കാനായി പോകുന്നു.

ഇത്തരം ഡിസ്ട്രിക്ടുകരംക്കുള്ള ബജററ് വിഹിതങ്ങരം എല്ലായ്പോഴും അവയുടെ യഥാർത്ഥ ആവശ്യങ്ങളെക്കാരം വളരെക്കുറവാണ്. അവിടുത്തെ സ്ക്കൂളുകളുടെ സ്ഥിതിയിൽനിന്ന് ഇത് മറെറന്തിനേയുംകാരം കൂടുതൽ വ്യക്തമാകും. ദശകങ്ങളായി അവ റിപ്പയർചെയ്തിട്ടില്ല. ക്ലാസ്സുമുറികളിൽ തിരക്കു ജാസ്തി. അദ്ധ്യാപകർ വേണ്ടത്രയില്ല. തൽഫലമായി വെള്ളക്കാരായ കുട്ടികളെ അപേക്ഷിച്ച് കൂടുതൽ ശ്രദ്ധലഭിക്കേണ്ടതായ ഈ കുട്ടികരംക്ക് കഷ്ടിച്ച് ഏററവും കുറഞ്ഞ ശ്രദ്ധലഭിക്കുന്നു. ഇംഗ്ലീഷ് ശരിയായി എഴുതാനും വായിക്കാനും അറിയാതെയാണ് വെള്ളക്കാരല്ലാത്ത വിദ്യാർത്ഥികളിൽ പകുതിയിലധികം സ്ക്കൂരം വിടുന്നത്. എന്തുകൊണ്ട്?

ഏഷ്യയിൽനിന്നും ആഫ്രിക്കയിൽനിന്നുമുള്ള കുടിയേററക്കാർക്കെതിരായ വംശീയ മുൻവിധിയും അവർ ജീവിക്കുന്ന പരമദയനീയമായ സാഹചര്യങ്ങളുമാണ് സ്ക്കൂളിൽ അവരുടെ കുട്ടികളുടെ മോശമായ പഠിത്തത്തിന്നും ഇടക്ക്വെച്ചുള്ള പഠിപ്പ്നിർത്തലിന്നും മുഖ്യ കാരണം. ''ബഹുവംശീയ സമൂഹത്തിലെ വിദ്യാഭ്യാസപ്രശ്നങ്ങരം'' പഠിക്കാൻ ലേബർ ഗവർമ്മേണ്ട് നിയമിച്ച സ്വാൻ കമ്മീഷൻ 1979-ൽ

തയ്യാറാക്കിയ റിപ്പോർട്ടിലാണ് ഈ നിഗമനമുള്ളത്. സമ്മിശ്ര സ്ക്കൂളുകളിൽ വെള്ളക്കാരല്ലാത്ത വിദ്യാർത്ഥികളുടെ മോശമായ അക്കാദമിക്ക് പ്രകടനം ''ബൗദ്ധികമായ കീഴ്നില''യുടെ ഫലമാണെന്ന വംശമേൻമാവാദികളുടെ ആരോപണത്തെ കമ്മിററി ശേഖരിച്ച വിവരങ്ങരം അപ്പാടെ ഖണ്ഡിക്കുന്നു.

# II. യാഥാസ്ഥിതികരുടെ വംശീയ "തുരുപ്പുകൾ"

വംശീയവാദപരമായ ഒരു നിലപാട് അംഗീകരിച്ച ആദ്യത്തെ പ്രമുഖ ബ്രിട്ടീഷ് രാഷ്ട്രീയനേതാവ് എനോക്ക് പവലാണ്. അയാളത് ഒരിക്കലും ഉപേക്ഷിച്ചിട്ടുമില്ല. രണ്ടു ദശകം മുമ്പ് അന്ന് യാഥാസ്ഥിതിക ഗവർമ്മെണ്ടിലെ ഒരു മന്ത്രിയായിരുന്ന പവൽ കുടിയേററക്കാർ ബ്രിട്ടീഷുകാരെ ''ജീവനോടെ തിന്നു''മെന്ന് പറഞ്ഞ് അവരെ ഭയപ്പെടുത്തുകയുണ്ടായി. വെള്ളക്കാരല്ലാത്തവർ വെള്ളക്കാരെ ''അമർച്ച ചെയ്യുന്നതിനെ''പ്പററിയും ''ഇംഗ്ലണ്ടിൻെറ ചില പ്രദേശങ്ങളിൽ താവളമുറപ്പിച്ചിട്ടുള്ള വെസ്റ്റ് ഇൻഡീസിൽനിന്നോ ഇന്ത്യയിലും പാക്കിസ്ഥാനിലും നിന്നോ ഉള്ള ജനവിഭാഗങ്ങളുടെ ദളങ്ങളെ''പ്പററിയും ആദ്യമായി സംസാരിക്കാൻ തുടങ്ങിയത് അയാളാണ്. ജനന സ്ഥിതിവിവരക്കണക്കുകൾ മാററിമറിച്ചുകൊണ്ടയാൾ ലണ്ടൻ, ബിർമിങ്ങം, ബ്രാസ്ഫോർഡ്, ബ്ലാക്ക്ബേൺ എന്നീ നഗരങ്ങളിലെ ജനങ്ങളുടെ മൂന്നിലൊരു ഭാഗത്തിൽ കുറയാതെ അടുത്തുതന്നെ ''ഏഷ്യൻ വംശജരും ആഫ്രിക്കൻ വംശജരും ആകും'' എന്ന് പ്രവചിച്ചു. അയാൾ എഴുതി: ''എൻെറ അഭിപ്രായം ഇതാണ്. ഇംഗ്ലണ്ടിലെ ജനങ്ങൾ ഇത് വെച്ചുപൊറുപ്പിക്കില്ല. അവരത് ചെയ്യണോ വേണ്ടയോ എന്ന് വാദിക്കുന്നത് അസംബന്ധമാണ്. ഒരു രാജ്യം, അതും നമ്മുടെതുപോലുള്ള ഒരു രാജ്യം, അതിൻെറ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന പ്രദേശങ്ങൾ വിദേശഭൂഭാഗമായി മാറുന്നത് നിഷ്ക്രിയമാ

യി നോക്കിയിരിക്കുക എന്നത് മനുഷ്യസ്വഭാവത്തി ന്ന് യോജിച്ചതാണെന്ന് ഞാൻ കരുതുന്നില്ല''.

അയാരം തുടർന്നെഴുതി: ''ഭാവിയിലേക്ക് നോക്കുമ്പോരം ഞാൻ ദുശ്ശകുനങ്ങരം കാണുന്ന പണ്ടു കാലത്തെ റോമക്കാരനെപ്പോലെ ടൈബറിൽ രക്തം പതയുന്നത് ഞാൻ കാണുന്നതായി എനിക്ക് തോന്നുന്നു''.

ഒരു വംശീയയുദ്ധമാണ് പവൽ പ്രവചിച്ചത്. എന്നാൽ ''വെള്ളക്കാരല്ലാത്തവരുടെ ആധിപത്യ''ത്തെ സ്ഥിരീകരിക്കുന്ന എന്തെങ്കിലും തെളിവോ വെള്ളക്കാർ അവരുടെ ജോലികളിൽനിന്ന് തള്ളിനീക്കപ്പെടുന്നതിൻെറയോ ബിസിനസ്സ്-സാമൂഹ്യ മണ്ഡലങ്ങളിൽ ''വെള്ളക്കാരല്ലാത്തവർ മർമ്മപ്രധാനമായ സ്ഥാനങ്ങരം വഹിക്കുന്നതിൻെറ''യോ ഉദാഹരണമോ അയാരം ഒരിക്കലും ഉദ്ധരിച്ചില്ല. പക്ഷേ പവൽ വസ്തുതകരംക്ക് പ്രാനാന്യം കൊടുക്കുന്ന പതിവില്ല. പൊതുവായ മുൻവിധി, തൊഴിലില്ലായ്മയെകുറിച്ചുള്ള ഭീതി, ജീവിതനിലവാരം ഇടിയുമെന്ന ഭയം എന്നിവയെയാണയാരം ശരവ്യമാക്കുന്നത്. അയാളുടെ ഗിരിപ്രഭാഷണങ്ങരം ചെവിക്കൊള്ളാൻ എല്ലായ്പോഴും ആളുമുണ്ട്.

പവലിൻെറ പ്രസ്താവനകളും ഗെറേറാകളുടെ (ന്യൂനപക്ഷവാസസ്ഥലങ്ങരം)മേൽ പൊടുന്നനെയുള്ള ആക്രമണങ്ങളും വംശീയ സംഘർഷം മൂർച്ഛിക്കലും തമ്മിൽ നേരിട്ട് ബന്ധമുണ്ടെന്ന് വംശീയ പ്രശ്നങ്ങരം കൈകാര്യം ചെയ്യുന്ന പ്രത്യേക ഗവർമ്മേണ്ടു ഏജൻസിപോലും സമ്മതിക്കുന്നു. പാർല്ലിമെണ്ടിലും പത്രങ്ങളിലും ടെലിവിഷനിലും ''ആദരണീയ വംശമേൻമാവാദം'' ഉയർത്തിപ്പിടിക്കുകയാണ് പവൽ. ''തയ്യാറായിക്കൊരംക! രക്തം ചൊരിയപ്പെടുമെന്ന് തീർച്ചയായ ഒരു ബലപ്രയോഗ ക്യാംപെയിൻ ആരംഭിക്കാൻ കുടിയേററക്കാർ ഒരുമ്പെടുകയാ

ണ്'' എന്ന് പവൽ അട്ടഹസിക്കുമ്പോൾ രക്തം തീർച്ചയായും ചൊരിയപ്പെടുന്നു. നാഷനൽ ഫ്രണ്ട് ഇത്തരം അഭ്യർത്ഥനകളെ ഭീകരതയുടെ ഭാഷയാക്കി മാററുന്നു.

''വെള്ളക്കാരല്ലാത്തവർ വെള്ള ഇംഗ്ലണ്ടിനെ നശിപ്പിക്കുന്ന''തിനെപ്പററി പവൽ ഒരു പ്രസംഗം നടത്തിയതിൻെറ പിറേറന്നാൾ വംശമേൻമാവാദികൾ രണ്ടു ഇന്ത്യൻ വിദ്യാർത്ഥികളെ കൊന്നു. ഞാൻ സൗത്താളിൽ ചെന്നപ്പോൾ നടപ്പാതയിൽ ഗുർദീപ് ചഗ്ഗറെ അവർ കൊന്നസ്ഥലത്ത് ഒരു ചുവന്ന പാട് ഞാൻ കണ്ടു. 18 വയസ്സുകാരനായ ഒരു സാങ്കേതികശാസ്ത്ര കോളേജ് വിദ്യാർത്ഥിയായ ചഗ്ഗറേയും അയാളുടെ സുഹൃത്ത് ദഷ്പബിൽകയേയും ആക്രമിച്ചത് അഞ്ച്പേരാണ്. ചഗ്ഗർക്കും ബിൽകക്കും പലതവണ കുത്തേററു. ചഗ്ഗറെ മോർഗിലേക്കും (ശവശരീരങ്ങൾ സൂക്ഷിക്കുന്ന സ്ഥലം) ബിൽക്കയെ ആസ്പത്രിയിലേക്കും കൊണ്ടുപോയി.

പവൽ ഇക്കാര്യത്തിൽ ഒററക്കല്ല. യാഥാസ്ഥിതിക കക്ഷിയുടെ പ്രമേയങ്ങളിലും മററു രേഖകളിലും ''വംശീയസമത്വം'', ''ജനാധിപത്യം'', ''ഏവർക്കും തുല്യാവസരങ്ങൾ'' എന്നീ പ്രമാണങ്ങളോടുള്ള കൂറിനെപ്പററി ധാരാളം സംസാരം കാണുമെങ്കിലും പാർട്ടിയിൽ ആത്യന്തിക വലതുപക്ഷ പ്രവണതകൾക്ക് ശക്തി കൂട്ടുകയാണ്. ആത്യന്തികവാദികളുടെ ന്യുക്ലിയസ് ടോറി ആക്ഷൻ ഗ്രൂപ്പ് എന്നറിയപ്പെടുന്നു. സി. യങ്ങ് എന്നയാളാണ് അതിൻെറ തലവൻ. ട്രേഡ്യൂണിയനുകൾ, പുരോഗമനരാഷ്ട്രീയപാർട്ടികൾ തുടങ്ങിയ ''വിധ്വംസക സംഘടനകൾ''ക്കെതിരെ ചാരപ്രവർത്തനം നടത്തുന്ന ഗവർമ്മെണ്ട് രഹസ്യ സർവ്വീസിലെ ഒരു വകുപ്പിൻെറ അസിസ്റ്റൻറ് ഡയരക്ടറായിരുന്നു മുമ്പയാൾ. ടോറി ആക്ഷൻെറ തന്ത്രത്തിലെ ആധാരശിലകളിലൊന്ന് വംശമേൻമാവാദമാണ്. അതിൻെറ ബുള്ളററിനുകൾ ഗ്രൂ

പ്പംഗങ്ങരംക്ക് പ്രാദേശിക യാഥാസ്ഥിതിക സംഘടനകളിൽ നുഴഞ്ഞുകയറി അധികാരസ്ഥാനങ്ങരം പിടിച്ചെടുക്കേണ്ടതെങ്ങിനെയെന്നും തങ്ങളുടെ സഹായികളെ പാർല്ലിമെണ്ടിലേക്കും മററു തിരഞ്ഞെടുക്കപ്പെടുന്ന ഘടകങ്ങളിലേക്കും കടത്തിവിടേണ്ടതെങ്ങിനെയെന്നും ഉള്ളതിനെപ്പററി സമഗ്രമായ ഉപദേശനിർദ്ദേശങ്ങരം നൽകുന്നു. തൻെറ ഗ്രൂപ്പിന്ന് കോമൺസ് സഭയിലെ (ഹൗസ് ഓഫ് കോമൺസ്) 24 അംഗങ്ങളുടെയും ''വലിയ അനുഭാവത്തോടെ'' ഗ്രൂപ്പിനെ വീക്ഷിക്കുന്ന ചുരുങ്ങിയത് രണ്ട് കാബിനററ് മന്ത്രിമാരുടെയും പിന്തുണയുണ്ടെന്നകാര്യം സി. യങ്ങ് രഹസ്യമാക്കിവെക്കുന്നില്ല.

60-കളുടെ അവസാനത്തിൽ ഇംഗ്ലണ്ടിൽ സമ്പദ്വിധാനത്തിലെ പ്രതിസന്ധിയുടെ പ്രവണതകരം മോശമായി തുടങ്ങി. പഴയ ''ലോക പണിപ്പുര'' ലോകകമ്പോളത്തിൽ പ്രതിയോഗികരംക്ക് വഴി മാറികൊടുക്കാനാരംഭിച്ചു. തൊഴിലില്ലാത്തവരുടെ ഒരു സ്ഥിരം പട രാജ്യത്ത് പ്രത്യക്ഷപ്പെട്ടു. സാമൂഹ്യ സംഘർഷം വളരാൻ തുടങ്ങി. വംശീയ ''തുരുപ്പ്'', കുടിയേററക്കാരോടുള്ള ബൂർഷ്വാ പാർട്ടികളുടെ സമീപനം, രാഷ്ട്രീയ ചൂതാട്ടത്തിൽ സജീവമായ ഒരു പങ്ക് വഹിക്കാനാരംഭിച്ചു. അതേസമയത്താണ് യാഥാസ്ഥിതികകക്ഷിയിലെ വലതുപക്ഷം അതിൻെറ പുതിയ വംശസിദ്ധാന്തം ആവിഷ്ക്കരിച്ചുകൊണ്ടിരുന്നത്. ഇത് താച്ചറിസത്തിൻെറ മുഖ്യ പ്രത്യയശാസ്ത്ര ആവശ്യകങ്ങളുമായി തികച്ചും ഒത്തിണങ്ങി. ''ഏററവും അർഹതയുള്ളവൻ'' മാത്രം അതിജീവിക്കുന്ന കഴുത്തറുപ്പൻ മൽസരത്തോടുകൂടിയ ''ശുദ്ധ മുതലാളിത്ത''ത്തെയാണ് താച്ചറിസം ഉയർത്തിപ്പിടിച്ചത്.

താച്ചറിസം ''സാമാന്യ വിവേക''ത്തോടാണ് നിവേദനം നടത്തുന്നത്. ജനങ്ങരം ''അവരുടെ പ്രകൃതത്തിന്നനുസരിച്ച് പ്രവർത്തിക്കണെ''മെന്ന് അത് ഓർമ്മിപ്പിക്കുന്നു ''എന്നെ വിശ്വസിക്കുക, എൻെറ സഹ

ജവാസനകളെ വിശ്വസിക്കുക'' എന്നാണ് പ്രധാന മന്ത്രി പറയുന്നത്. ബ്രിട്ടീഷുകാരുടെ ''സഹജവാസനകളെ കെട്ടിയിടരു''തെന്നും അവർ കൂട്ടിച്ചേർക്കുന്നു. എന്താണീ സഹജവാസനകരം? പിടിച്ചുപറിയുടെയും പൂഴ്ത്തിവെപ്പിൻെറയും എന്തുചെയ്തും ''കാര്യം നേടലി''ൻെറയും വാസനകരംതന്നെ.

പവർ കണ്ടുപിടിച്ച, കുടിയേററക്കാരെപ്പററി സാധാരണ ബ്രിട്ടീഷ്കാരനുള്ള ''ഭീതി'' എന്ന വാദം അധികാരവടംവലിയിൽ ടോറികളുടെ രാഷ്ട്രീയ ആവനാഴിയിലെ മുഖ്യായുധമായിത്തീർന്നു. 1977 മാർച്ചിൽ കോമൺസ് സഭയിൽ ഒരംഗം മാർഗററ് താച്ചറോട് അധികതരമായ കുടിയേററത്തിൻെറ പൂർണ്ണ നിരോധനമെന്ന മുദ്രാവാക്യത്തെപ്പററി അഭിപ്രായം ചോദിച്ചു. യാഥാസ്ഥിതിക കക്ഷിയുടെ സ്ഥാനാർത്ഥികളിൽ ഒരാരം ഒരു ഉപതിരഞ്ഞെടുപ്പിൽ ഈ മുദ്രാവാക്യം ഉയർത്തിയിരുന്നു. ''കുടിയേററം അവസാനിപ്പിക്കുന്നതിനുള്ള വ്യക്തമായ സാദ്ധ്യത മുൻവെച്ചാൽ മാത്രമെ'' ജനങ്ങളെ ഭീതിയിൽനിന്ന് വിമുക്തരാക്കാനാവൂ എന്നാണ് താച്ചർ തദവസരത്തിൽ മറുപടി പറഞ്ഞത്. അതേകൊല്ലം ഒക്ടോബറിൽ പാർട്ടിയുടെ വാർഷിക സമ്മേളനത്തിൽ താച്ചറുടെ ഏററവുമുററ സഹായികളിൽ ഒരാളായ വില്ല്യം വൈററ്ലോ ഭാവി യാഥാസ്ഥിതിക ഗവർമ്മെണ്ട് കുടിയേററത്തിൻെറ അളവ് കുറക്കുമെന്ന് പ്രവചിച്ചു.

1978 ഏപ്രിൽ ഏഴിന്ന് ടോറികരം ഒടുവിൽ അവരുടെ പദ്ധതികരം അനാവരണംചെയ്തു. പൗരത്വം സംബന്ധിച്ച പുതിയൊരു നിയമം പാസ്സാക്കാമെന്നും കുടുംബങ്ങളുടെ പുനരേകീകരണം സംബന്ധിച്ച് കൂടുതലായ നിയന്ത്രണങ്ങരം ഏർപ്പെടുത്താമെന്നും അവർ വാഗ്ദത്തം ചെയ്തു. 1979-ലെ പൊതുതിരഞ്ഞെടുപ്പിന്നുള്ള യാഥാസ്ഥിതിക കക്ഷിയുടെ പരിപാടികളിൽ ഈ വാഗ്ദാനങ്ങരം ഉരംപ്പെടുത്തിയിരുന്നു. ''അന്യസംസ്ക്കാരങ്ങളു''ടെ പ്രതിനിധി

കരം ഇംഗ്ലീഷുകാരെ ''ചേററിലേക്ക് ചവിട്ടി താഴ്ത്തുക''യാണെന്ന തൻെറ പ്രസ്താവന പിൻവലിക്കാൻ പോകുന്നില്ലെന്ന് ഏപ്രിൽ 17-ാം തീയതി താച്ചർ ചൂണ്ടിക്കാട്ടി. ഇതിൻെറ ഫലമായി പുത്തൻ-നാസി നാഷനൽ ഫ്രണ്ടിനെ പിന്താങ്ങാൻ ഉദ്ദേശിച്ചിരുന്ന വോട്ടർമാരെല്ലാം യാഥാസ്ഥിതിക കക്ഷിക്ക് വോട്ടു ചെയ്തു.

വെള്ളക്കാരനല്ലാത്തവരുടെ സ്വാധീനത്തിൻ കീഴിൽ ബ്രിട്ടീഷുകാരുടെ ജീവിതരീതി അനിവാര്യമായും ''അധിപ്പതിക്കു''മെന്ന ഭയം ബ്രിട്ടീഷ്കാർക്ക് ഉണ്ടായേ തീരൂ എന്ന് അവരെ വിശ്വസിപ്പിക്കാൻ ടോറികരം ശ്രമിച്ചിട്ടുണ്ട്; ഇപ്പോഴും ശ്രമിക്കുന്നു. സാധാരണ ബഹുജനങ്ങളെയാണ് ഇത് ബാധിക്കുക എന്നും ഈ സാധാരണ ഇംഗ്ലീഷുകാർ പ്രകടിപ്പിക്കുന്ന വികാരങ്ങരം നിർവ്യാജവും ശക്തവും ആത്മാർത്ഥവുമാണെന്നും അവയെ അവഗണിക്കാനാവില്ലെന്നും ടോറികരം ഊന്നിപ്പറയുന്നു. ഇത്തരം യുക്തിവാദം ഈ ഭീതി ന്യായമാവണമെന്ന നിഗമനത്തിലേക്കു നയിച്ചു. ''ഭീതി''യെ ''ജീവിതരീതി'', ''സംസ്ക്കാരം'' എന്നീ സങ്കല്പങ്ങളുമായി കൂട്ടിയിണക്കി അങ്ങനെ ''അന്യരി''ൽ നിന്ന് അവയുടെ സംരക്ഷണത്തിന്നുള്ള ആവശ്യവും ഉണ്ടായി.

വെള്ളക്കാരല്ലാത്തവരുടെ ഗെറേറാകളിലെ സ്വമൂഹ്യ സാഹചര്യങ്ങളോട് ബ്രിട്ടീഷ് ഭരണവൃത്തങ്ങളുടെ സമീപനത്തേയും ഇത് വിശദീകരിക്കുന്നു. കുടിയേററക്കാരുടെ താമസസ്ഥലങ്ങളിൽ സംഘർഷവും പോലീസ് ബലപ്രയോഗവും ഏററവും ഉച്ചഘട്ടത്തിലായ 1981-ലേയും 1985-ലേയും വംശീയ അസ്വാസ്ഥ്യങ്ങളോട് അധികൃതരുടെ പ്രതികരണത്തിൽ ഈ സമീപനം പ്രത്യേകിച്ചും പ്രകടമായിരുന്നു. ബിർമിങ്ങമിലെ ഹാരംഡ്സ്വർത് എന്ന ഡിസ്ട്രിക്ട് 1985-ലെ ''തപ്തശരത്തി''ലുണ്ടായ ആഭ്യന്തര കുഴപ്പത്തിൻെറ അധികേന്ദ്രങ്ങളിൽ ഒന്നായിത്തീർ

ന്നു. ആ കുഴപ്പങ്ങൾക്കു കാരണമെന്തായിരുന്നു? ''ലഹളക്കാർ'' അസ്വാസ്ഥ്യം ഇളക്കിവിട്ടതുകൊണ്ടാണ് എല്ലാം ഉണ്ടായതെന്ന് രാഷ്ട്രീയ നേതാക്കളും പത്രങ്ങളും വാദിച്ചു. വാസ്തവത്തിൽ സാമൂഹ്യഘടകങ്ങൾ, ദാരിദ്ര്യവും മോശമായ ജീവിതസാഹചര്യങ്ങളും തൊഴിലില്ലായ്മയും, ആണ് അസ്വാസ്ഥ്യങ്ങൾക്ക് കാരണമായത്.

1985-ലെ സംഭവങ്ങൾ അതിന്നു നാലു കൊല്ലം മുമ്പുണ്ടായ അസ്വാസ്ഥ്യങ്ങളെ വീണ്ടും ഓർമ്മയിൽ കൊണ്ടുവന്നു. അന്നാണ് ഹോം ഓഫീസ് ഹാൻഡ്സ്വർത്തിനെ പഠനത്തിന്ന് ''ഏററവും പ്രാതിനിദ്ധ്യ സ്വഭാവമുള്ള'' ഡിസ്ട്രിക്ടെന്ന നിലയിൽ തിരഞ്ഞെടുത്തത്. ആ പഠനത്തിൻെറ ഫലങ്ങൾ താഴെ പറയുംപ്രകാരമായിരുന്നു: ''ഹാൻഡ്സ്വർത്തിൽ തൊഴിലില്ലായ്മയുടെ നിലവാരം ഉയർന്നിരിക്കുന്നേടത്തോളംകാലം അസ്വാസ്ഥ്യത്തിൻെറ വിപത്തും അവശേഷിക്കും.'' ഹോം ഓഫീസിൻെറയും പോലീസ് ഡിപ്പാർട്ട്മെൻറിൻെറയും അഭിപ്രായമായിരുന്നു അത്. ഗെറേറാകളിലെ എല്ലാ നിവാസികൾക്കും സ്പഷ്ടമായിരുന്ന ഈ സത്യങ്ങൾ അവർ അംഗീകരിച്ചത് ''കുടുംബത്തിന്നകത്ത്'' മാത്രമായിരുന്നു. പൊതുജനസമക്ഷം പരസ്യമായി പറയാനായിരുന്നില്ല. ''എന്തുകൊണ്ട് തൊഴിലില്ലായ്മ?'' എന്ന തലക്കെട്ടിൽ പത്രത്തിൽ വന്ന ഒരു കത്തിൽ ഇങ്ങിനെ പറയുന്നു: ''ഹാൻഡ്സ്വർത്തിലും മററും ലഹളകൾക്കുള്ള കാരണം നാം വ്യക്തമായി മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്. തൊഴിലില്ലായ്മയും നഗരത്തിനകത്തെ ലഹളകളും തമ്മിലുള്ള ബന്ധം ഇത്ര സ്പഷ്ടമായിട്ടും മിസിസ്സ് താച്ചർ അത് കാണുന്നില്ലെന്നത് നിർഭാഗ്യകരമത്രെ.''

കുടിയേററക്കാരുടെ ഡിസ്ട്രിക്ടുകളിലെ ലഹളകൾക്കുള്ള യഥാർത്ഥ കാരണങ്ങളെപ്പററി അധികൃതർക്ക് അറിയാത്തതൊന്നുമില്ലായിരുന്നു. ഇന്നും അ

ങ്ങിനെ ഒരു രഹസ്യവുമില്ല. എന്നാൽ എന്തു പ്രായോഗികനിഗമനങ്ങളിലാണവർ എത്തിച്ചേരുന്നത്? സാമൂഹ്യവികാരങ്ങളെ തിളക്കുന്ന പരുവത്തിലേക്കോ സ്ഫോടനത്തിലേക്കുതന്നെയോ കൊണ്ടെത്തിക്കുന്നതിന്നെതിരായ മിതവാദികളും വിഷമപ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ബലപ്രയോഗവും പോലീസ് ഗദകളുമാണ് പൂർണ്ണമായി ഉപയോഗപ്പെടുത്തേണ്ടതെന്ന് കരുതുന്നവരും തമ്മിൽ ആവർത്തിച്ചുള്ള അഭിപ്രായസംഘട്ടനങ്ങൾ ബ്രിട്ടീഷ് എസ്റ്റാബ്ലിഷ്മെൻറിന്നകത്ത് ഉണ്ടായിട്ടുണ്ട്. വംശീയപ്രതിസന്ധിയോടും ഗെറേറാകളിലെ സംഘട്ടനങ്ങളിൽനിന്ന് സ്വാഭാവികമായി സിദ്ധിക്കുന്ന നിഗമനങ്ങളോടും ബ്രിട്ടീഷ് അധികൃതരുടെ സമീപനത്തിലെ ഇരട്ടസ്വഭാവം സ്കാർമാൻ പ്രഭുവിൻെറ റിപ്പോർട്ടുമായി ബന്ധപ്പെട്ട സംഭവവികാസങ്ങളിൽ വ്യക്തമായി പ്രകടമാവുകയുണ്ടായി. ഗെറേറാ അസ്വാസ്ഥ്യങ്ങളെക്കുറിച്ച് ഒരു റിപ്പോർട്ട് ആവിഷ്ക്കരിക്കാൻ പ്രമുഖ ബ്രിട്ടീഷ് അഭിഭാഷകനും ഭരണപ്രമാണിവർഗ്ഗത്തിലെ അംഗവുമായ ആ പ്രഭുവിനോട് 1981-ൽ ആവശ്യപ്പെട്ടു.

സ്കാർമാൻ പ്രഭു പല മാസക്കാലം ബ്രിട്ടീഷ് ഗെറേറാകളിലെ അസ്വാസ്ഥ്യത്തിൻെറ കാരണങ്ങളെപ്പററി പഠനം നടത്തി. ബൂർഷ്വാ സമൂഹത്തിൻെറ അടിത്തറകളെ അപകടത്തിലാക്കുന്ന യഥാർത്ഥത്തിൽ മൗലികമായ നിഗമനങ്ങളോ നിർദ്ദേശങ്ങളോ ഒന്നും അദ്ദേഹം സ്വാഭാവികമായും മുൻവെച്ചില്ല. എങ്കിലും ലഹളകൾക്കുള്ള മുഖ്യ കാരണങ്ങൾ തീർത്തും സാമൂഹ്യ-രാഷ്ട്രീയ സ്വഭാവമുള്ളവയാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു: തൊഴിലില്ലായ്മയുടെ നിലവാരം, വിദ്യാഭ്യാസരംഗത്തെ സ്ഥിതി, ജീവിതസാഹചര്യങ്ങൾ തുടങ്ങിയവയൊക്കെ. ഒരു മുന്നറിയിപ്പുപോലെവന്ന ഈ ഏററുപറച്ചിലുകൾ യാഥാസ്ഥിതികർ ശ്രദ്ധിച്ചുവോ? ഇല്ല, അവർ ശ്രദ്ധിച്ചില്ല. വാ

സ്ഥവത്തിൽ പോലീസിന്ന് കൂടുതൽ വിശാലമായ അവകാശങ്ങരം നൽകപ്പെടുകയാണുണ്ടായത്. സാമൂഹ്യപ്രശ്നങ്ങരം പരിഹരിക്കാതെ വിട്ടു എന്നു മാത്രമല്ല അവ കൂടുതൽ രൂക്ഷമാവുകയും ചെയ്തു.

വെള്ളക്കാരല്ലാത്തവർക്ക് അവരുടെ മോശമാകുന്ന സാമൂഹ്യ-സാമ്പത്തികനില കൈകാര്യംചെയ്യാൻ കഴിയുന്നതിന്ന് ശരിയായ വിദ്യാഭ്യാസം ലഭിക്കാനുള്ള അവസരം നൽകണമെന്ന് സ്കാർമാൻ റിപ്പോർട്ട് പറയുന്നു. അതിനാൽ പ്രീസ്കൂരം വിദ്യാഭ്യാസത്തിൻെറ വിശാലതരമായ ഒരു വ്യവസ്ഥ ഏർപ്പെടുത്തണമെന്നും അദ്ധ്യാപകരുടെ എണ്ണം വർദ്ധിപ്പിക്കണമെന്നും കുടിയേററക്കാരുടെ കുട്ടികരംക്ക് ഇംഗ്ലീഷ് ഭാഷയിലുള്ള അദ്ധ്യയനം മെച്ചപ്പെടുത്തണമെന്നും സ്കൂളുകളും കുടുംബങ്ങളും തമ്മിലുള്ള ബന്ധങ്ങരം ശക്തിപ്പെടുത്തണമെന്നും നിർദ്ദേശിക്കപ്പെട്ടു. തൽഫലമായി വിദ്യാഭ്യാസവകുപ്പ് എടുത്തുപറയേണ്ട രണ്ടു രേഖകരം സൃഷ്ടിച്ചു. ഒന്നാമത്തെ രേഖ വെള്ളക്കാരല്ലാത്ത അദ്ധ്യാപകരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിൻെറ അഭികാമ്യതയെ ചോദ്യം ചെയ്തു. രണ്ടാമത്തേതാകട്ടെ പഠനവിധേയമായ വിഷയത്തെക്കുറിച്ച് കൂടുതൽ വിവരങ്ങരം ശേഖരിക്കുന്നതുകൊണ്ട് പ്രയോജനമുണ്ടോ എന്ന സംശയം ഉയർത്തി. എങ്കിലും അത് അത്രക്കേപോയുള്ളു.

പഴയ വീടുകരം കേടുപാട് തീർക്കാനും പാർപ്പിടവിതരണസമ്പ്രദായം പരിഷ്ക്കരിക്കാനുമുള്ള ഒരു പരിപാടി ആവിഷ്ക്കരിക്കണമെന്ന് സ്കാർമാൻ പ്രഭു നിർദ്ദേശിച്ചു. എന്നാൽ ആ ശുപാർശകരംക്കനുസൃതമായി നടപടികളൊന്നും കൈക്കൊള്ളപ്പെട്ടില്ല. മാത്രമല്ല 1979-ൽ യാഥാസ്ഥിതികകക്ഷി അധികാരത്തിൽവന്നശേഷം മൊത്തം ദേശീയോൽപാദനത്തിൽ പാർപ്പിടനിർമ്മാണത്തിന്നുള്ള ബജററ് വിഹിതത്തിൻെറ അനുപാതം യഥാർത്ഥത്തിൽ പകുതിയോളം കണ്ട് കുറയുകയാണ് ചെയ്തിട്ടുള്ളത്. പ്രാ

ദേശികാധികൃതർ ഇതിന്നായി നീക്കിവെക്കുന്ന ഫണ്ടുകൾ 65 ശതമാനം കണ്ട് വെട്ടിക്കുറക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഏററവും പ്രധാനപ്പെട്ട കാര്യം ഈ വെട്ടിക്കുറക്കലുകൾ ഗവർമ്മെണ്ടുതന്നെ ''ഏററവും വിഷമം അനുഭവിക്കുന്നവ''യെന്ന് സമ്മതിച്ചിട്ടുള്ള ഡിസ്ട്രിക്ടുകളെയാണ് പ്രധാനമായും ബാധിച്ചിട്ടുള്ളതെന്നതാണ്. ഇതേ ഡിസ്ട്രിക്ടുകളിലാണ് വംശീയസംഘർഷം കൊടുമ്പിരിക്കൊള്ളുന്നതും. ലിവർപൂളിലെ ടോക്സ് ടെത്ത്, ബിർമിങ്ങമിലെ ഹാൻഡ്സ്വർത്ത്, ബ്രിസ്റ്റോളിലെ സെയിൻറ് പോൾ, ലണ്ടനിലെ ബ്രിക്സ്ടൺ, മാഞ്ചെസ്റ്ററിലെ മോസ്സ് സൈഡ് തുടങ്ങിയ സ്ഥലങ്ങൾ അവയിൽ പെടുന്നു.

സ്കാർമാൻ പ്രഭു തൊഴിലില്ലായ്മ ചുരുക്കാനുള്ള നടപടികളും നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ ഈ ശുപാർശകൾ നൽകപ്പെട്ടതിന്നുശേഷമുള്ള കാലയളവിൽ ഗെറേറാകളിലെ തൊഴിലില്ലായ്മ പൂർവ്വാധികം ഉയരുകയാണ് ചെയ്തിട്ടുള്ളത്. വംശീയബന്ധങ്ങളിൽ ഗവേഷണത്തിന്നുള്ള വാർവിക്ക് സർവ്വകലാശാലാകേന്ദ്രം തയ്യാറാക്കിയ ഒരു പഠനത്തിൽ ഇപ്രകാരം പറയുന്നു: ''വെള്ളക്കാരല്ലാത്ത ജനങ്ങൾ കൂടുതലായ ഡിസ്ട്രിക്ടുകളിൽ തൊഴിലില്ലായ്മ മററു ഡിസ്ട്രിക്ടുകളിലേതിനെക്കാൾ കൂടുതൽ രൂക്ഷമാകാനിടയുണ്ടെന്നതിന്ന് ധാരാളം തെളിവുണ്ട്. തൊഴിലില്ലായ്മനിരക്കുകളും വംശീയ ന്യൂനപക്ഷകേന്ദ്രീകരണമുള്ള പ്രദേശങ്ങളും തമ്മിൽ അർത്ഥഗർഭമായ ഒരു പരസ്പരബന്ധമുണ്ട്. ഇത് അധികമധികം സ്പഷ്ടമായിക്കൊണ്ടിരിക്കുകയുമാണ്''. വെസ്റ്റ്മിസ്ലാൻഡ്സിൽ 1981-നും 1985-ും ഇടയിലുള്ള കാലഘട്ടത്തിൽ തൊഴിലില്ലായ്മയുടെ നിലവാരം 28 ശതമാനം കണ്ട് ഉയർന്നപ്പോൾ വംശീയന്യൂനപക്ഷകേന്ദ്രീകരണമുള്ള പ്രദേശങ്ങളിൽ അത് 33 ശതമാനം ഉയർന്നു. ഹാൻഡ്

സ്വർത്തിലെ വെള്ളക്കാരല്ലാത്ത പ്രായപൂർത്തിവന്ന പുരുഷൻമാരിൽ അത് 60 ശതമാനത്തിലെത്തി.

1985-ലെ ''തപ്തശരത്തിലെ'' നാടകീയസംഭവങ്ങൾക്കു വളരെ മുമ്പുതന്നെ ബ്രിട്ടനിൽ വംശീയലഹളകൾ പൊട്ടിപുറപ്പെടുന്നതിന്നുള്ള കളമൊരുക്കപ്പെട്ടിരുന്നു എന്നാണ് ഇതെല്ലാം കാട്ടുന്നത്. ബ്രിസ്റ്റോൾ സർവ്വകലാശാലയിലെ വളരെ അവധാനതയുള്ള ഒരു സാമൂഹ്യശാസ്ത്രജ്ഞനായ റോബർട്ട് റെയ്നർ പോലും ഇത് സ്ഥിരീകരിച്ചു. ''ലഹളകളെ അസ്ഥിരമായ ഏതോ ദുഷ്ടതയായി വിശദീകരിക്കുന്നത് കുഴപ്പത്തിന്റെ കാലവും രൂപവും സംബന്ധിച്ച് ഒരു ന്യായീകരണവും നൽകുന്നില്ല. ഈ ദുഷ്ടവാസന 1979-ന്നുശേഷം ഇങ്ങിലെ നടമാടിയതെന്തുകൊണ്ടെന്ന് വിശദീകരിക്കാൻ യാഥാസ്ഥിതികർക്ക് പ്രയാസമാകും (യാഥാസ്ഥിതികകക്ഷി അധികാരത്തിലേറിയത് 1979-ലാണ്). യാഥാസ്ഥിതികകക്ഷിയുടെ വിശദീകരണങ്ങളിൽ കുഴപ്പത്തിന്ന് കാരണമായി പറയുന്ന ഏക ഘടകം 'ബാഹ്യപ്രകോഭ'മാണ്. എന്നാൽ വെറും വായുവിൽനിന്ന് കുഴപ്പം പടച്ചുണ്ടാക്കാൻ ഒരു പ്രകോഭകനും കഴിയില്ല. പ്രാദേശികാധികൃതരേയോ പോലീസ് സേനയേയോ സംബന്ധിച്ചേടത്തോളം തങ്ങൾ ഉത്തരവാദികളായ ദൗർബ്ബല്യത്തിൽനിന്ന് പഴി വേർതിരിച്ചുവിടുന്നതിനാണ് ബാഹ്യപ്രകോഭകർ എന്ന് പറയുന്നവർ ഉതകുക''.

ടോറിലൈനിലെ വംശീയ പ്രവണതകൾ അവരുടെ കുടിയേററനയത്തിൽ പ്രത്യേകിച്ചും പ്രകടമായിരുന്നിട്ടുണ്ട്. 1979-ൽ അധികാരത്തിലേറിയ ഉടൻ താച്ചർമന്ത്രിസഭ പാർല്ലിമെണ്ടിൽ പുതിയ കുടിയേററനിയമങ്ങൾ പാസ്സാക്കിയെടുത്തു. ഈ നിയമങ്ങൾ ബ്രിട്ടീഷ് ജനതയെ അവരുടെ തൊലിയുടെ നിറത്തിന്നനുസരിച്ചുള്ള ഗ്രൂപ്പുകളായി വിഭജിക്കുകയും വെള്ളക്കാരല്ലാത്ത പലർക്കും ബ്രിട്ടീഷ് പൗരത്വം നി

ഷേധിക്കുകയും കുടുംബങ്ങളുടെ പുനരേകീകരണത്തിന്ന് പ്രതിബന്ധങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. കുടിയേററ അധികൃതർ ഈ പുതിയ നിയമങ്ങളെ ഒററവിധത്തിൽ മാത്രമേ വ്യാഖ്യാനിക്കുന്നുള്ളൂ. സമീപകാലത്ത് മാത്രം ബ്രിട്ടനിൽ ജീവിക്കാനായി വരാൻ ഉൽബോധിപ്പിക്കപ്പെട്ടവരും ഒരു ബ്രിട്ടീഷ് പാസ്സ്പോർട്ട് ഉപയോഗിക്കാനുള്ള ''ജനാധിപത്യപരമായ'' അവകാശം വാഗ്ദത്തം ചെയ്യപ്പെട്ടവരുമായ ആളുകളിൽ കഴിയുന്നത്രപേരെ രാജ്യത്തുനിന്ന് അകററിനിർത്തുകയോ പുറത്താക്കുകയോ ചെയ്കയാണവരുടെ ലക്ഷ്യം.

പുതിയ കുടിയേററനിയമങ്ങൾ ആവിഷ്ക്കരിക്കപ്പെട്ട അന്തരീക്ഷം ഇവിടെ പ്രസ്താവ്യമാണ്. ഹെയ്ൽസ് ഓവൻ, സ്റ്റദർബ്രിഡ്ജ് എന്നീവിടങ്ങൾക്കായുള്ള ഒരു യാഥാസ്ഥിതിക എം. പി. ആയ ജോൺ സ്റ്റോക്ക്സിൻെറ പ്രസ്താവനയാണ് താഴെ കൊടുക്കുന്നത്:

''ആഭ്യന്തരകുഴപ്പത്തെ ഞാൻ ഭയക്കുന്നില്ല. എന്നാൽ നാം അറിയുകയും സ്നേഹിക്കുകയും ചെയ്യുന്നു ഇംഗ്ലണ്ട്. ആചാരങ്ങൾ മാററമില്ലാതെ തുടരുന്ന പുതുതും വ്യത്യസ്തവുമായ വംശങ്ങളുടെ ഉരുളിച്ചയിലും പിരളിച്ചയിലും നഷ്ടമാകുമെന്ന് ഞാൻ ഭയക്കുന്നു''.

അല്ലെങ്കിൽ ഉത്തര നോർത്താംപ്ററണിൽനിന്നുള്ള ഒരു യാഥാസ്ഥിതിക എം. പി.യായ ടോണിമാർലോവിൻെറ താഴെ പറയുന്ന കുററസമ്മതം നോക്കുക:

''വംശമേൻമാവാദി എന്നാലെന്താണർത്ഥം? ഗോത്രക്കാരൻ എന്നർത്ഥം. മനുഷ്യൻ ഒരു ഗോത്രജീവിയാണല്ലൊ. ഞങ്ങളെപോലുള്ള, ഞങ്ങളുടെ അതേ പശ്ചാത്തലവും സംസ്ക്കാരവുമുള്ള ആളുകളോട് ഞങ്ങൾക്ക് ഒരു ബന്ധുവികാരമുണ്ട്''.

തൽഫലമായി ''ബ്രിട്ടനിൽ പ്രവേശിക്കുന്ന വെള്ളക്കാരല്ലാത്ത ആളുകളുടെ എണ്ണം ഓരോ കൊല്ലം കഴിയുന്തോറം കുറയുകയാണെ''ന്ന് കുടിയേററകാര്യങ്ങൾക്കുള്ള ഹോം ഓഫീസ് ഡിപ്പാർട്ട്മെൻറ് റിപ്പോർട്ട് ചെയ്തു. ഒരു സാധാരണ താമസപെർമിററ് ലഭിക്കാൻ കുടിയേററക്കാർ 20 മാസംവരെ കാത്തിരിക്കേണ്ടിവരുന്നു. എന്നാൽപോലും അവരിൽ പകുതി പേർക്ക് ഒടുവിൽ ആ പെർമിററുകൾ നിഷേധിക്കപ്പെടുന്നു. വെള്ളക്കാരല്ലാത്ത ജനങ്ങളുടെ വർദ്ധനവ് തൊഴിൽലഭ്യതയുടെ സ്ഥിതിയിൽ നിഷേധാത്മകമായ സ്വാധീനംചെലുത്തുന്നതായി അധികൃതർ ആരോപിക്കുന്നു. എന്നാൽ പുതിയ വംശീയ നിയമങ്ങൾ അംഗീകരിച്ചശേഷം രാജ്യത്ത് തൊഴിലില്ലായ്മ കുറയുകയല്ല, കുത്തനെ വർദ്ധിക്കുകയാണ് ചെയ്തത്. അത് ഇന്ന് 30 ലക്ഷത്തിൽ കവിഞ്ഞിരിക്കുന്നു.

എന്നിട്ടും യാഥാസ്ഥിതിക കക്ഷിയിലെ വലതുപക്ഷം അംഗങ്ങൾ പരസ്യമായി പരാതിപ്പെടുന്നത് കുടിയേററനയത്തിലെ പുതിയ നടപടികൾ ''പാതിവഴി''യേ പോകുന്നുള്ളു എന്നാണ്. വെള്ളക്കാരല്ലാത്തവരെ രാജ്യത്തുനിന്ന് നിർബ്ബന്ധിച്ച് തിരിച്ചയക്കണമെന്നാണവർ നിഷ്ക്കർഷിക്കുന്നത്. ''മണ്ടേ ക്ലബ്ബ്'' എന്നറിയപ്പെടുന്ന തീവ്ര യാഥാസ്ഥിതിക സംഘടനക്കകത്ത് കുടിയേററത്തിൻെറയും സ്വദേശത്തേക്ക് തിരിച്ചയക്കലിൻെറയും പ്രശ്നങ്ങൾ സംബന്ധിച്ച ഒരു രാഷ്ട്രീയ കമ്മിററി ഹാർവേ പ്രോക്ടറുടെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുണ്ട്. കമ്മിററി അതിൻെറ ഒരു റിപ്പോർട്ടിൽ കൊല്ലന്തോറം ഒരു ലക്ഷം പേരെ സ്വദേശത്തേക്ക് ''തിരിച്ചയക്കുന്ന''തിന്നുള്ള ഒരു പദ്ധതി നിർദ്ദേശിച്ചിരിക്കുന്നു. ''വിദേശത്ത് കുടിയേററക്കാരുടെ പുനരധിവാസത്തിന്നുള്ള'' ഒരു പ്രത്യേക മന്ത്രാലയം രൂപീകരിക്കണമെന്നും വംശീയ സമത്വം സംബന്ധിച്ച ഗവർമ്മെണ്ട് കമ്മീഷൻ നിർത്തലാക്കണമെന്നും നിർദ്ദേശിക്കുന്ന ഒരു

നയപ്രസ്താവനയും ഹാർവേ പ്രോക്ടർ പുറപ്പെടുവിക്കുകയുണ്ടായി.

ബ്രിട്ടീഷ് ഗവേഷകനും ''പുതിയ വംശമേൻമാവാദ''ത്തിൻെറ നിശിത വിമർശകനുമായ എം. ബാർക്കർ ആ പ്രസ്താവനയിലെ ഏററവും മുഖ്യമായ സംഗതി രാഷ്ട്രീയത്തേയും അർത്ഥശാസ്ത്രത്തേയും ആധാരമാക്കിയല്ല, മനുഷ്യസ്വഭാവത്തെ ആധാരമാക്കിയാണ് രാഷ്ട്രങ്ങൾ കെട്ടിപ്പടുക്കപ്പെടുന്നതെന്ന വാദമാണെന്ന് ചൂണ്ടിക്കാട്ടുന്നു. ''പുറത്തുനിന്നുള്ളവരിൽനിന്ന് നമ്മുടെ ജീവിതരീതിയേയും പാരമ്പര്യങ്ങളേയും ആചാരങ്ങളേയും സംരക്ഷിക്കുക എന്നത് നമ്മുടെ ജൈവശാസ്ത്രത്തിൻെറ ഭാഗമാണ്; നമ്മുടെ സഹജവാസനയാണ്. ഇതര ജനതകൾ നമ്മെക്കാൾ മോശമോ നമ്മെക്കാൾ കുറഞ്ഞവരോ ആയതുകൊണ്ടല്ല ഇത് സംഭവിക്കുന്നത്. പ്രത്യുത അവർ ഒരു വിഭിന്ന സംസ്ക്കാരത്തെ പ്രതിനിധീകരിക്കുന്നതുകൊണ്ടാണ് ഇത് വംശമേൻമാവാദത്തിൻെറ ഒരു രൂപമത്രെ. അത് വംശമേൻമാവാദമാകുന്നതിന്ന് കാരണം സാമൂഹ്യ-ചരിത്രപ്രക്രിയകളുടെ ഫലമായ ജനവിഭാഗങ്ങളെ ജൈവശാസ്ത്രമെന്നനിലയിൽ, അഥവാ കപട-ജൈവശാസ്ത്രപരമെന്നനിലയിൽ അത് കാണുന്നു എന്നതാണ്. എന്നാൽ നാം വംശമേൻമാവാദമെന്ന് സാധാരണ അംഗീകരിക്കുന്നതേതോ അതിനെക്കാൾ എത്രയോ കൂടുതൽ നിഗൂഢമായ ഒരു വംശമേൻമാവാദരൂപമാണത്. അത് പരിഹാസങ്ങൾ വാരിചൊരിയുന്നില്ല. 'നിഗ്ഗർ' എന്നോ 'വോഗ്' എന്നോ 'കൂൺ' എന്നോ അതിനൊരിക്കലും പറയേണ്ട ആവശ്യമില്ല. എന്നാൽ ഈ വാക്കുകളിൽ പ്രകാശിതമാകുന്ന ശത്രുതയുടെ അതേ വികാരങ്ങൾ നിഗൂഢവും ഫലപ്രദവുമായ രീതികളിൽ അത് സൃഷ്ടിക്കുന്ന''.

യാഥാസ്ഥിതികർ കരുതിക്കൂട്ടി വംശീയത നട്ടുവളർത്തുന്നു എങ്കിലും വംശമേൻമാവാദികളായി കാണപ്പെടാൻ അവരാഗ്രഹിക്കുന്നില്ല. സ്വദേശികളായ

ബ്രിട്ടീഷ്കാർക്ക് ഈ നാടുമായുള്ള ബന്ധം ഏഷ്യക്കാർക്കും മററു മിക്ക കുടിയേററക്കാർക്കും ഈ നാടിനോടുള്ള ബന്ധത്തിൽനിന്ന് നൈസർഗ്ഗികമായി വ്യത്യസ്തമാണെന്ന് നയപഠനങ്ങൾക്കുള്ള കേന്ദ്രം എന്ന പിന്തിരിപ്പൻ സ്ഥാപനത്തിൻെറ ഡയരക്ടർ അൽഫ്രഡ് ഷെർമാൻ പറയുന്നു. അതിനാൽ ഈ വ്യത്യാസങ്ങൾ ആവശ്യമുള്ളയിടത്ത് നിയമത്തിലും പ്രയുക്തിയിലും മൂർത്തിമത്ക്കരിക്കുന്നതിന്ന് രാഷ്ട്രീയാടിസ്ഥാനത്തിൻെറയത്രതന്നെ അവിതർക്ക്യമായ ധാർമ്മികാടിസ്ഥാനവുമുണ്ടെന്ന് അദ്ദേഹം പറയുന്നു. ഈ സിദ്ധാന്തപ്രകാരം വംശീയ മുൻവിധിക്ക് വിദേശികളോടുള്ള വെറുപ്പുമായോ അവർക്കെതിരായ വിവേചനവുമായോ ഒരു ബന്ധവുമില്ല. നേരെമറിച്ച് വംശീയ മുൻവിധി പിടികൂടുന്നത് വിദേശികളെത്തന്നെയാണ് — തങ്ങൾ സ്ഥിരതാമസത്തിന്ന് തിരഞ്ഞെടുക്കുന്ന രാജ്യത്തിൽ സ്വീകരിക്കപ്പെടുന്നവിധത്തിൽ ജീവിക്കാൻ അവർ വിസമ്മതിക്കുന്നുവല്ലൊ. ഒരു ഇന്ത്യൻ കുടുംബം പഴയ പാരമ്പര്യങ്ങൾ മുറുകെപ്പിടിക്കുന്ന ഉദാഹരണം ഉദ്ധരിച്ച് റോബർട്ട് ടെയ്ലർ എം. പി. തൻെറ വാദം അവതരിപ്പിക്കുന്നു.

തങ്ങളുടെ മകൾ ഇന്ത്യാ ഉപഭൂഖണ്ഡത്തിൽനിന്നുള്ള ഒരു ഇന്ത്യക്കാരനെ വിവാഹംകഴിക്കണമെന്ന് ആ കുടുംബം നിഷ്ക്കർഷിച്ചുവത്രെ. ''ഇത് നമുക്ക് വിഭാവനംചെയ്യാൻ കഴിയുന്ന മറേറതു നടപടിയേയുംകാൾ വംശമേൻമാവാദപരമാണ്. കാരണം ഇതരവംശങ്ങളുടെയും ആചാരങ്ങളുടെയും ഒരു തിരസ്ക്കരണവും നമ്മുടെ സമൂഹത്തിൻെറ ആചാരങ്ങളുടെ ഒരു തിരസ്ക്കരണവും ആണത്''.

വംശമേൻമാവാദമെന്ന സങ്കൽപത്തെ തിരുത്തുന്നതിൻെറ നയം അത്തരം ആരോപണങ്ങൾ ഉയർത്തുക മാത്രമല്ല, ഇതര വംശീയവിഭാഗങ്ങളേയും ദേശീയ ജനവിഭാഗങ്ങളേയുംകാൾ മേലേകിടയിലുള്ളവരാണ് ത

ങ്ങളെന്ന് വംശമേൻമാവാദികാം കരുതുന്നുവെന്ന ആരോപണങ്ങളിൽനിന്നവരെ വിമോചിപ്പിക്കുകയും ചെയ്യുന്നു. ഈ ''അന്യരു''ടെ സാന്നിദ്ധ്യം ഇംഗ്ലീഷ് ജീവിതരീതിയെ ഭീഷണിപ്പെടുത്തുന്നു എന്ന് നിഷ്ക്കർഷിക്കാൻ തങ്ങാം മേൽവംശജരാണെന്ന് നടിക്കേണ്ടതില്ല. വംശമേൻമാവാദത്തിന്ന് യഥാർത്ഥത്തിൽ ഇരകളായിത്തീരുന്നവർ വംശമേൻമാവാദികളാണെന്ന് പറഞ്ഞാൽ മതി.

വംശമേൻമാവാദം മനുഷ്യന്റെ സഹജവാസനകളെയാണ് അധികമധികം ശരവ്യമാക്കുന്നതെന്ന് സ്പഷ്ടം. സാമൂഹ്യജൈവശാസ്ത്രം എന്ന കപടശാസ്ത്രത്തിൽ ഇത് ഏററവും പ്രകടമാകുന്നു. ഏതുതരം വംശീയ ജുഗുപ്സയിലും പാരമ്പര്യശാസ്ത്രനിബദ്ധമായ ഒരു ഘടകാംശം ഉണ്ടെന്ന ധാരണയിലധിഷ്ഠിതമാണ് ഈ കപടശാസ്ത്രം. കാലപ്പോക്കിൽ ജനങ്ങാം ഒരു ജനിതകബന്ധുത്വം വികസിപ്പിക്കുകയും കൂടുതൽ വലുതും ശക്തവുമായ ഗ്രൂപ്പുകളുടെ ആവിർഭാവത്തിന്നായി ഒരു നിരാസപ്രക്രിയക്ക് വിധേയരാവുകയും ചെയ്യുന്നുവത്രെ. ''വംശീയ അതിരുകാം അവശ്യം നിലനിർത്തിക്കൊണ്ട് മഹാകുടുംബങ്ങളുടെ അഥവാ ദേശീയ ജനവിഭാഗങ്ങളുടെ സൃഷ്ടിക്കർത്ഥം ഇതര പ്രതിയോഗി ഗ്രൂപ്പുകാംക്കെതിരെ അതിനൊത്ത ഒരു സംഘടനയുടെ രൂപീകരണം എന്നാകു''മെന്ന് ''സാമൂഹ്യ ജൈവശാസ്ത്രജ്ഞരി''ൽ ഒരാളായ പിയറെ വാൻസെൻ ബർഗെ എഴുതുന്നു.

സ്വന്തം ജോലി നഷ്ടപ്പെടുമെന്നോ പുതിയൊരു മ്പാററ് നിഷേധിക്കപ്പെടുമെന്നോ ഉള്ള ഭയം മുതൽ എല്ലാ കുടിയേററക്കാർക്കും ഉള്ളതെന്ന് പറയുന്ന ''പ്രത്യേക ഗന്ധം'' വരെ അസംതൃപ്തിയുടെ എല്ലാ പ്രകടരൂപങ്ങളേയും സാമൂഹ്യജൈവശാസ്ത്രം ഒരു പ്രത്യേക തരം 'സെനോഫോബിയ'യാക്കി, അതായത്, എല്ലാ അപരിചിതരെക്കുറിച്ചുമുള്ള യുക്തിവിരു

ദ്ധമായ ഭീതിയാക്കി, മാററുന്നു. നമ്മുടെ ജനിതക പ്രത്യേകതകൾ കാരണം ദശലക്ഷക്കണക്കിന്ന് വർഷങ്ങളിൽ നമ്മിൽ വളർന്നുവന്ന പരിണാമപരമായ ഒരു സവിശേഷതയായി ഇത്തരം വിദേശഭീതി അവതരിപ്പിക്കപ്പെടുന്ന സാമൂഹ്യജൈവശാസ്ത്രം തികച്ചും നിഷ്പക്ഷമായതായാണ് പുറമേക്ക് കാണപ്പെടുക. ഒരു ''യുദ്ധ''ശാസ്ത്രമായി അത് ഭാവിക്കുന്നു.

നാഷണൽ ഫ്രണ്ടിൽനിന്നുള്ള പുത്തൻനാസികൾ ഈ ശാസ്ത്രത്തെ ഔത്സുക്യത്തോടെ ഉപയോഗപ്പെടുത്തുന്നു.

# III. പുത്തൻ-നാസി ഭീകരത

പുത്തൻ-നാസി നാഷണൽ ഫ്രണ്ട് 1967-ലാണ് രൂപീകരിക്കപ്പെട്ടത്. ലീഗ് ഓഫ് എമ്പയർ ലോയലിസ്റ്റ്സ്, ബ്രിട്ടീഷ് നാഷണൽ പാർട്ടി, വംശീയ സംരക്ഷണസമിതി എന്നീ മൂന്നു സംഘടനകൾ അതിൽ ഉൾപ്പെട്ടു. യാഥാസ്ഥിതിക കക്ഷിക്ക് പുറത്തായി ഒരു വലതുപക്ഷ തീവ്രവാദി രാഷ്ട്രീയ സംഘടന സൃഷ്ടിക്കുകയായിരുന്നു ഫ്രണ്ടിന്റെ ലക്ഷ്യം. നാഷണൽ ഫ്രണ്ട് അതിന്റെ പ്രവർത്തനത്തിന്റെ ഒന്നാം ഘട്ടത്തിൽ പാർല്ലിമെണ്ടറി ജനാധിപത്യം തങ്ങൾ മുറുകെ പിടിക്കുന്നതായി ഊന്നിപ്പറഞ്ഞു. എന്നാൽ വെള്ളക്കാരല്ലാത്ത എല്ലാ കുടിയേററക്കാരേയും നിർബ്ബന്ധപൂർവ്വം അവരവരുടെ നാടുകളിലേക്ക് തിരിച്ചയക്കണമെന്ന് വാദിക്കാൻ ഫ്രണ്ടിന്ന് അത് തടസ്സമായില്ല. അതിന്റെ പ്രത്യയശാസ്ത്രത്തിൽ ''വംശം'', ''ദേശം'' എന്നീ ആശയങ്ങൾ പരസ്പരം ഉററ് ബന്ധപ്പെട്ടവയാണ്. ദേശീയവാദത്തിൽ ഫ്രണ്ട് കാണുന്നത് ബ്രിട്ടീഷ് ''വംശ''ത്തിന്റെ ഒരു ''സ്വാഭാവിക'' പ്രകാശനമാണ്. ഈ വംശം അത്രതന്നെ ''സ്വാഭാവികമായി'' ഇതര ''വംശങ്ങളു''മായും വിശിഷ്യ ''താഴ്ന്ന'' വംശങ്ങളുമായും ശത്രുതാപരമായ വൈരുദ്ധ്യങ്ങൾ ഉള്ളതുമാണ്...

എഴുപതുകളുടെ അവസാനമാകുമ്പോഴേക്കുതന്നെ നാഷണൽ ഫ്രണ്ട് ഫാസിസത്തോട് പരസ്യമായ കൂറ് പുലർത്തുന്നവരെന്ന് അറിയപ്പെട്ട രാഷ്ട്രീയക്കാരുടെ കൈകളിൽ ഒതുങ്ങിയിരുന്നു. റെവററ് ഡിഫൻസ് ലീഗ്, ബ്രിട്ടീഷ് നാഷണൽ പാർട്ടി, നാഷണൽ സോഷ്യലിസ്ററ് മൂവ്മെൻറ് എന്നീ

തീവ്ര വലതുപക്ഷശക്തികളുടെ അണികളിൽ മുമ്പ് അംഗമായിരുന്ന ജോൺ ടിൻഡൽ സംഘടനയുടെ നേതാവായിത്തീർന്നു. 1964 മെയ്യിൽ ഇയാൾ ഗ്രേററർ ബ്രിട്ടൻ മൂവ്മെൻറ് എന്ന പേരിൽ സ്വന്തമായ ഒരു ഗ്രൂപ്പ് സ്ഥാപിച്ചിരുന്നു. ഹിററ്ലറുടെ ഒരു പടവും ''ഹിററ്ലർ ശരിയായിരുന്നു'' എന്ന വാക്കുകളും മുദ്രണം ചെയ്ത പോസ്റ്ററുകൾ ഉപയോഗപ്പെടുത്തിയാണ് ഈ ഗ്രൂപ്പ് സ്വയം പരസ്യപ്പെടുത്തിയത്. *നാഷണൽ ഫ്രണ്ട് ന്യൂസ്*, പിന്നീട് *ബുൾഡോഗ്* എന്നീ വലിയ പ്രചാരമുള്ള പത്രികകളുടെ പ്രസിദ്ധീകരണം ആരംഭിച്ചു. നാഷണൽ ഫ്രണ്ട് പ്രസ്സ് എന്ന ഒരു പ്രസാധനശാലയും സ്ഥാപിതമായി. വംശമേൻമാവാദത്തെ പുകഴ്ത്തുന്ന നൂറുകണക്കിന്ന് പുസ്തകങ്ങൾ ഫ്രണ്ടിൻെറ ആ സ്ഥാനത്തിലെ ഷെൽഫുകളിൽ ഞാൻ കണ്ടു.

കഴിഞ്ഞ ഏതാനും ദശകങ്ങളിൽ ബ്രിട്ടനിലെ ഭരണവർഗ്ഗം തിരഞ്ഞെടുത്തിട്ടുള്ള ഏററവും പ്രധാനപ്പെട്ട ഭാവങ്ങളിലൊന്നാണ് ദേശീയ ഫ്രണ്ടിൻെറ തന്ത്രം. ഫാസിസ്റ്റ്പാർട്ടികളിൽനിന്നും ഗ്രൂപ്പുകളിൽനിന്നുമുള്ള മുരത്ത വംശമേൻമാവാദികളും യാഥാസ്ഥിതിക കക്ഷിയിലെ മാന്യനേതാക്കളായ വംശമേൻമാവാദികളും തറപ്പിച്ചു പറയുന്നത് രാജ്യത്തെ ഇളക്കിമറിക്കുന്ന സാമൂഹ്യ-സാമ്പത്തിക അസ്വാസ്ഥ്യങ്ങൾക്കുള്ള മൂലകാരണം വെള്ളക്കാരല്ലാത്തവരാണെന്നാണ്.

മാർഗററ് താച്ചർ തിരഞ്ഞെടുപ്പിൽ മൽസരിക്കാൻ ഇറങ്ങവെ വെള്ളക്കാരല്ലാത്ത കുടിയേററക്കാരുടെ എണ്ണത്തെ പരാമർശിച്ച് ഇങ്ങിനെ പറഞ്ഞു: ''ഇതു ഭയങ്കരമായ ഒരു കൂട്ടംതന്നെ. വ്യത്യസ്തമായ ഒരു സംസ്കാരമുള്ള ആളുകൾ രാജ്യത്തെങ്ങും നിറഞ്ഞേക്കുമെന്ന ഭയം ജനങ്ങൾക്ക് യഥാർത്ഥത്തിൽ ഉണ്ടെന്നാണ് ഇതിനർത്ഥമെന്ന് ഞാൻ കരുതുന്നു. ബ്രിട്ടൻ ജനാധിപത്യത്തിന്നുവേണ്ടി, നിയമത്തിന്നുവേണ്ടി

വളറെയേറെ കാര്യങ്ങഠം ചെയ്തിട്ടുണ്ടെന്ന്, ലോകമെങ്ങും വളരെയേറെ കാര്യങ്ങഠം ചെയ്തിട്ടുണ്ടെന്ന് നിങ്ങഠംക്കറിയാമല്ലൊ. ആ നിലക്ക് നാടു മുങ്ങിപ്പോയേക്കുമെന്ന ഭയമുണ്ടായാൽ ജനങ്ങഠം പ്രതികരിക്കും; പുറമെനിന്ന് വരുന്നവരോട് ശത്രുത കാട്ടും.''

എഴുപതുകളുടെ അവസാനത്തിലാണ് ഈ പ്രസ്താവന ചെയ്തത്. അന്ന് ടോറികഠം ലേബർ പാർട്ടിയിൽനിന്ന് അധികാരമേറെറടുക്കാൻ തയ്യാറാവുകയായിരുന്നു. താച്ചറുടെ ഭരണത്തിന്റെ വർഷങ്ങഠം വംശീയവൈരുദ്ധ്യങ്ങഠം നിശിതമായി മൂർച്ഛിച്ച ഒരു കാലഘട്ടമായിത്തീർന്നിട്ടുണ്ട്. വെള്ളക്കാരല്ലാത്തവരുടെ ഗെറേറാകളിൽ വിവേചനത്തിന്നെതിരായും പോലീസ് പീഡനത്തിന്നെതിരായും പ്രതിഷധങ്ങഠം അലയടിച്ചു.

ടോറികഠം വംശീയവിദ്വേഷം കുത്തിയിളക്കുന്നതിനെ, നിയമപരമായ — മാന്യം''പോലുമായ — വംശമേൻമാവാദത്തെ, ആധാരമാക്കുന്ന നാഷനൽ ഫ്രണ്ട് അനുയായികളുടെ കൂട്ടത്തിൽനിന്നുള്ള വോട്ടർമാരെ അവർക്കങ്ങിനെ വശീകരിക്കാൻ കഴിഞ്ഞു. മാത്രമല്ല മുമ്പ് നാഷനൽ ഫ്രണ്ടിന്റെ പാർല്ലിമെണ്ട് സ്ഥാനാർത്ഥികളായി മൽസരിച്ചിരുന്ന പല രാഷ്ട്രീയ നേതാക്കഠം ഇപ്പോഠം അവരുടെ കർമ്മവേദിയിൽ വാസ്തവത്തിൽ ഒരു മാററവും വരുത്താതെതന്നെ യാഥാസ്ഥിതികരുടെ പക്ഷത്തേക്ക് പോയി. ഉദാഹരണത്തിന്ന് സ്റ്റോക്ക്ടണിലെ യാഥാസ്ഥിതികകക്ഷി സ്ഥാർത്ഥി തോമസ് ഫിന്നിഗൺ മുമ്പ് ബിർമിങ്ങമിലെ നാഷനൽ ഫ്രണ്ടിന്റെ സെക്രട്ടറി, വെസ്റ്റ് മിഡ്ലാൻഡ്സിലെ നാഷനൽ ഫ്രണ്ടിന്റെ ഓർഗനൈസർ എന്നീ സ്ഥാനങ്ങഠം വഹിച്ച ആളായിരുന്നു. രണ്ടു തവണ അയാഠം നാഷനൽ ഫ്രണ്ടിന്റെ പാർല്ലിമെണ്ട് സ്ഥാനാർത്ഥിയായി മൽസരിച്ചിരുന്നു.

വാസ്തവത്തിൽ വംശീയ പ്രത്യയശാസ്ത്രത്തിന്റെ പ്രചരണത്തിലും സാക്ഷാൽക്കരണത്തിലും നാഷനൽ ഫ്രണ്ട് നേതാക്കളിൽനിന്ന് ഒന്നാം സ്ഥാനം പിടിച്ചെടുക്കാനാണ് ടോറികൾ യത്നിച്ചത്. യാഥാസ്ഥിതികരുടെ ''വിജയ''ത്തിന്റെ ഫലങ്ങൾ എന്തായിരുന്നു? സർവ്വോപരി അത് ബ്രിട്ടനിലെ വെള്ളക്കാരല്ലാത്തവരുടെ സ്ഥിതിയെ ഹാനികരമായി ബാധിച്ചിട്ടുണ്ട്.

''യാഥാസ്ഥിതികകക്ഷിക്ക് അതിന്റെ വോട്ടർ പിന്തുണ ദൃഢീകരിക്കാൻ കഴിഞ്ഞു എന്ന വസ്തുത നാഷനൽ ഫ്രണ്ടിനേയും (മററു പുത്തൻ ഫാസിസ്റ്റ് ഗ്രൂപ്പുകളേയും) അവരുടെ തന്ത്രം മാററുന്നതിന്ന് നിർബ്ബന്ധിതരാക്കി'' എന്ന് ബ്രിട്ടീഷ് ഗവേഷകരായ റോബർട്ട് മൈൻസും ആനീ ഫിസാക്ലീയും എഴുതുന്നു. യാഥാസ്ഥിതികകക്ഷി വലത്തോട്ട് നീങ്ങിയ ഓരോ അവസരത്തിലും പുത്തൻ ഫാസിസ്റ്റുകൾ കൂടുതൽ പ്രതിലോമകാരികളായി. അവർ ''എലക്ടോറൽ മാന്യത'' തിരസ്കരിച്ച് തെരുവു രാഷ്ട്രീയത്തിലേക്ക് മടങ്ങിയത് അതുകൊണ്ടാണ്. എൺപതുകളിൽ വംശീയ ആക്രമണങ്ങളുടെയും കൊലപാതകങ്ങളുടെയും വർദ്ധനവ് പുത്തൻ-ഫാസിസ്റ്റുകളുടെ തന്ത്രപരമായ തീരുമാനത്തിന്റെ ഫലമാണെന്നതിൽ സംശയമില്ലെന്ന് ഗവേഷകർ ചൂണ്ടിക്കാട്ടുന്നു. പൊതുതിരഞ്ഞെടുപ്പിൽ നാഷനൽ ഫ്രണ്ടിനേററ തിരിച്ചടിയും നിരന്തരമായ സാമ്പത്തികപ്രതിസന്ധിയുടെ സാഹചര്യങ്ങളിൽ യാഥാസ്ഥിതികകക്ഷിയുടെ വലത്തോട്ടുള്ള ആട്ടവും പാർല്ലിമെണ്ടറി ജനാധിപത്യം തകർക്കുന്നതിനെപ്പററി ആലോചിക്കാൻ പുത്തൻ-ഫാസിസ്റ്റ് നേതാക്കൾക്ക് പ്രേരകമായി. ഇതിനായി തങ്ങൾ സാമൂഹ്യസംഘട്ടനങ്ങൾ പ്രകോപിപ്പിക്കുകയും ബ്രിട്ടീഷ് നഗരങ്ങളുടെ തെരുവുകളിൽ അക്രമത്തിന്റെ അളവ് വർദ്ധിപ്പിക്കുകയും ചെയ്യണമെന്ന് അവർ കരുതി.

നാഷനൽ ഫ്രണ്ടിന്റെ ഒരു നേതാവും പ്രത്യയശാസ്ത്രകാരനുമായ മാർട്ടിൻ വെബ്സ്റ്ററുമായി ഞാൻ സംസാരിക്കുകയുണ്ടായി. നാഷനൽ ഫ്രണ്ട് ''വെള്ളക്കാരനല്ലാത്തവരുടെ ആധിപത്യ''ത്തിന്ന് എതിരാണെന്നും ''സാധാരണ ബ്രിട്ടീഷുകാരന്റെ'' സംരക്ഷണാർത്ഥം നിലകൊള്ളുന്നു എന്നും വ്യക്തമാക്കലാണ് അയാളുടെ വാദമുഖങ്ങളിൽ ഏററവും പ്രധാനസംഗതി.

''വെള്ളക്കാരനല്ലാത്ത പൗരനെന്നോ? പററില്ല, വെള്ളക്കാരനല്ലാത്ത ഒരാളിൽനിന്നു ഒരു പൗരനെ ഉണ്ടാക്കാനാവില്ല, ''അയാരം എനിക്കു വിശദീകരിച്ചുതന്നു.'' അവർ ബ്രിട്ടീഷുരാഷ്ട്രത്തെ ദുഷിപ്പിക്കുകയാണ്, അതിനെ വീര്യംകെടുത്തുകയാണ് അവരെ ഒന്നൊഴിയാതെ അവരുടെ നാടുകളിലേക്ക് തിരിച്ചയക്കണം . . . ഇതാകും ബ്രിട്ടന്റെ ഒരു പുനരുജ്ജീവനത്തിന്റെ ആ രംഗം. ഈ സമരം ഒററയടിക്ക് മുഴുവൻ രാജ്യത്തേയും സമാശ്ലേഷിക്കുമെന്ന് ഞാൻ പറയുന്നില്ല. എന്നാൽ സൗത്ത് ലണ്ടൻ, ബിർമിങ്ങ്ഹാം, വോൾവർഹാംപ്ടൺ, ബ്രാഡ്ഫോഡ് തുടങ്ങിയ സ്ഥലങ്ങളിൽ അത് ലണ്ടൻ ഡെറിയിലും അൾസ്റ്ററിലും നിലവിലുള്ള വ്യാപ്തി ആർജ്ജിച്ചേക്കും. വിധ്വംസക വിഭാഗങ്ങളുടെ ഭീകരപ്രവർത്തനങ്ങൾ കൂടുതൽ സാധാരണമായിത്തീരുമെന്ന് ഞാൻ കരുതുന്നു. സമൂഹത്തിൽ സംഘർഷത്തിന്റെയും സംഭ്രാന്തിയുടെയും ഒരു അന്തരീക്ഷം സൃഷ്ടിക്കാൻ അവർ യത്നിക്കും. ബ്രിട്ടീഷുകാരെ ആത്മരക്ഷക്കായി തട്ടിയെണീപ്പിക്കലാണ് മുഖ്യ സംഗതി. ഈ അസ്വാസ്ഥ്യങ്ങൾ പ്രകോപിപ്പിക്കുന്നതാരെന്നും അവരെ എവിടെ കാണാമെന്നും ഞങ്ങൾക്കറിയാം. ഈ ആളുകൾ ഉത്തര അയർലാണ്ടിൽ നടക്കുന്നപോലുള്ള ഭീകരപ്രവർത്തനങ്ങളിൽ ഏർപ്പെടുകയും അധികൃതർ ചുണകെട്ടതും ചഞ്ചലവുമായ രീതിയിൽ പെരുമാറുകയും ചെയ്താൽ അത്തരം അസ്വാസ്ഥ്യങ്ങൾ കുത്തിയിളക്കുന്നവരെ

അറസ്റ്റ് ചെയ്യാൻ — കറുത്തവരെ അറസ്റ്റ് ചെയ്യാൻ — ഞങ്ങൾ തുനിയേണ്ടിവരും.''

കഴിഞ്ഞ ഏതാനും വർഷങ്ങളായി പുത്തൻ-നാസികൾ അധികമധികം വീറോടെ ഫുട്ബാൾ മൈതാനങ്ങളിലെ സ്റ്റാൻഡുകളിൽ കൂട്ടംകൂടുന്നു. ബ്രിട്ടീഷ് ലിവർപൂൾ ക്ലബ്ബും ഇററാലിയൻ ജൂവൻറസ് ക്ലബ്ബും തമ്മിൽ ബ്രസ്സൽസിൽവെച്ചു നടന്ന മത്സരത്തിലുണ്ടായ ലഹളയിൽ ഡസൻ കണക്കിന്ന് പ്രേക്ഷകർ കൊല്ലപ്പെടുകയും നൂറുകണക്കിനാളുകൾക്ക് പരുക്കേൽക്കുകയും ചെയ്തു. ഭ്രാന്തുപിടിച്ച പോലെ പെരുമാറിയ ആരാധകരിൽ മിക്കവർക്കും നേതൃത്വംനൽകിയത് ഫാസിസ്റ്റ് നാഷനൽ ഫ്രണ്ട് സംഘടനകളാണ്. സ്റ്റേഡിയത്തിലെങ്ങും നാഷനൽ ഫ്രണ്ടിൻെറ പതാകകൾ വീശിക്കാട്ടുകയും അതിൻെറ മുദ്രാവാക്യങ്ങൾ മുഴക്കുകയും ചെയ്തിരുന്നു. ഫ്രണ്ടിലെ അംഗങ്ങൾ ''റൂൾ, ബ്രിട്ടാനിയ'' എന്ന ഗീതം പാടി. ശണ്ഠകൾ പൊട്ടിപ്പുറപ്പെട്ടപ്പോൾ അവർ വംശീയ മുദ്രാവാക്യങ്ങളടങ്ങിയ ലഘുലേഖകൾ ഫുട്ബാൾ മൈതാനത്തിലേക്കു വലിച്ചെറിയാനാരംഭിക്കുകയും ചെയ്തു. നാഷനൽ ഫ്രണ്ട് ഈ ലഹള നേരത്തെ പ്ലാൻചെയ്തു നടപ്പാക്കിയതാണെന്ന് ലിവർപൂൾ ടീമിൻെറ തലവൻ സ്മിത്ത് പ്രഖ്യാപിച്ചു.

''ന്യൂ കാസിൽ യുണൈറഡ് നാഷനൽ ഫ്രണ്ട് ആണ് ഇത് പറയുന്നത്. ഞങ്ങൾ ബ്രസ്സൽസിലെ സ്റ്റേഡിയത്തിലുണ്ടായിരുന്നു. അവിടെ ഇററലിക്കാരെ കൊന്നു. ഞങ്ങളതിൽ അഭിമാനിക്കുന്നു''.

ഒരു ബ്രിട്ടീഷ് പുത്തൻ-നാസി ലോക്കൽ മുൻസിപ്പാലിററിയിലെ ഒരു ലേബർ പാർട്ടി അംഗത്തെ ഫോണിൽ വിളിച്ചറിയിച്ചതാണ് മേൽകൊടുത്ത പ്രസ്താവന.

വലിയ ജനക്കൂട്ടങ്ങളെ തങ്ങളുടെ സ്വാധീനത്തിൽ കൊണ്ടുവന്ന് വംശീയ-ഫാസിസ്റ്റ് വാക്കുകൾ അവരെ

കൊണ്ട് വിളിച്ച്പറയിപ്പിക്കാനുള്ള ആഗ്രഹം പുത്തൻ-നാസി നേതാക്കൾ ഒരിക്കലും ഒളിച്ചുവെക്കാറില്ല. വാസ്തവത്തിൽ മററു യൂറോപ്യൻ പുത്തൻ-ഫാസിസ്റ്റ് വിഭാഗങ്ങളുടെ അതേ അടവാണ് നാഷനൽ ഫ്രണ്ടിൻേറതും — രാഷ്ട്രീയസ്ഥിതി അസ്ഥിരവത്ക്കരിക്കുകയും ജനങ്ങൾക്കിടയിൽ സംഭ്രാന്തിയും പ്രതിഷേധവും സൃഷ്ടിക്കുകയും എന്നിട്ട് ഈ വികാരങ്ങൾവെച്ച് മുതലെടുക്കുകയും ചെയ്ക എന്ന അതേ അടവ്.

ബ്രിട്ടനിലേയും യൂറോപ്പിലേയും പാക്കിസ്ഥാനി സംഘടനകളുടെ യൂണിയൻ എന്ന പൊതുജനസംഘടനയുടെ കണക്കുകൾപ്രകാരം എഴുപതികളിൽ ഓരോ ആഴ്ചയിലും ബ്രിട്ടനിൽ 50 – 60 വംശീയാക്രമണങ്ങൾ വീതം നടന്നു. 1980-ഓടെ' അവയുടെ എണ്ണം ഇരട്ടിയായി. അത് വർദ്ധിച്ചുകൊണ്ടിരിക്കുകയുമാണ്. കുടിയേററക്കാരുടെ വീടുകളിലും പള്ളികളിലും വംശീയ മുദ്രാവാക്യങ്ങൾ എഴുതിവെക്കുന്നതു മുതൽ കൊലപാതകങ്ങളും ബോംബാക്രമണങ്ങളും നടത്തുന്നതുവരെ വ്യാപകമായ പ്രവർത്തനങ്ങളിൽ തീവ്രവാദി സംഘടനകൾ ഏർപ്പെടുന്നു. യൂറോപ്പിലെ ഫാസിസ്റ്റ് പ്രവണതകൾ സംബന്ധിച്ച് ഗവേഷണംനടത്തുന്ന പി. വിൽകിൻസൺ ഇങ്ങിനെ പറയുന്നു: ''തൊഴിലില്ലായ്മ ഏററവും രൂക്ഷമായി അനുഭവിക്കുന്ന സാമൂഹ്യ ഗ്രൂപ്പുകൾ അഥവാ വർഗ്ഗങ്ങൾ എല്ലായ്പോഴും ന്യൂനപക്ഷങ്ങളെ വിശിഷ്യ എളുപ്പം തിരിച്ചറിയാവുന്ന കുടിയേററ ഗ്രൂപ്പുകളെ ആക്രമിക്കാൻ ചായ്വ്കാട്ടുന്നു. 'തങ്ങളുടെ ജോലികൾ അപഹരിച്ചു' എന്നോ ശരിയായ പാർപ്പിടം, വിദ്യാഭ്യാസം, ക്ഷേമസർവ്വീസുകൾ തുടങ്ങിയ മററാനുകൂല്യങ്ങൾ തങ്ങൾക്കില്ലാതാക്കിയെന്നോ അവർ ന്യൂനപക്ഷങ്ങളുടെമേൽ പഴിചാരുന്നു. കടുത്ത സാമൂഹ്യ-സാമ്പത്തിക പ്രയാസങ്ങൾ അനുഭവപ്പെടുന്ന സമൂഹങ്ങളുടെ കാര്യത്തിൽ വ്യവസ്ഥയുടെ പരാജയ

ങ്ങരംക്ക് ന്യൂനപക്ഷങ്ങരം ബലിയാടുകളാകുന്നു എന്നത് ദുഃഖകരമായ ഒരു വസ്തുതയാണ്''.

അതെ, ബലിയാടുകരംതന്നെ. വെള്ളക്കാരല്ലാത്തവർ തീവ്ര വലതുപക്ഷ വംശീയസംഘടനകളിലെ അംഗങ്ങളുടെ ആക്രമണങ്ങരംക്കും അവഹേളനങ്ങരംക്കും ഇരയാകുന്നതായി വംശീയ ബന്ധങ്ങളും പാർപ്പിടനിർമ്മാണവും സംബന്ധിച്ച ഗ്രേററർ ലണ്ടൻ കമ്മീഷൻെറ ഒരു റിപ്പോർട്ട് സമ്മതിക്കുന്നു. വംശീയ വെറിപ്രകടനങ്ങളുടെ ആയിരക്കണക്കിന്ന് കേസുകരം കമ്മീഷൻ പരിശോധിച്ചു. ഇത്തരം കേസുകളുടെ എണ്ണം സ്ഥിരമായി വർദ്ധിക്കുന്നു എന്നും വെള്ളക്കാരല്ലാത്തവർ നിരന്തരമായ ഭീതിയിലും സംഘർഷത്തിലുമാണ് ജീവിക്കുന്നതെന്നും കമ്മീഷൻ അഭിപ്രായപ്പെടുന്നു. ഗെറേറാകളിലെ നിവാസികരംക്ക് ഭയപ്പെടാൻ മതിയായ കാരണമുണ്ട്.

. . . ലണ്ടനിൽ പ്രധാനമായും ഏഷ്യൻ കുടിയേററക്കാർ താമസിക്കുന്ന വടക്കുകിഴക്കൻ അററത്ത് ഒരു വീട് അഗ്നിക്കിരയായതിൽ ഒരു ഗർഭിണിയും അവരുടെ മൂന്നു ചെറിയ കുട്ടികളും ജീവനോടെ ദഹിച്ചു. തീവ്രവാദികരം നടത്തിയ തീവെപ്പിൻെറ ഒരു കേസാണിതെന്ന് പോലീസ് സമ്മതിച്ചു. ചുവരുകളിൽ വരച്ചിട്ടിരുന്ന സ്വസ്തിക ചിഹ്നവും എഴുതിവെച്ചിരുന്ന ആഭാസത്തരങ്ങളും ഇതിന്ന് തെളിവായിരുന്നു. മൂന്നാഴ്ച മുമ്പും ഈ വീട് തീയ്ക്കിരയാക്കാൻ ശ്രമം നടന്നിരുന്നു. കുററവാളികരം മെയിൻ ബോക്സിൽ പെട്രോളൊഴിച്ച് കത്തുന്ന ഒരു തീപ്പെട്ടിക്കൊള്ളി അതിലേക്ക് എറിഞ്ഞെങ്കിലും തീ അണക്കാൻ കഴിഞ്ഞു.

... ഒരു ബംഗാളി യുവാവ് ഇരുമ്പുദണ്ഡുകരം കൊണ്ട് പ്രഹരിക്കപ്പെട്ട തലയിലും കൈകളിലും അയാളെ അടിക്കുകയും ചവിട്ടുകയും ചെയ്തു. രക്തമൊലിപ്പിച്ച് നടപ്പാതയിൽ അയാരം കിടന്നു.

... ഒരു ലണ്ടൻ സ്കൂളിൽ ഏഷ്യൻ വംശജനായ 13 വയസ്സുകാരനായ ഒരാൺകുട്ടിയുടെ മുതുകിൽ കുത്തി ...നഗരത്തിലെ ഒരു പാർക്കിൽ വെള്ളക്കാരനല്ലാത്ത ഒരു ഒമ്പതു വയസ്സുകാരനെ വംശമേൻമാവാദികൾ കൊന്നു.

15 വയസ്സുകാരിയായ നസ്റീൻ എന്ന പെൺകുട്ടിയുടെ ഡയരിയിൽനിന്നുള്ള ഉദ്ധരണികൾ ഹൃദയസ്പർശിയാണ്. അവളുടെ അച്ഛനും അമ്മയും 20 കൊല്ലം മുമ്പ് പാക്കിസ്താനിൽനിന്ന് ബ്രിട്ടനിലേക്ക് കുടിയേറിയവരാണ്. നസ്റീനും 14 വയസ്സുള്ള അവളുടെ സഹോദരിയും 13 വയസ്സുള്ള സഹോദരനും ജനിച്ചത് ലണ്ടനിൽ തന്നെ. നസ്റീൻെറ ഡയരിയിൽ ആദ്യത്തെ വരികൾ എഴുതിയിട്ടുള്ളത് അവളുടെ കുംടുംബം നഗരത്തിൻെറ കിഴക്കൻ അററത്തിലേക്ക് നീങ്ങി ഒരാഴ്ചക്കുശേഷമാണ് ''40 യുവാക്കളുടെ ഒരു സംഘം ആക്രമിച്ചു അവർ കല്ലെറിയുകയും കട ജനലുകൾ തകർക്കുകയും ചെയ്തു. നാസി-ശൈലിയിലുള്ള മുദ്രാവാക്യങ്ങൾ ഉയർത്തുകയും നാസികളെപ്പോലെ സല്യൂട്ട് അടിക്കുകയും ചെയ്തു. '...പാക്കിസ്താൻകാർ സ്ഥലം വിടുക' എന്ന് അവർ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു. ആറു മണിക്കൂർ അവരിത് തുടർന്നു.

''കുഴപ്പം തുടങ്ങിയപ്പോൾ ഞങ്ങൾ പോലീസിന്ന് ഫോൺ ചെയ്തു. എന്നാൽ അവർ വന്നതേയില്ല. പിന്നെ എൻെറ അച്ഛൻ പോലീസിനെ കൊണ്ടുവരാൻ പോലീസ് സ്റ്റേഷനിലേക്ക് പോയി. ഞങ്ങൾക്ക് ഒരു സാക്ഷിയുമുണ്ടായിരുന്നു. എന്നാൽ സാക്ഷിയൊന്നും വേണ്ടെന്ന് പോലീസ് പറഞ്ഞു.''

തുടർന്നുള്ള ദിനങ്ങളിൽ ഡയരിയിലെ വരികൾ പലപ്പോഴും മെഴുകുതിരിയുടെ വെളിച്ചത്തിലോ കുടുംബാംഗങ്ങൾ മേലെ നിലയിലെ ഒരു മുറിയിൽ കൂനികൂടിയിരിക്കവെ കൂരിരുട്ടിലോ എഴുതിയവയാണ്. ആവർത്തനസ്വഭാവമുണ്ടായിരുന്ന ആ വരികൾ ഇങ്ങിനെ പറഞ്ഞു:

''കുഴപ്പം, ഉറക്കമില്ല. ഫോണില്ല''...''അവർ മൂന്നോ നാലോ പേർ ഞങ്ങളുടെ ജനലിന്നു നേരെ കല്ലെറിയുന്നു.''

നസ്റീൻ പോലീസിന്നും പ്രാദേശികാധികൃതർക്കും പാർല്ലിമെണ്ടംഗങ്ങാംക്കും പ്രധാനമന്ത്രിക്കുപോലും ഇതേക്കുറിച്ച് എഴുതി. എന്നാൽ ആക്രമണങ്ങാം തുടർന്നു.

ന്യൂഹാം നോർത്ത്വെസ്റ്റിലെ ലേബർ എം. പി. ആർതർ ലെവിസിന്ന് നസ്റീൻ എഴുതി: ''പ്രിയപ്പെട്ട മി. ലെവിസ്, നാഷനൽ ഫ്രണ്ടിൻെറയും അതുപോലുള്ള ഗ്രൂപ്പുകളുടെയും ആക്രമണത്തിന്ന് ഇരയാകുന്ന ഒരു ഏഷ്യൻ കുടുംബമാണ് ഞങ്ങാം. എൻെറ അമ്മ കഴിഞ്ഞ രണ്ടു മാസമായി ഉറങ്ങിയിട്ടില്ല. പല ദിവസം ആസ്പത്രിയിൽ കിടക്കേണ്ടിവന്നു. നിങ്ങാം പോലീസിന്ന് ഫോൺ ചെയ്കയോ അവർക്കെഴുതുകയോ ചെയ്യുമ്പോാം മാത്രമേ പോലീസ് വരാറുള്ളൂ. അല്ലെങ്കിൽ നിങ്ങളെപോലുള്ളവർ അവരെ ശ്രദ്ധിക്കുന്നുണ്ടെന്ന് അവർ കരുതുമ്പോാം മാത്രം വരും. ആക്രമണങ്ങാം തുടങ്ങിയശേഷം ഒരൊററയാളെ അവർ അറസ്റ്റ് ചെയ്തിട്ടില്ല—ആരാണ് ആക്രമണം നടത്തുന്നതെന്നവർക്കറിയാമെങ്കിലും. ഞാൻ ഞങ്ങളെ വന്ന് രക്ഷിക്കാൻ നിങ്ങളുടെയും ലോക്കൽ ലേബർ പാർട്ടി അംഗങ്ങളുടെയും സഹായം അഭ്യർത്ഥിക്കുകയാണ്. മി. ലെവിസ്, ആക്രമണത്തിൽ ഈ കൊല്ലം ആളുകാം കൊല്ലപ്പെട്ടു. പോലീസ് ഒരിക്കലും അവർക്ക് സംരക്ഷണം നൽകിയില്ല.''

ആർതർ ലെവിസ് കോമൺസ് സഭയിൽ പറഞ്ഞു: ''വംശീയ വെറിയൻമാർ എൻെറ നിയോജകമണ്ഡലത്തിൽ രണ്ടു സ്ക്കൂാംകുട്ടികളെ തല്ലി ചതച്ചു. അവരുടെ മാതാപിതാക്കാം എനിക്ക് എഴുതി. ഞാൻ പോലീസിന്നും എഴുതി. എന്നാൽ പോലീസ് കത്തുകാംക്ക് മറുപടി നൽകിയില്ല. പിന്നെ ഞാൻ

ആഭ്യന്തരകാര്യ സെക്രട്ടറിക്ക് എഴുതി. അദ്ദേഹവും മറുപടി നൽകിയില്ല.'' നസ്റീൻെറ അമ്മ തെരുവിൽ വെച്ച് മർദ്ദിക്കപ്പെട്ടപ്പോൾ ലെവിസ് പ്രധാനമന്ത്രിക്ക് ഒരു കത്തയച്ചു. ആഭ്യന്തരകാര്യ സെക്രട്ടറി ''ഈ സംഗതി പരിശോധിക്കുന്നുണ്ട്'' എന്നാണ് താച്ചർ മറുപടി നൽകിയത്. എന്നാൽ പോലീസ് ആരേയും ചാർജജ് ചെയ്തില്ല.

നസ്റീൻെറ അമ്മക്ക് പുറത്തുപോകാൻ ഭയമായിരുന്നു. അവർക്ക് തുടർച്ചയായി ആസ്ത്മ രോഗബാധ ഉണ്ടായി. നസ്റീൻ ന്യൂഹാം കൗൺസിൽ പാർപ്പിടവകുപ്പിനോട് സഹായം അഭ്യർത്ഥിച്ചു. ''സദാസമയം ആക്രമണത്തിന്നിരയായി ജീവിക്കാൻ ഞങ്ങൾക്കാവില്ല'', എന്നവൾ കത്തിൽ പറഞ്ഞു.

ഇതിന്നിടെ അവരുടെ വീട്ടുവാതിൽക്കൽ നാസി മുദ്രാവാക്യങ്ങൾ എഴുതിവെക്കപ്പെട്ടിരുന്നു. കുടുംബാംഗങ്ങൾ വീട്ടിനുള്ളിൽ അടച്ചിരുന്നു. എന്നാൽ ആക്രമണങ്ങൾ തുടർന്നു. ''സമയം രാത്രി 9.10. ഞങ്ങളുടെ വാതിൽക്കൽ ഒരു മുട്ടു കേട്ടു (മിക്ക രാത്രിയും വാതിൽ മുട്ടലോ ബൂട്ട്കൊണ്ട് ചവിട്ടുന്ന ശബ്ദമോ കുപ്പി എറിഞ്ഞുടക്കുന്ന ഒച്ചയോ കേൾക്കാം). ഞാൻ കിടക്കയിൽ നിന്നെണീററ് ജനലിൽകൂടി നോക്കി അട്ടഹസിച്ചു...''

പോലീസ് നിഷ്ക്രിയത തുടർന്നു. വംശമേൻമാവാദത്തിനെതിരെ ഈസ്റ്റ് ലണ്ടൻ തൊഴിലാളികൾ എന്നപേരിൽ വംശീയാക്രമണങ്ങളിൽനിന്ന് ഏഷ്യൻ താമസസ്ഥലങ്ങൾ രക്ഷിക്കാനായി രൂപീകരിക്കപ്പെട്ട ഒരു ഗ്രൂപ്പ് മാത്രമാണ് കുടുംബത്തിന്ന് എന്തെങ്കിലും രക്ഷാബോധം നൽകിയത്. നസ്റീൻ എഴുതുന്നു: ''അവർ പല രാത്രികളായി ഞങ്ങളോടൊപ്പം താമസിക്കുന്നു. ഞങ്ങൾക്കവരോട് കൃതജ്ഞതയുണ്ട്. നിർഭാഗ്യവശാൽ, വൈകുന്നേരം നാലുമണിക്കുശേഷം പുറത്തുപോകാൻ ഞങ്ങൾ ധൈര്യപ്പെടുന്നില്ല. അത് വളരെയേറെ ആപൽക്കരമാണ്''.

# IV. പോലീസ്

വർഷങ്ങളായി കുടിയേററക്കാർ രണ്ടു വിപത്തു കാംക്കിടയിലാണ്—വംശവെറിയൻമാരായ നാഷനൽ ഫ്രണ്ട് തെമ്മാടി സംഘങ്ങാംക്കും അവരുടെ അക്രമങ്ങാം കണ്ടില്ലെന്നുഭാവിക്കുന്ന പോലീസിന്നും ഇടയിലാണ്—ജീവിച്ചിട്ടുള്ളത്. കുടിയേററക്കാർ സ്വയരക്ഷ സംഘടിപ്പിക്കുമ്പോാം, തങ്ങളുടെ കുട്ടികളേയും വീടുകളേയും രക്ഷിക്കാൻ ശ്രമിക്കുമ്പോാം, നിയമത്തിൻെറ ഗദ അവരുടെമേൽ പതിക്കുന്നു.

1982 ഗ്രീഷ്മത്തിൽ ബ്രാഡ്ഫോർഡിൽനിന്നുള്ള 12 ഏഷ്യൻ യുവാക്കാം കോടതിക്കുമുമ്പിൽ ഹാജരായി. ''സ്ഫോടകപദാർത്ഥങ്ങാം നിർമ്മിക്കാൻ ഗൂഢാലോചന നടത്തി എന്നായിരുന്നു അവരുടെ പേരിലുള്ള കുററാരോപണം. ജീവപര്യന്തം തടവുശിക്ഷ വിധിക്കപ്പെടാവുന്ന ഒരു നിയമലംഘനമാണത്. അന്ന് ബ്രിട്ടീഷ് സമൂഹത്തിൽ വെള്ളക്കാരല്ലാത്തവരുടെ സ്ഥിതി ഇദംപ്രഥമമായി തുറന്നുകാട്ടപ്പെട്ടു. ഗെറേറാ നിവാസികളുടെ മേലുള്ള ആക്രമണങ്ങാം വർഷങ്ങളായി തുടരുകയായിരുന്നിട്ടും ഇദംപ്രഥമമായാണ് അക്കാര്യം വെളിച്ചത്തുവന്നതെന്ന് ഞാൻ ഊന്നിപ്പറയട്ടെ.

പ്രതികളിൽ ഒരാറം പറഞ്ഞു: ''ഈ വംശവെറിയൻ സമൂഹത്തിൽ കറുത്തവനായിരിക്കുക എന്നാലെന്താണർത്ഥമെന്ന് നിങ്ങാംക്കൊരുപക്ഷേ അറിയുമായിരിക്കില്ല. ഇത്തരം സ്ഥിതിയിൽ സ്വയം രക്ഷിക്കാൻ കൈക്കൊള്ളാവുന്ന നടപടികളെപ്പററി മാത്രമേ ആർക്കും ചിന്തിക്കാനാവൂ''.

ജൂറി പ്രതികളെ വെറുതെവിട്ടു. പെട്രോാം ബോംബുകരം വംശവെറിയൻമാരായ ആക്രമണകാരികരംക്കെതിരെ ഉപയോഗിക്കാനായിട്ടായിരുന്നു എന്ന് തെളിഞ്ഞു. ആത്മരക്ഷ ഒരു വ്യക്തിയുടെ കാര്യത്തിൽ മാത്രമല്ല, ഒരു സമുദായത്തിൻെറ കാര്യത്തിലും സാധകമാണെന്ന് നിയമപരമായി സമർത്ഥിക്കപ്പെട്ടു, എന്നാൽ സ്വന്തം ജീവൻ രക്ഷിക്കാൻ ശ്രമിച്ച ആളുകളെ വെറുതെവിട്ട ആദ്യത്തെയും അവസാനത്തേയും കേസ് അതായിരുന്നു.

1983 ഗ്രീഷ്മത്തിൽ ന്യൂഹാം എട്ട് എന്ന് പ്രസിദ്ധമായ വിചാരണ നടന്നു. പ്രതികളായ എട്ടു ഏഷ്യൻ യുവാക്കരം വംശവെറിയൻമാരുടെ ആസന്നമായ ഒരാക്രമണത്തിൽനിന്ന് കുട്ടികളെ രക്ഷിക്കാനായി ഒരു സ്കൂളിൽ കൂടിയതായിരുന്നു. അവരെ അറസ്റ്റ് ചെയ്യുകയും ''ഭീഷണിപ്പെടുത്തുന്നതരം പെരുമാററം'' മുതൽ ''ഗൂഢാലോചനനടത്തൽ'' വരെയുള്ള ചാർജ്ജുകളുടെ നീണ്ടൊരു പട്ടിക അവരുടെമേൽ വെച്ചുകെട്ടുകയും ചെയ്തു. ഇതിൽ അവസാനത്തെ ആരോപണത്തിന്ന് സ്പഷ്ടമായ ഒരു രാഷ്ട്രീയ നിറം ഉണ്ടായിരുന്നതിനാൽ അത് മാററി പകരം ''നിയമക്രമലംഘനം'' എന്ന കൂടുതൽ അസ്പഷ്ടമായ ഒരു കുററാരോപണം കൊണ്ടുവന്നു. ന്യൂഹാം പലതവണ വംശവെറിയരുടെ ആക്രമണങ്ങരംക്ക് ശരവ്യമായതായി വിചാരണയിൽ സ്ഥിരീകരിക്കപ്പെട്ടെങ്കിലും ജൂറി പ്രതികളിൽ നാലുപേരെ മാത്രമേ വെറുതെ വിട്ടുള്ളൂ.

രണ്ടുകൊല്ലത്തിന്നുശേഷം ന്യൂഹാം ഏഴ് എന്നറിയപ്പെട്ട മറെറാരുവിചാരണ നടന്നു. പല വെള്ളക്കാർ ചേർന്ന് ഒരുസംഘം കുടിയേററക്കാരെ ആക്രമിക്കുകയും അവർ ചെറുത്തുനിൽക്കുകയും ചെയ്തു. തൽഫലമായി വെള്ളക്കാരല്ലാത്തവർ അറസ്റ്റ് ചെയ്യപ്പെട്ടു. വെള്ളക്കാരിൽ ഒരാരം ആക്രമണത്തിൽ ഉപയോഗിക്കാനായി അന്നുച്ചതിരിഞ്ഞ് ഒരു ചുററിക വാങ്ങിയിരു

ന്നതായും വെള്ളക്കാരനായ റോയ്ലെല്ലോ എന്ന മററൊരു പ്രതി അയാംതന്നെ പറഞ്ഞപോലെ അവരുടെ ''തലകളിൽ കുത്താനായി'' ഒരു കൂർത്ത കുററി ഏവരും കാൺകെ സംഭവസ്ഥലത്തേക്ക് കൊണ്ടുവന്നതായും വിചാരണയിൽ വെളിവായി. ലെല്ലോവിനെ അറസ്റ്റ് ചെയ്തെങ്കിലും അധികം താമസിയാതെ വിട്ടയച്ചു. വിചാരണക്കിടയിൽ, പോലീസ് ഉപയോഗിക്കുന്ന മുറകഠം വെളിപ്പെട്ടു. പോലീസ് റിക്രൂട്ട് ചെയ്ത ആളുകഠം വ്യാജമൊഴി നൽകിയതായും കോടതിയിൽ സാക്ഷികളുടെ മൊഴിനൽകൽ പോലീസ് സ്റ്റേഷനിൽ റിഹേഴ്സൽ ചെയ്തതായും തെളിഞ്ഞു.

വിചാരണയിൽ വെള്ളക്കാരല്ലാത്തവരുടെമേൽ ''നിയമക്രമലംഘന''ത്തിൻെറ കുററംചുമത്തി. വെള്ളക്കാർ ''കീയ്യേററം'' നടത്തിയതായി ചാർജജ് ചെയ്യപ്പെട്ടു. വിചാരണക്കു രാഷ്ട്രീയ ഉള്ളടക്കം ഇല്ലാതാക്കാൻ ഏററുമുട്ടൽ ''രണ്ടു മുഷ്ക്കരസംഘങ്ങഠം തമ്മിലുള്ള സംഘട്ടന''മായി അവതരിപ്പിക്കപ്പെട്ടു. വംശീയസംഘർഷവും ഗെറേറാ സംഘട്ടനങ്ങളും സാധാരണ കുററകൃത്യങ്ങളിൽപെട്ടവയായി എടുത്തു കാട്ടപ്പെട്ടു. 1985–ലെ ''തപ്തശരത്തി''ൽ ലണ്ടൻ, ബിർമിങ്ങം, ലിവർപൂഠം എന്നിവിടങ്ങളിൽ നടന്ന പ്രക്ഷോഭങ്ങളിൽ പങ്കെടുത്തവരേയും ''ക്രിമിനൽ വിഭാഗങ്ങഠം'' എന്നാണ് ബ്രിട്ടീഷ് രാഷ്ട്രീയ നേതാക്കളും പത്രങ്ങളും വിശേഷിപ്പിച്ചത്.

പോലീസുകാരും ഗെറേറാ നിവാസികളും തമ്മിലുള്ള വിരോധം കാലപ്പോക്കിൽ അധികമധികം അടിയുറച്ചതായിത്തീരുന്നു.

വംശീയബന്ധങ്ങഠം കൈകാര്യം ചെയ്യുന്ന ഗവർമ്മെണ്ട് ഉദ്യോഗസ്ഥനായ പീററർ ടേക്കർ പറയുന്നു: ''വെള്ളക്കാരല്ലാത്ത യുവാക്കഠം തെരുവിൽ വെറുതെ നടന്നുപോവുകയാണെങ്കിൽപോലും അവരിൽ നിയമ

ഞ്ജകരെയാണ് വെള്ളക്കാരനായ ഓരോ പോലീസു കാരനും കാണുന്നത്.''

മിക്ക സാധാരണ പോലീസുകാരും ''വെള്ളക്കരല്ലാത്തവരോട് മുൻവിധിയോടുകൂടിയാണ് പെരുമാറുന്ന''തെന്ന് മാഞ്ചസ്റ്റർ അന്തർ-വംശീയബന്ധ കമ്മീഷൻ സ്ഥാപിച്ചിട്ടുണ്ട്. കുടിയേററക്കാർ മററു ജനങ്ങളെക്കാരം കൂടുതൽ കുററവാസന ഉള്ളവരാണെന്നാണവരുടെ വിശ്വാസം. സത്യത്തിൽ മാഞ്ചസ്റ്റർ, സാൽഫോസ് എന്നിവടങ്ങളിലെ സ്ഥിതിവിവരക്കണക്കുകരം ഇത് ശരിയല്ലെന്ന് വ്യക്തമാക്കുന്നു. പോലീസ് മേധാവികരംതന്നെ ഈ കണക്കുകരം പോലീസുകാരെ കാട്ടിയപ്പോരം അവരത് വിശ്വസിക്കാൻ കൂട്ടാക്കിയില്ല.

പോലീസ് വെള്ളക്കാരനല്ലാത്ത ഒരാളെ അറസ്റ്റ് ചെയ്താൽ താഴെ പറയുന്ന ഒരു ചാർജെങ്കിലും അയാരംക്കെതിരെ ഏതാണ്ട് തീർച്ചയായും കൊണ്ടുവരിക എന്നത് ''വഴക്ക''മായിത്തീർന്നിരിക്കുന്നു. ഒന്നുകിൽ മയക്കുമരുന്ന് ക്രയവിക്രയം എന്ന ആരോപണം അല്ലെങ്കിൽ സമാധാനലംഘനമെന്ന ചാർജ്ജ്. തടവിലാക്കലിന്നു പുറമെ നാടുകടത്തലും ഇതിൻെറ ശിക്ഷയാണ്. ഈവിധത്തിൽ പോലീസ് സ്വതമായ കുടിയേററനിയന്ത്രണം പ്രയോഗിക്കുകയും വെള്ളക്കാരുടെ സമൂഹത്തെ വെള്ളക്കാരല്ലാത്തവരിൽനിന്ന് ''സംരക്ഷിക്കുക''യും ചെയ്യുന്നു.

വെള്ളക്കാരല്ലാത്തവർ വസിക്കുന്ന ഡിസ്ട്രിക്ടുകളെ നിയന്ത്രിക്കാൻ പോലീസ് 150 കൊല്ലം മുമ്പുണ്ടാക്കിയ ഒരു പഴഞ്ചൻ നിയമത്തെ ആധാരമാക്കിയാണ് പ്രവർത്തിക്കുന്നത്. ഈ നിയമത്തിന്ന് അനുരോധമായാണ് രണ്ടു കോൺസ്റ്റബിരംമാർ ഒരു ലണ്ടൻ തെരുവിൽ ലുയിചേസ് എന്ന ഒരു വെസ്റ്റ്ഇൻഡീസ് കുടിയേററക്കാരനെ തടഞ്ഞുനിർത്തിയത്. അവർ അദ്ദേഹത്തോട് ചോദിച്ചു: ''നിങ്ങരം എവിടെപ്പോകു

ന്നു?'' ചേസ് മറുപടി പറഞ്ഞു: ''ഞാൻ പോലീസ് കോളേജിലെ ഒരു അദ്ധ്യാപകനാണ്.'' കോൺസ്റ്റബിൾമാർ ചിരിച്ചു. ''ഒരു കറുമ്പൻെറ കയ്യിൽ മയക്കുമരുന്നുകളുണ്ടെന്ന് ഞങ്ങൾ കേട്ടു'' എന്ന് പറഞ്ഞ് അവർ ചേസിനെ തല്ലാനാരംഭിച്ചു. അധികൃതർക്കുള്ള ഒരു കത്തിൽ ചേസ് എഴുതി: ''പോലീസിനാൽ ആക്രമിക്കപ്പെടാതെ ലണ്ടനിലെ തെരുവുകളിൽകൂടി ഒരു കറുത്ത പൗരന്ന് നടന്നുപോവുക അസാദ്ധ്യമായിരിക്കുന്നു.'' ചേസ് ബ്രാംഷീൽഡ് പോലീസ് കോളേജിലെ അദ്ധ്യാപകനായിരുന്നു. ''സമൂഹത്തിൽ വംശീയ ബന്ധങ്ങൾ'' എന്ന വിഷയമാണദ്ദേഹം പഠിപ്പിച്ചിരുന്നത്.

പൊതുജനത്തെ വെള്ളക്കാരല്ലാത്തവർക്കെതിരാക്കാനുള്ള ശ്രമത്തിൽ പോലീസ് സ്ഥിതിവിവരക്കണക്കുകൾ വളച്ചൊടിച്ച് ബ്രിട്ടനിലെ മിക്ക കുററകൃത്യങ്ങളും കുടിയേററക്കാരുടെ പണിയാണെന്ന് വരുത്തിത്തീർക്കാൻ നോക്കുന്നു. പൊതുജനസമ്മർദ്ദത്തിൻകീഴിൽ പോലീസിന്ന് ''പിടിച്ചുപറി''ക്കിരയാകുന്നവരെക്കുറിച്ചുള്ള സ്ഥിതിവിവര കണക്കുകൾ നല്കേണ്ടിവന്നു. അവരിൽ ഏതാണ്ട് 13 ശതമാനം വെള്ളക്കാരല്ലാത്തവരായിരുന്നു.

വെള്ളക്കാരല്ലാത്ത ബ്രിട്ടീഷ് പൗരൻമാരുടെ മേലുള്ള ആക്രമണങ്ങളെ കുറിച്ച് നടന്ന ഒരു അന്വേഷണത്തിൻെറ ഫലങ്ങളിൽ അധികൃതരോ പത്രങ്ങളോ ഒരു താല്പര്യവും കാട്ടിയില്ല. അവരുടെമേൽ ഒരാക്രമണത്തിൻെറ സംഭവ്യത വെള്ളക്കാരുടെ മേലുള്ളതിൻെറ 50 മടങ്ങാണെന്ന് ആ ഫലങ്ങൾ വ്യക്തമാക്കി. ''വെള്ളക്കാരല്ലാത്ത യുവാക്കളുടെ സാമൂഹ്യവിരുദ്ധ പെരുമാററ''ത്തിന്നുള്ള ഒരു ''പ്രതികാരം'' എന്ന നിലയിലാണ് കുടിയേററക്കാരുടെ നേരെയുള്ള ആക്രമണങ്ങളെ ബ്രിട്ടനിലെ സാധാരണക്കാരും പോലീസും പല രാഷ്ട്രീയ നേതാക്കളും കാണുന്നതെന്നും തെളിഞ്ഞിട്ടുണ്ട്. അങ്ങിനെ ഹെറോ നിവാസി

കളുടെ ''ക്രിമിനൽ പദവി''യെ സ്റ്റേററ് കരുതിക്കൂട്ടി അംഗീകരിച്ചിരിക്കുകയാണ്.

പോലീസക്രമം വളരെക്കാലമായി ഗെറേറാകളിൽ പ്രതിഷേധ സ്ഫോടനങ്ങൾക്ക് തിരികൊളുത്തുന്ന ഒരു ഘടകമായി മാറിയിരിക്കുന്നു. ലണ്ടനിലെ ബ്രിക്സ്ടൺ ഡിസ്ട്രിക്ടിൽ പോലീസ് ഒരു സർച്ച് നടത്തവെ ആറു കുട്ടികളുടെ അമ്മയായ ചെറി ഗ്രോസിനെ വെടിവെച്ചുകൊന്ന ടോററൻ ഹാമിൽ, ഒരു പോലീസ് സർച്ചിനിടയിൽ സിന്തിയ ജാററ്റെക്ക് ഹൃദയാഘാതം കാരണം ബോധം നഷ്ടപ്പെട്ടു. അമ്പുലൻസ് വിളിക്കാൻ പോലീസ് വിസമ്മതിച്ചു. സിന്തിയ മരിക്കുകയും ചെയ്തു. അന്നേദിവസം സന്ധ്യക്ക് ടോററൻ ഹാമിലെ തെരുവുകൾ ഒരു യുദ്ധക്കളമായി മാറി: ഒരാൾ കൊല്ലപ്പെട്ടു; 250-ഓളം പേർക്ക് പരുക്കേററു.

*ന്യൂ സൊസൈററി* എന്ന പത്രികയുടെ ഒരു ലേഖകൻ എഴുതുന്നു: ബ്രിക്സ്റ്റണിൽ ''ആളുകൾ എന്നോട് ദക്ഷിണാഫ്രിക്കയിലെ അസ്വാസ്ഥ്യവുമായി ഇവിടുത്തെ സംഭവങ്ങൾക്കുള്ള ബന്ധം പറഞ്ഞു. 'ദക്ഷിണാഫ്രിക്കയിൽ കറുത്തവർ കൊല്ലപ്പെടുന്നതിൻെറ ചിത്രങ്ങൾ പോലീസ് കണ്ടിട്ടുണ്ട്. ഞങ്ങളേയും ഈച്ചകളെപോലെ കൊന്നൊടുക്കാമെന്നവർ കരുതുന്നു'. ഇത് ഒരുതരം ചിത്തഭ്രമമാണെന്ന് തോന്നിയേക്കാം. എന്നാൽ തെരുവുകളിൽ പല കറുത്തവർക്കുമുള്ള കോപത്തിൻെറയും തിക്തമനോഭാവത്തിൻെറയും ആദ്യസൂചന മാത്രമാണവ. 'കൊലപാതകികൾ' എന്ന ആക്രോശം പല തവണ ആവർത്തിക്കപ്പെടുന്നു. യുവാവായ ഒരു പോലീസ് കോൺസ്റ്റബിൾ ഇങ്ങിനെ പ്രതികരിക്കുന്നു: 'ഞാനവളെ വെടിവെച്ചുവോ എന്നോ' ഞാൻ എൻെറ ജോലിചെയ്യുകയാണ്. നിങ്ങൾ വേണമെങ്കിൽ ഈ സ്ഥലം എരിച്ചുകളഞ്ഞോളൂ. എനിക്കൊന്നുമില്ല. ഇവിടെ താമസിക്കേണ്ടത് നിങ്ങളാണല്ലൊ! പ്രായംകൂടിയ മറെറാരു

കോൺസ്റ്റബിൾ അയാളോട് വായമൂടാൻ ആവശ്യപ്പെട്ടുകൊണ്ട് പറയുന്നു: 'നിങ്ങൾ നിങ്ങളുടെ ഹെഡ്സെററിൽ ശ്രദ്ധിക്ക്, അവർ പറയുന്നത് കേൾക്കണ്ട. പോർട്ട്സ് മൗത്ത് 3 – 0-ത്തിന്ന് ജയിച്ചു. എനിക്കതിലേ താൽപര്യമുള്ളു''.

ബ്രിക്സ്റ്റൺ നിവാസികളുമായി പോലീസിന്റെ പോരാട്ടത്തിന്നുശേഷം പോലീസ്സ്റ്റേഷൻ മേധാവി കുററവാളികളുടെയും തെമ്മാടികളുടെയും പണിയാണ് ലഹളയെന്ന് പ്രാദേശിക നേതാക്കളുമായി സംസാരിച്ചതിൽനിന്ന് തനിക്ക് ബോധ്യംവന്നതായി തറപ്പിച്ചുപറഞ്ഞു. പോലീസിനോട് വെള്ളക്കാരല്ലാത്തവരുടെ ''സാർവ്വത്രികമായ വെറുപ്പി''നെയാണ് ലഹള പ്രകടിപ്പിച്ചതെന്നതിനോട് അദ്ദേഹം തീർത്തും വിയോജിച്ചു. ''സാർവ്വത്രികമായ വെറുപ്പ്'' എന്ന കാര്യം അംഗീകരിച്ചാൽ ''തെമ്മാടിക്കൂട്ടങ്ങൾ'' എന്ന സിദ്ധാന്തം ഉപേക്ഷിക്കേണ്ടിവരുമല്ലൊ. എന്നാൽ പ്രാദേശിക നേതാക്കളിലൊരാളായ സെവോൺ തോമസിന്റെ മൊഴിനോക്കുക:

''പോലീസിനോട് അമർഷം തൊഴിലില്ലാത്തവർക്കും നിരാശ്രിതർക്കും മാത്രമായിരുന്നില്ല. നല്ല ജോലിയും വിദ്യാഭ്യാസവുമുള്ളവരും അവരുടെ നിറത്തിന്റെ അടിസ്ഥാനത്തിൽ അവർക്ക് സഹിക്കേണ്ടിവന്ന പെരുമാററം കാരണം അതേ രീതിയിൽ ചിന്തിച്ചു''.

ദാരിദ്ര്യവും തൊഴിലില്ലായ്മയും നൃത്തമാടിയ വെള്ളക്കാരല്ലാത്തവരുടെ വാസമേഖലകളിലെ സംഘർഷനിർഭരമായ അന്തരീക്ഷത്തെക്കുറിച്ച് പോലീസിന്ന് അറിയാമായിരുന്നോ? അറിയാമായിരുന്നു. പോലീസിന്നെതിരെ നൂറുകണക്കിന്ന് പരാതികൾ പൊതുജനസംഘടനകളിലേക്ക് പ്രവഹിച്ചിരുന്നു. എന്നിട്ടും പോലീസുകാർ ഭീകരത കൈവെടിഞ്ഞില്ല. അവർക്കത് ഉപേക്ഷിക്കാൻ ആഗ്രഹമുണ്ടായിരുന്നി

ല്ലേ? ഇല്ലെന്നാണ് ഞാൻ കരുതുന്നത്. ഗെറേറാ നിവാസികളെ ''പാഠം പഠിപ്പി''ക്കാനും അസംതൃപ്തരെ കണ്ടുപിടിച്ച് ജയിലിലിലടക്കാനുംവേണ്ടി അവരുമായുള്ള ബന്ധങ്ങൾ പോലീസ് കരുതിക്കൂട്ടി മോശമാക്കി എന്ന് എനിക്കുറപ്പുണ്ട്.

പ്രക്ഷോഭങ്ങൾ ഏററവും കടുത്ത രീതിയിൽ അമർച്ചചെയ്യുമെന്നും പോലീസ് പ്ലാസ്റ്റിക്ക് ബുള്ളററും കണ്ണീർവാതകവും പ്രയോഗിക്കുന്നതിൽ ഒതുങ്ങിനിൽക്കില്ലെന്നും ഉള്ള കാര്യം അധികൃതർ മറച്ചുവെക്കുന്നില്ല. നഗരപോലീസ് മുഖ്യൻ കൊന്യൂറാൻ ഗെറേറാകളിലെ പോലീസ് നടപടികളെകുറിച്ച് നടത്തിയ ഒരു വിശകലനത്തിൻെറ ഫലമാണത്. ഹോംസെക്രട്ടറി ഡി. ഹർഡും പോലീസ് മുഖ്യൻെറ വാക്കുകൾ സ്ഥിരീകരിച്ചു.

1985-ലെ ''തപ്തശരത്തി''ലെ സംഭവങ്ങൾ പോലീസിനെപ്പററി, വിശിഷ്യ ''ആഭ്യന്തരപ്രക്ഷോഭങ്ങൾ അമർച്ചചെയ്യുന്നതിന്ന് പരിശീലിപ്പിക്കപ്പെട്ട യൂണിററു''കളെപ്പററി ധാരാളം വിവരങ്ങൾ വെളിപ്പെടുത്തി. സ്കോട്ട്ലണ്ട് യാർഡ് തയ്യാറാക്കിയ ''തെരുവ്പോരാട്ട''ത്തിന്നുള്ള അടവിൽ, കുററവാളിയെന്ന് സംശയിക്കപ്പെടുന്നവൻെറ താടിയെല്ലിലും കണ്ഠമുഴയിലും മൂക്കിലും അരക്കെട്ടിലും ഇടിക്കുന്നതിനെപ്പററി വിശദമായി വിവരിച്ചിട്ടുണ്ട്. സാധാരണ പ്രഹരരീതികളെപ്പററിയും — കയ്യിലും കാലിലും അടിക്കൽ — അതിൽ പറഞ്ഞിട്ടുണ്ട്. പോലീസ് ഹെൽമെററുകൾ, സംരംക്ഷണ കവചങ്ങളുടെ കൂർത്ത അററങ്ങൾ എന്നിവ എങ്ങിനെ ആയുധങ്ങളായി ഉപയോഗിക്കാമെന്നും വിശദമായി നിർദ്ദേശിക്കപ്പെടുന്നു.

കൊറിയൻ യുദ്ധത്തിൽ പങ്കെടുത്ത അനുഭവസമ്പന്നനായ ബ്രിഗേഡിയർ മിഖയിൽ ഹാർവെ പുതിതിയ മാർഗ്ഗനിർദ്ദേശങ്ങൾ വികസിപ്പിച്ചിട്ടുണ്ട്. 1987-ലെ വംശീയസംഘട്ടനങ്ങളെ തുടർന്ന് ഉടനെയാ

ണ് അദ്ദേഹം സ്കോട്ട്ലണ്ട് യാർഡിൽ സേവനം തുടങ്ങിയത്. ഹാർവെയുടെ ശുപാർശപ്രകാരം നഗരപോലീസ് സാധാരണ ഉള്ളവയെക്കാൾ ഘനവും നിറവുമുള്ള രണ്ട് പുതിയ ഇനം ബാററണുകൾ ഉപയോഗപ്പെടുത്താൻ തുടങ്ങി. കാലുകളിലും കൈമുട്ടുസന്ധികളിലും ദ്രുതപ്രഹരങ്ങൾ ഏൽപിക്കുന്നതിന്ന് അവ ഉപയോഗിക്കുന്നത് ഉചിതമാകുമെന്ന് മാനവൽ പറയുന്നു. കാരണം കാലുകളിൽ പ്രഹരിച്ചാൽ ''ആക്രമണ''കാരിക്ക് ചലനക്ഷമത ഇല്ലാതാക്കാൻ കഴിയും. അയാളെ അറസ്റ്റ്ചെയ്യുന്നതിന്ന് അനുകൂലമായ സാഹചര്യങ്ങളുമുണ്ടാകും. ഇടുപ്പിൽ കുത്തേണ്ടതെങ്ങിനെയെന്നും മൂക്കിനും മേൽചുണ്ടിനും ഇടയിൽ പ്രഹരമേൽപിക്കാനായി മുഖത്ത് വീശിയടിക്കേണ്ടതെങ്ങിനെയെന്നും മാനവൽ വിശദീകരിക്കുന്നു.

അൾസ്റ്ററിൽ ഉപയോഗിച്ചപോലുള്ള പ്ലാസ്റ്റിക്ക് ബുള്ളററുകൾ പോലീസ് സംഭരിച്ചുവരുന്നുണ്ട്. പ്രകടനങ്ങൾ പിരിച്ചുവിടാനും അമർച്ചചെയ്യാനും വേണ്ടിത്തന്നെയാണിത്. പ്ലാസ്റ്റിക്ക് ബുള്ളററിന്ന് നാലിഞ്ച് നീളവും ഒന്നര ഇഞ്ച് വീതിയും നാലര ഔൺസ് തൂക്കവുമുണ്ട്. 1987-ലെ പ്രതിഷേധപ്രക്ഷോഭങ്ങൾക്കശേഷം ഇംഗ്ലണ്ടിൽ 15 പോലീസ് ഗ്രൂപ്പുകൾ പ്ലാസ്റ്റിക്ക് ബുള്ളററിൻെറയും സി. എസ്. ഗ്യാസിൻെറയും സ്റ്റോക്കുകൾ ഉണ്ടാക്കിവന്നിട്ടുണ്ട്. പോലീസിൻെറ പക്കൽ 20,000 പ്ലാസ്റ്റിക്ക് ബുള്ളററുകൾ ഉണ്ടെന്ന് ഹോം ഓഫീസ് ഈയിടെ സ്ഥിരീകരിച്ചു. ''ആവശ്യമെങ്കിൽ'' പ്ലാസ്റ്റിക്ക് ബുള്ളററും സി. എൻ. ഗ്യാസും ഉപയോഗിക്കാനുള്ള തീരുമാനം സ്കോട്ട്ലാണ്ട് യാർഡിൻെറ മുഖ്യൻ കെനത്ത് ന്യൂമാൻ എടുത്തിരിക്കുന്നു. പലകൊല്ലം അൾസ്ററർ റോയൽ പോലീസിൻെറ ചീഫ് കോൺസ്റ്റബിൾ ആയി പ്രവർത്തിച്ച ന്യൂമാൻ പ്രകടനക്കാർക്കെതിരെ സി. എസ്. ഗ്യാസും പ്ലാസ്റ്റിക്ക് ബുള്ളററും ഉപയോഗി

ക്കാൻ നിരവധി തവണ കൽപന നൽകിയിട്ടുള്ള ആളാണ്.

പ്ലാസ്റ്റിക്ക് ബുള്ളററ് നേരിട്ട് ശരീരത്തിൽ വന്നുകൊണ്ടാൽ ഗുരുതരമായ പരിക്കേൽക്കുമെന്ന് ബാല്ലിസ്റ്റിക്ക് പഠനങ്ങൾ കാട്ടുന്നു. തലയോടിന്നും മർമ്മപ്രധാനമായ മററ് അവയവങ്ങൾക്കും അത് ഹാനിവരുത്തും. ഇത്തരം ബുള്ളററുകൾ ഇംഗ്ലണ്ടിൽ ഇതുവരെ ഉപയോഗിച്ചിട്ടില്ല. എന്നാൽ സി. എസ്. ഗ്യാസ് ലിവർ പൂളിലെ ടോക്സ്ടെത്ത് എന്ന വെള്ളക്കാരല്ലാത്തവർ വസിക്കുന്ന സ്ഥലത്ത് പ്രയോഗിക്കപ്പെട്ടു. അവിടുത്തെ ചീഫ് കോൺസ്റ്റബിളായ കെന്നത്ത് ഓക്സ്ഫോർഡിൻെറ കൽപനപ്രകാരം ഈ വാതകത്തിൻെറ 70-ലധികം സിലിണ്ടറുകൾ ഉപയോഗിക്കപ്പെട്ടു. കെട്ടിടങ്ങളുടെ ചുവരുകളിൽ ദ്വാരങ്ങൾ തുരക്കാൻ ഉപയോഗിക്കുന്ന ആൻറി-ബാരിക്കേഡ് ഫെററ് വെടിയുണ്ടകളും ''അബദ്ധവശാൽ'' ആണത്രെ പ്രയോഗിക്കപ്പെട്ടു.

ഈയിടെ സ്ക്കോട്ട്ലാണ്ട്യാർഡ് ''ലഹള നിയന്ത്രണ''രീതികൾ പരീക്ഷിക്കുന്നതിന്ന് ഉപയോഗിക്കുന്ന ഒരു പ്രത്യേക പരീക്ഷണക്കളത്തിലേക്ക് ഒരു സംഘം പത്രപ്രവർത്തകരെ ക്ഷണിച്ചു. എന്തിന്ന്? പോലീസ് സന്നാഹങ്ങളെക്കുറിച്ച് പത്രങ്ങൾ പരസ്യപ്പെടുത്തണമായിരുന്നു. സിവിലവകാശങ്ങൾക്കുവേണ്ടിയുള്ള പ്രക്ഷോഭങ്ങളിൽ പങ്കെടുക്കുന്നവരെ മിരട്ടാനുള്ള പരസ്യം. ലണ്ടൻെറ പടിഞ്ഞാറുഭാഗത്ത് 1980-ൽ ഒരു തുറന്ന സ്ഥലമായിരുന്ന ഇടത്താണ് പരീക്ഷണക്കളം സ്ഥാപിച്ചിരുന്നത്. 1985-ലെ ''തപ്തശരത്തി''ലെ സംഭവങ്ങൾക്ക്ശേഷം ഒരു പ്രത്യേക ''ലഹളപ്പട്ടണം'' അവിടെ പണിതുയർത്തി. യഥാർത്ഥ പട്ടണങ്ങളിൽ ഉള്ളവയിൽനിന്ന് ഒട്ടും വ്യത്യസ്തമല്ലാത്ത തെരുവുകളും വീടുകളും ഫ്ലാററുകളും ''ലഹളപ്പട്ടണ''ത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

പോലീസിന്റെ പ്രകടനം തുടങ്ങി. ഉരുക്കുതൊപ്പികളും സംരക്ഷണ കവചങ്ങളും ധരിച്ച് ബാററണുകരം ഏന്തിയ പോലീസ് സാധാരണ പഥികരുടെ വേഷംധരിച്ചു ''പ്രക്ഷോഭം'' നടത്തിയ സഹപ്രവർത്തകരെ ''അമർച്ച'' ചെയ്തു. ഒരു വടി ഉയർത്തി ഭീഷണി മുഴക്കിയ ഒരു ''ഭ്രാന്തൻ തെമ്മാടി''യെ പോലീസ് ഒരു മുറിയിലേക്ക് ചാടിക്കയറി എങ്ങിനെ ''നിരായുധനാ''ക്കി എന്നും കാട്ടപ്പെട്ടു. ഉത്തര അയർലാണ്ടിൽ ഉപയോഗിച്ചതരം പ്ലാസ്റ്റിക്ക് ബുള്ളററ്കൊണ്ട് ഒരു പോലീസുകാരൻ ''പ്രകടനക്കാർക്ക്'' എതിരെ വെടിവെച്ചതായിരുന്നു പരിപാടിയുടെ ഗംഭീരമായ അന്ത്യം.

# V. വംശമേൻമാവാദത്തിന്ന് പരസ്യം

**ഷെറി** ഗ്രോസ് മരിച്ചത് എങ്ങിനെ, എന്തു സാഹചര്യത്തിലാണ്?

ഈ ചോദ്യത്തിന്ന് ഉത്തരം പറയവെ ബഹുജന മാധ്യമങ്ങരം പോലീസിൻെറ പങ്ക് ഒളിച്ചുവെക്കുകയും പൊതുജനത്തിന്ന് തെററായ വിവരം നൽകുകയും ചെയ്തു. *ഗാർഡിയൻ* എഴുതി: ''മിസിസ്സ് ഗ്രോസിന്ന് ജീവനുണ്ടായിരുന്നെന്നും അവർ ഭദ്രമായ സ്ഥിതിയിലായിരുന്നു എന്നും പിന്നിലല്ല, ചുമലിലാണ് അവക്ക് വെടിയേററതെന്നും ഉള്ള വാർത്താപ്രക്ഷേപണങ്ങരം വ്യാപകമായി അവിശ്വസിക്കപ്പെട്ടു. പോലീസുമായി കൂട്ടിലായിരുന്ന സ്റ്റേററ് നിയന്ത്രണത്തിലുള്ള വാർത്താ ഏജൻസികരം കരുതിക്കൂട്ടി പ്രചരിപ്പിച്ച തെററായ വിവരങ്ങളായി അവ എഴുതിത്തള്ളപ്പെട്ടു''.

''ഗെറേറാ'' നിവാസികളുടെ സംശയങ്ങരം പൂർണ്ണമായി സ്ഥിരീകരിക്കപ്പെടുകയുണ്ടായി. പോലീസ് ഷെറിഗ്രോസിനെ പരുക്കേൽപിക്കുകയല്ല, കൊല്ലുകയാണ് ചെയ്തത്. ബ്രിക്സ്റ്റണിൽ അസ്വാസ്ഥ്യത്തിന്ന് തിരികൊളുത്തിയത് ഈ സംഭവമാണ്. പത്രങ്ങരം തെററായ വിവരങ്ങരം പ്രചരിപ്പിക്കുന്നതിൻെറ ഉദാഹരണങ്ങളിൽ ഒന്നുമാത്രമേ ഞാനിവിടെ പറഞ്ഞിട്ടുള്ളൂ. വ്യാജങ്ങളുടെതായ്, വംശമേൻമാവാദത്തെ അനുകൂലിക്കുകയും ബ്രിട്ടനിലെ വംശീയ പ്രശ്നത്തിൻെറ സാരാംശത്തെ വളച്ചൊടിച്ചവതരിപ്പിക്കുകയും ചെയ്യുന്നതിൻെറതായ, യഥാർ

ത്ഥത്തിൽ കരുതിക്കൂട്ടിയുള്ള, വലിയൊരു തന്ത്രമാണിത്.

ബ്രിട്ടീഷ് രാഷ്ട്രീയനേതാക്കൾ വംശീയപ്രതിസന്ധിയെ ക്രിമിനൽ പ്രതിഭാസങ്ങളുടെ വിഭാഗത്തിലേക്ക് തള്ളിനീക്കുന്നു. 1985-ലെ ''ശപ്തശരത്തി''ലെ ''ലഹളകളെ'' ഗെറേറാകളിലെ ജീവിതസാഹചര്യങ്ങളുമായി ബന്ധപ്പെടുത്തേണ്ട കാരണമില്ലെന്നാണ് ഹോം സെക്രട്ടറി ഡഗ്ലസ്ഹർഡ് ഗവർമ്മെണ്ടിൻെറ പേരിൽ പ്രഖ്യാപിച്ചത്. ആ സംഘട്ടനങ്ങൾ ''തെമ്മാടികൂട്ടങ്ങളുടെയും ക്രിമിനൽ വിഭാഗങ്ങളുടെ''യും പണിയായിരുന്നെന്ന് ഹർഡ് പറഞ്ഞു. ''വൻകിട'' ബൂർഷ്വാ പത്രങ്ങൾ ഈ നിലപാട് പരസ്യപ്പെടുത്തുന്ന ജോലി ഏറെറടുത്തു. ഹർഡിൻെറ പ്രസ്താവന ''വളരെ കൃത്യവും സമയോചിതവു''മാണെന്ന് ബഹുജനമാധ്യമങ്ങൾ വിശേഷിപ്പിച്ചു. തീർച്ചയായും അവ അദ്ദേഹത്തിൻെറ വീക്ഷണത്തെ കൂടുതൽ ''കൂർപ്പിക്കുക''യും ചെയ്തു.

*ഡെയ്ലി എക്സ്പ്രസ്സ്, ഡെയ്ലി മെയിൽ, സൺ* എന്നീ പത്രങ്ങൾ വംശീയന്യൂനപക്ഷങ്ങൾ ''അവരുടെ സ്വഭാവംകൊണ്ടുതന്നെ'' കുററം ചെയ്യാൻ ചായ്വുള്ളവരാണെന്ന് തട്ടിവിട്ടു. *സൺ* കേഡികളെന്ന് അർത്ഥംവരുന്ന തലക്കെട്ടോടെ ഒരു ലേഖനം പ്രസിദ്ധീകരിച്ചു. *ഡെയ്ലി എക്സ്പ്രസ്സ്* അതിൻെറ മുൻപേജിൽ കയ്യിൽ കുപ്പിയുമായി നിൽക്കുന്ന ഒരു കറുത്ത ആളുടെ പടം കൊടുത്തു. ''കയ്യിൽ ഒരു സ്ഫോടനകുപ്പിയും ഹൃദയത്തിൽ എരിയുന്ന പകയുമായി ഇതാ അയാൾ ഉറച്ചു നടക്കുന്നു'' എന്നായിരുന്നു പടത്തിന്നുള്ള തലക്കെട്ട്.

*ഡെയ്ലി മെയിൽ* ഗെറേറായിലെ സംഭവങ്ങളെ രണ്ടാം ലോകയുദ്ധകാലത്തിലേതിനോട് താരതമ്യപ്പെടുത്തി. അന്ന് ബ്രിട്ടനിലെ സകല ജനങ്ങളും ഒരു വിദേശശത്രുവിനെതിരായ സമരത്തിൻെറ വികാരം

കൊണ്ടു ഐക്യബദ്ധരായിരുന്നെന്നും എന്നാൽ ഇന്നു ഈ നാട്ടിലെ ആരാക്കാർതന്നെ ജീർണ്ണിക്കുന്ന നഗരപ്രാന്തത്തെ ഒരു ബൈറൂട്ടാക്കി മാററി എന്നും പത്രം എഴുതി. കഴപ്പത്തിൻെറ യഥാർത്ഥ കാരണങ്ങളെപ്പററി ഒരു വാക്കുമുണ്ടായിരുന്നില്ലെന്ന് എടുത്തുപറയേണ്ടതില്ലല്ലൊ.

വംശീയപ്രശ്നത്തെപ്പററി ബഹുജനമാദ്ധ്യമങ്ങളുടെ വിലയിരുത്തലുകരം നീണ്ടകാലമായുള്ള സ്ഥിരം രൂപങ്ങളുടെ അടിത്തറയിൻമേലാണ് നിലകൊള്ളുന്നത്. ''എന്നാൽ വെള്ളക്കാരല്ലാത്തവർ മൊത്തത്തിൽ ബ്രിട്ടീഷ് സമൂഹത്തിൻെറ ഒരവിഭാജ്യഭാഗമായി ഒരിക്കലും ചിത്രീകരിക്കപ്പെട്ടിട്ടില്ലെന്നതാണ് ഏററവും പ്രധാനം'' എന്ന് യുനെസ്കൊ നടത്തിയ ഒരു പഠനം പറയുന്നു. ''ബ്രിട്ടൻ ഒരു ബഹുവംശീയ സമൂഹമായി അംഗീകരിക്കപ്പെടുന്നില്ല പകരം പത്രങ്ങരം വെള്ളക്കാരുടെ ഒരു സമൂഹമെന്ന നിലയിലാണ് ബ്രിട്ടൻെറ പ്രതിരൂപത്തെ പ്രതിബിംബിച്ചുവന്നിട്ടുള്ളത്. വെള്ളക്കാരല്ലാത്തവർ ഈ സമൂഹത്തിൽ 'പെട്ടവരായല്ല', പ്രത്യുത ഒരുതരം അപഭ്രംശമോ ഒരു പ്രശ്നമോ വെറുമൊരു വൈലക്ഷണ്യമോ ആയി വീക്ഷിക്കപ്പെടുന്നു. മുഴുവൻ ദേശീയപത്രങ്ങളും, അവയുടെ എഡിറേറാറിയൽ നിലപാട് എന്തായാലും, വാർത്താ റിപ്പോർട്ടിങ്ങിൽ ശ്രദ്ധേയമായ വമ്പിച്ച സാദൃശ്യം കാട്ടുന്നതിനാൽ ഇതിന്ന് കൂടുതലായ ശക്തി നൽകപ്പെടുന്നു.

വംശീയപ്രചരണത്തിൻെറ ഫലമെന്തെന്നതിന്ന് ഒരു ദൃഷ്ടാന്തമിതാ. 1981-ൽ ബ്രിട്ടൻെറ വിവിധ നഗരങ്ങളിൻ 15-നും 24-നും ഇടക്ക് പ്രായമുള്ള യുവാക്കളുടെ ഇടയിൽ നടത്തിയ ഒരു അഭിപ്രായ പരിശോധനയിൽ 39 ശതമാനംപേർ ബ്രിട്ടനിൽ ഒരു കോടിയിലധികം ''വെള്ളക്കാരല്ലാത്തവർ'' ഉള്ളതായി വിശ്വസിക്കുന്നു എന്നും വേറെ 17 ശതമാനംപേർ ഇവരുടെ

സംഖ്യ 50 ലക്ഷത്തിന്നും ഒരു കോടിക്കും ഇടയിലാണെന്ന് കരുതുന്നു എന്നും കണ്ടു. ബ്രിട്ടനിൽ ''വെള്ളക്കാരല്ലാത്തവർ'' 25 ലക്ഷത്തോളമാണെന്നതാണ് യാഥാർത്ഥ്യം.

യുവാക്കരം ഇങ്ങിനെ ധരിച്ചുവെച്ചതിന്നുള്ള മുഖ്യ കാരണം കുടിയേററ''പ്രവാഹ''ങ്ങളെപ്പററി ബഹുജനമാദ്ധ്യമങ്ങരം അതിശയോക്തിപരമായി എഴുതിയതാണ് (ഈ മാധ്യമങ്ങളിൽ മിക്കവെയും ടോറികളുടെ നയത്തെ പിന്താങ്ങുന്നവയത്രെ). ''കുടിയേററക്കാരെ'' സംബന്ധിച്ച് ഗവർമ്മെണ്ട് സ്വീകരിക്കേണ്ട നയം ഏതെന്ന ചോദ്യത്തിന്ന് യുവാക്കളിൽ പകുതിയോളം ''നിർബ്ബന്ധ''മായോ ''വളണ്ടറി'' ആയോ കുടിയേററക്കാരെ അവരവരുടെ നാടുകളിലേക്ക് തിരിച്ചയക്കുക് എന്ന നയത്തെയാണ് അനുകൂലിച്ചത്.

രാഷ്ട്രീയ-സാമ്പത്തിക ആസൂത്രണം എന്ന സംഘടനയുടെ റിപ്പോർട്ടിൽ ഇങ്ങിനെ ചൂണ്ടിക്കാട്ടി: ''ബ്രിട്ടനിലെ വംശീയന്യൂനപക്ഷ ഗ്രൂപ്പുകളിൽ പെട്ടവരുടെ എണ്ണം പെരുപ്പിച്ചുപറയാൻ ഒട്ടേറെ പേർ താൽപര്യം കാട്ടുന്നു എന്നത് വെള്ളക്കാരുടെ മനഃശാസ്ത്രത്തിൻെറ ഒരു പ്രതിഫലനമാണ്. കുടിയേററത്തിന്നെതിരെ പ്രചരണം നടത്തുന്നവർക്ക് അതിൽ സ്പഷ്ടമായും താൽപര്യമുണ്ട്. പക്ഷെ പൊതുഭരണാധികാരികളും ഗവേഷണപ്രോജക്ടുകരം നടപ്പാക്കുന്നവർപോലുമടക്കം ഉത്തരവാദിത്തബോധമുള്ള പലർ മനപ്പൂർവ്വമല്ലാതെ അതുതന്നെ ചെയ്യുന്നു എന്നാണ് ഞങ്ങളുടെ ഗവേഷണം കാട്ടിയത്. ഉദാഹരണത്തിന്ന് പ്രാദേശിക പാർപ്പിട അതോറിററിയുടെ ഡയറക്ടർമാർ തങ്ങളുടെ ഏറിയകളിലെ ഏഷ്യക്കാരുടെയും വെസ്റ്റ്ഇൻഡീസ്കാരുടെയും എണ്ണം പെരുപ്പിച്ചുപറയാൻ ചായ്വ് കാട്ടുന്നു. അവരുടെ ഡിപ്പാർട്ട്മെൻറുകരം സ്ഥിവിവരക്കണക്കുകരം പ്രത്യേകം വിശകലനം ചെയ്യുന്നുണ്ടെങ്കിലും പൊതുവിൽ ന്യൂനപക്ഷ താമസക്കാരുടെ എണ്ണം താരതമ്യേന കുറവാ

ണെന്നതാണ് വസ്തുതയെന്നിരിക്കിലും ഇതാണ് സ്ഥിതി.''

സാധാരണ ബ്രിട്ടീഷ് പൗരൻമാരെ പല കൊല്ലം ''മസ്തിഷ്ക്കപ്രക്ഷാളനം'' നടത്തിയതിൻെറ, യഥാർത്ഥ വസ്തുതകൾ അവനിൽനിന്ന് ഒളിച്ചുവെച്ചതിൻെറ ഫലമാണിത്. സ്ഥിരരൂപങ്ങളുടെ സൃഷ്ടിയുടെ ഒരു പ്രശ്നമാണത്. പത്രങ്ങൾ ഈ സ്ഥിരരൂപങ്ങൾ എന്തു ഉള്ളടക്കംകൊണ്ടാണ് നിറക്കുക?

ലേഖനങ്ങളുടെയും റിപ്പോർട്ടുകളുടെയും ശീർഷകങ്ങളും ബാനർ തലക്കെട്ടുകളുംതന്നെ അജ്ഞേയററം കരുതിക്കൂട്ടിയുള്ളവയാണെന്ന് ഗവേഷകർ പറയുന്നു. അക്രമത്തെ കുറിക്കുന്ന വാക്കുകൾ അടങ്ങിയവയാണവ. ''പക'', ''കൊല'', ''ആക്രമണം'', ''വിപത്ത്'' എന്നിങ്ങനെയും ''കടിഞ്ഞാണിടൽ'', ''നിരോധിക്കൽ'', ''മതിൽ കെട്ടൽ'' എന്നിങ്ങനെയും ഉള്ള പദങ്ങൾ അടങ്ങിയവ. ''വംശം'' അഥവാ ''വെള്ളക്കാരല്ലാത്തവർ'' എന്നീ വാക്കുകൾ പലപ്പോഴും സംഘട്ടനത്തേയോ അക്രമത്തേയോ സൂചിപ്പിക്കുന്ന വാക്കുകളോടൊപ്പം വരുന്നു. തലക്കെട്ടുകൾ മാത്രം വായിച്ച് സ്ഥിതിയെക്കുറിച്ചൊരഭിപ്രായം രൂപീകരിക്കുന്ന ആൾക്ക് ''വംശം'' എന്ന സങ്കൽപം സംഘട്ടനങ്ങളുമായും അക്രമവുമായും ബന്ധപ്പെടുത്തിയിരിക്കുമെന്ന് ഗവേഷകർ ചൂണ്ടിക്കാട്ടുന്നു. തലക്കെട്ട് മാത്രം വായിച്ച് സ്ഥിതിയുടെ രൂപം മനസ്സിലാക്കാൻ ആഗ്രഹിക്കുന്ന വായനക്കാരന് (36 ശതമാനം ആളുകളും അവർ അപൂർവ്വമായേ മുഴുവൻ വാർത്തയും വായിക്കാറുള്ളൂ എന്ന് പറഞ്ഞു) ''വംശം'' എന്ന പദം സംഘട്ടനവുമായും ബലപ്രയോഗവുമായും ബന്ധപ്പെട്ടതായിരിക്കുമെന്ന് പോൾഹാർട്ട്മാനും ചാൾസ് ഹസ്ബൻറും ചൂണ്ടിക്കാട്ടുന്നു. വംശീയ ശണ്ഠകളും ഏററുമുട്ടലുകളും, കൊല്ലലടക്കം, സാധാരണ സംഭവമായി അവർക്ക് തോന്നുന്നു.

വെള്ളക്കാരല്ലാത്തവരാണ് എല്ലാ പ്രയാസങ്ങളുടെയും ഉറവിടമെന്നും ''അവർ സമൂഹത്തിന്ന് ഒരു ഭീഷണി ഉയർത്തുന്നു'' എന്നും ബ്രിട്ടീഷ്കാരെ വിശ്വസിപ്പിക്കാൻ ബഹുജനമാദ്ധ്യമങ്ങൾ ശ്രമിക്കുന്നു. വെള്ളക്കാരല്ലാത്തവരുടെ എണ്ണം തുച്ഛമായിരിക്കുന്ന സ്ഥലങ്ങളിൽ, വെള്ളക്കാരും വെള്ളക്കാരല്ലാത്തവരും തമ്മിൽ മിക്കവാറും സമ്പർക്കങ്ങളേ ഇല്ലാത്ത സ്ഥലങ്ങളിൽ, വെള്ളക്കാരുടെ ഭീതികളും മുൻവിധികളും പ്രത്യേകിച്ചും ശക്തമാണ്.

രാഷ്ട്രീയക്കാരും നാഷനൽ ഫ്രണ്ട് ഫാസിസ്റ്റുകളും പത്രങ്ങളും സൃഷ്ടിച്ച അത്തരം ഭയങ്ങൾക്കും മുൻവിധികൾക്കും കെട്ടുകഥകൾക്കുമുള്ള ചില ഉദാഹരണങ്ങൾ പറയാം. സാമൂഹ്യ ശാസ്ത്രജ്ഞനായ എസ്. പ്ലാററ് ലണ്ടനിലെ എക്സ്മൗത് എസ്റ്റേററ് താൻ സന്ദർശിച്ചതിനെപ്പററി ഒരു വിവരണംനൽകി. ആ സ്ഥലവാസികൾ തങ്ങളുടെ പ്രദേശത്തിലെ ''വെള്ളക്കാരല്ലാത്തവരുടെ'' കുടിപാർപ്പിടം നിരോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു നിവേദനം നൽകിയിരുന്നു. ഇത്ര നഗ്നമായ ഒരു വംശവെറിയൻ നിവേദനം എങ്ങിനെ ഉണ്ടായി? എക്സ്മൗത് നിവാസികൾ അവതരിപ്പിച്ച വാദമുഖങ്ങൾ പ്ലാററ് ഉദ്ധരിക്കുന്നു. ''ബ്യൂമോണ്ട് സ്ക്വയറിൽ ഇന്ത്യക്കാർ തമ്മിൽ നടന്ന ഒരു പോരാട്ടത്തെപ്പററി അവർ എന്നോട് പറഞ്ഞു. വെള്ളക്കാരുടെ ഒരു കുടുംബം പോലീസിനെ വിളിച്ചു. എന്നാൽ സമാധാനലംഘനത്തിന്ന് അവർതന്നെ അറസ്റ്റുചെയ്യപ്പെട്ടുവത്രെ. 24 മണിക്കൂറും തുന്നൽ യന്ത്രങ്ങൾ പ്രവർത്തിപ്പിച്ചിരുന്ന ഏഷ്യൻ കുടുംബങ്ങളുടെ നടുവിൽ കഴിഞ്ഞിരുന്ന ഒരു വെള്ളക്കാരിയെപ്പററി പറഞ്ഞതും ഞാൻ കേട്ടു. അവർ കൗൺസിലുമായി ഫോണിൽ ബന്ധപ്പെട്ടപ്പോൾ അവരുടെ ദേശീയത എന്തെന്ന് ഉദ്യോഗസ്ഥൻ ചോദിച്ചു എന്നും 'ഇംഗ്ലീഷ്കാരി' എന്ന് പറഞ്ഞപ്പോൾ ഫോൺ താഴെ വെച്ചുവെന്നും. ഒരു ഏഷ്യൻ ഡോക്ടർ ചികിത്സി

ക്കാൻ വിസമ്മതിച്ചതിനാൽ വെള്ളക്കാരനായ ഒരു കുട്ടി ശ്വാസംമുട്ടി മരിച്ച കേസുമുണ്ട്. ഒരു സ്ത്രീ ഒരു കറുത്ത ആളെ വിവാഹംചെയ്തതിനാൽ ഏഷ്യക്കാർ അവരെ പീഢിപ്പിച്ചുവത്രെ. കൗൺസിൽ മന്ദിരം ഒരം പള്ളിയായി ഉപയോഗിക്കപ്പെട്ടതാണ് മററൊരു സംഭവം. 'അര ഡസൻ വ്യത്യസ്ത കുടുംബങ്ങളെ' കൗൺസിൽ അവിടെനിന്ന് മാററിപ്പാർപ്പിച്ചുവത്രെ. പിന്നെ ഓരോ ഏഷ്യൻ കുടുംബത്തിന്നും രണ്ടു ടോയ്ലററുകളും കുളിമുറികളും ഉള്ള വീടുകഠം നൽകേണ്ടി വരുന്നതിനെക്കുറിച്ചുള്ള പരാതി. 'മുസ്ലീങ്ങഠംക്ക് ഒരേ സൗകര്യങ്ങഠം ഉപയോഗിക്കാൻ കഴിയാത്ത'തിനാലാണിത്. പിന്നെ എല്ലാ കറുത്തവർക്കും ''അവർ ഉഷ്ണരാജ്യങ്ങളിൽനിന്ന് വരുന്നവരാകയാൽ സെൻട്രൽ ഹീററിങ്ങ് നൽകുന്നതിനെയും വെള്ളക്കാർക്ക് അത് നൽകാത്തതിനെയും കുറിച്ച്. 'ജീവിതകാലം മുഴുവൻ ഇവിടെ കഴിഞ്ഞവരും താണ ശരീരോഷ്മാവ് കാരണം മരിക്കുകയുംചെയ്യുന്ന വൃദ്ധരുടെ കാര്യമോ? അവർക്കെന്തുകൊണ്ട് സെൻട്രൽ ഹീററിങ്ങു കൊടുത്തുകൂട?' ഒരു സ്ത്രീ ചോദിച്ചു. ഞാൻ മേൽവിലാസങ്ങളും പേരുകളും തീയതികളും വിശദാംശങ്ങളും അന്വേഷിച്ചു. ഓരോ സംഗതിയെപ്പററിയും നിർബ്ബന്ധിച്ചു ചോദിച്ചപ്പോഠം ഒന്നൊഴിയാതെ എല്ലാവരും തങ്ങഠം അത് ആരോ പറഞ്ഞുകേട്ടതാണെന്നും എവിടെയോ വായിച്ചതാണെന്നും സമ്മതിച്ചു''.

ഇതിൽനിന്നെല്ലാമുള്ള നിഗമനങ്ങഠം പ്ലാററ് വിവരിക്കുന്നു: ''എക്സ് മൗത്ത് എസ്റ്റേററ് നിവാസികളെ അജ്ഞമായ മതഭ്രാന്തർ എന്ന് ചിത്രീകരിക്കുന്നത് എളുപ്പമായിരിക്കും. എന്നാൽ മററുവിധത്തിൽ സൗഹൃദമനസ്ക്കരും ഉദാരശീലരും ദാക്ഷിണ്യമുള്ളവരും പരോപകാരികളും ഊഷ്മളഹൃദയരുമാണവർ. ഈ വൈപരീത്യമാണ് തൊഴിലാളിവർഗ്ഗ വംശമേൻമാവാദത്തെ ഇത്ര അസ്വസ്ഥജനകവും കൈകാര്യംചെയ്യാൻ ബുദ്ധിമുട്ടുള്ളതുമാക്കുന്നത്. സുചി

ന്തിതമല്ലാത്ത വംശീയവിരുദ്ധ പ്രതികരണം നിഷ്ഫലമാക്കുന്നതും അതാണ്''. വംശീയ കെട്ടുകഥയോടുള്ള തന്റെ പരിഹാസം പ്ലാററ് ഒളിച്ചുവെക്കുന്നില്ല. എന്നാൽ അദ്ദേഹം അതിന്റെ സൃഷ്ടിയുടെ രീതി വെളിപ്പെടുത്താനോ ''വെള്ളക്കാരല്ലാത്തവരോ''ട് വെള്ളക്കാരുടെ സമീപനങ്ങളുടെ മനശ്ശാസ്ത്രപരമായ കാലാവസ്ഥയെ നിർണ്ണയിക്കുന്ന അത്തരം കെട്ടുകഥയിൽ ആർക്ക് എന്തുകൊണ്ടാണ് താല്പര്യമെന്ന് മനസ്സിലാക്കാനോ ശ്രമിക്കുന്നില്ല. ''സുചിന്തിതമല്ലാത്ത വംശീയ വിരുദ്ധ പ്രതികരണം'' സംബന്ധിച്ച അദ്ദേഹത്തിന്റെ അഭിപ്രായ പ്രകടനം വംശീയ ഭീകരതയിൽനിന്ന് സ്വയം രക്ഷിക്കാൻ ശ്രമിച്ചതിനായി വിചാരണചെയ്യപ്പെട്ടവരുടെ മേൽ പത്രങ്ങൾ നടത്തിയ ആക്രമണങ്ങളെപോലെതന്നെയിരിക്കുന്നു...

27-ാം സി. പി. എസ്. യു. കോൺഗ്രസ്സിൽ മിഖയിൽ ഗോർബച്ചേവ് ഇങ്ങിനെ ഊന്നിപ്പറഞ്ഞു: ''ഇന്നത്തെ മുതലാളിത്തം, അതിന്റെ ചൂഷകസ്വഭാവത്തിൽ മാററംവന്നിട്ടില്ലെങ്കിലും, 20-ാം നൂററാണ്ടിന്റെ ആദ്യത്തിലെ എന്നല്ല, മധ്യത്തിലെപോലും മുതലാളിത്തത്തിൽനിന്ന് പലതരത്തിലും വ്യത്യസ്തമാണ്. വൻതോതിൽ വളർന്ന ഉല്പാദകശക്തികളും സ്വകാര്യ ഉടമസ്ഥതാപരമായ സാമൂഹ്യബന്ധങ്ങളും തമ്മിലുള്ള സംഘട്ടനം ശാസ്ത്രീയ-സാങ്കേതിക വിപ്ലവത്തിന്റെ സ്വാധീനത്തിലും അതിന്റെ പശ്ചാത്തലത്തിലും കൂടുതൽ രൂക്ഷമായിത്തീർന്നു. തൊഴിലില്ലായ്മ വർദ്ധിക്കുകയും സാമൂഹ്യപ്രശ്നങ്ങളുടെ വ്യൂഹമാകെ കൂടുതൽ വഷളായിത്തീരുകയും ചെയ്തു...പിന്തിരിപ്പൻമാർ ഉടനീളം—ആഭ്യന്തര-വിദേശനയത്തിലും സമ്പദ്വിധാനത്തിലും സംസ്ക്കാരത്തിലും മാനുഷികപ്രതിഭയുടെ സിദ്ധികൾ വിനിയോഗിക്കുന്നതിലും—കടുത്ത സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുന്നു. യാഥാസ്ഥികവാദത്തിന്റെ പാരമ്പരികരൂപങ്ങൾ സ്വേച്ഛാധിപത്യപ്രവണതകൾക്ക് സ്ഥലമൊഴിഞ്ഞുകൊടുക്കുന്നു.''

വംശമേൻമാവാദം പിന്തിരപ്പൻ സമ്മർദ്ദത്തിന്റെ ഒരു പ്രകടനമാണ്. വംശമേൻമാവാദികഠം ബ്രിട്ടന്റെ യഥാർത്ഥ പ്രയാസങ്ങളെ—നീണ്ട സാമ്പത്തിക പ്രതിസന്ധിയേയും വിലക്കയററത്തേയും തൊഴിലില്ലായ്മയുടെ വളർച്ചയേയും—ചൂഷണം ചെയ്കയാണ്. പ്രതിസന്ധിയുടെയും അതിന്റെ ദുഷ്ഫലങ്ങളുടെയും ഭാരം സാധാരണ ബ്രിട്ടീഷ് പൗരൻ പേറേണ്ടിവരുന്നതിന്ന് ഉത്തരവാദികളായവർക്ക് വംശമേൻമാവാദം പ്രയോജനകരമാണ്. വർദ്ധിതമായ വംശീയ ശത്രുത സാമൂഹ്യതീവ്രവികാരങ്ങഠംക്ക് തീ കൊളുത്താൻ ഉപകരിക്കുന്നു.

പുത്തൻ നാസി ഭീകരതയും ''വെള്ളക്കാരല്ലാത്തവരു''ടെ കാര്യത്തിൽ അധികൃതരുടെ പ്രകോപനവും വംശീയ ''പൊരുത്തമില്ലായ്മ'' സംബന്ധിച്ച കപട-ശാസ്ത്രീയ സിദ്ധാന്തങ്ങളും മുഖേന വംശമേൻമാവാദം സ്വയം വിളംബരംചെയ്യുന്നതായി നാം കാണുന്നു. എന്നാൽ വംശമേൻമാവാദത്തിന്ന് ഓരൊററ അടിസ്ഥാനമാണുള്ളത്—ബൂർഷ്വാസിക്ക് എല്ലാ അദ്ധ്വാനിക്കുന്ന ജനങ്ങളുടെയും മേലുള്ള ചൂഷണം സുകരമാക്കാനും തൊഴിലാളിവർഗ്ഗ ഐക്യത്തെ ദുർബ്ബലമാക്കാനും ശ്രമിക്കുന്ന സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയവ്യവസ്ഥ. കുടിയേററ തൊഴിലാളികളുടെ നേരെ നാടുകടത്തൽവരെയുള്ള വിവേചനപരമായ നടപടികളുടെ അർത്ഥം ആ തൊഴിലാളികളുടെ അദ്ധ്വാനം ഉപയോഗപ്പെടുത്തുന്നത് ഉപേക്ഷിക്കുവാൻ കുത്തകകഠം ഉദ്ദേശിക്കുന്നുവെന്നല്ല ഇത് മുതലാളിമാർക്ക് സാമ്പത്തികമായും സാമൂഹ്യമായും രാഷ്ട്രീയമായും ലാഭകരമാണ്. വിദേശ മനുഷ്യശക്തിയുടെ ഉപയോഗം ഒരു ദൃഢസ്വഭാവം ആർജ്ജിച്ചിട്ടുണ്ട്. അത് മുതലാളിത്ത ചൂഷണത്തിന്റെ, വ്യവസായവൽക്കൃത പശ്ചിമ യൂറോപ്യൻ നാടുകളുടെ സാമ്പത്തിക സംവിധാനത്തിന്റെ ഘടനാപരമായ ഒരു സ്ഥിരം ഘടകമായിരിക്കുന്നു.

---

No. 527 CHENGANOOR P.O. KIDARAKUZHY

REG NO 3227

4566

JAWAHAR SMARAKA GRANDHA SALA
REG NO: 3273
VENGANOOR P.O.
KIDARAKUZHY

# ബ്രിട്ടനിലെ കറുത്ത ചേരികൾ

4566

GRANTHA SALA
REG. No: 3273
VENGANOOR P.O.

എഡ്ജർ ചെപ്പൊറോവ്

Indic Digital Archive Foundation
gpura.org